# മനാസ്സെ

(ക്രിസ്തീയ ക്ഷമ)

## ജോസ് നടയ്ക്കൽ

വചനപ്രഭ സീരീസ്

ആധാരവചനം

''പിതാവെ, അവരോട് ക്ഷമിക്കണമെ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല''

ലൂക്കാ. 23: 24

*(All rights of the producer and of the publisher of the work reproduced reserved )*

# സമർപ്പണം

ജന്മം നൽകി വിശ്വാസത്തിൽ വളർത്തി വലുതാക്കിയ
പ്രിയപ്പെട്ട എന്റെ ഇച്ചാച്ചനും അമ്മച്ചിക്കും....!!

## അനുഗ്രഹ സന്ദേശത്തിൽ നിന്ന്

## മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ

(താമരശ്ശേരി രൂപതയുടെ മെത്രാൻ)

യേശു തന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാരോട് പറഞ്ഞു. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.... രോഗശാന്തി നൽകുവിൻ'' മർക്കോ 16 : 15. ഈശോ യുടെ ഈ വചനങ്ങൾ സ്വീകരിച്ചുകൊണ്ട് ശിഷ്യന്മാർ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുകയും ആളുകളെ മാനസാന്തരപ്പെടുത്തുകയും സഭ സ്ഥാപി ക്കുകയും ചെയ്തു. സഭാംഗങ്ങളുടെ ഏറ്റവും വലിയ ഒരു ദൗത്യമാണ് സുവിശേഷ പ്രഘോഷണം. സുവിശേ ഷമെന്നാൽ ഈശോ തന്നെ. തൊട്ടടുത്തറിഞ്ഞ യേശു

വിനെ, അനുഭവിച്ചറിഞ്ഞ ഉത്ഥിതനായ ക്രിസ്തുവിനെ പ്രസംഗിക്കുവാനുള്ള കടമ എല്ലാ ക്രൈസ്തവനുമുണ്ട്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ യേശുവിനെ ഇനി യൊരിക്കലും കാണുകയില്ല. യേശുവിനോടൊപ്പം ആയിരിക്കാൻ ഇനിയൊരിക്കലും സാധിക്കുകയില്ല. അവൻ രാജ്യം സ്ഥാപിക്കുകയല്ല എന്നു ചിന്തിച്ചു കൊണ്ട് നിരാശപ്പെട്ട് പോകുന്ന ശിഷ്യന്മാർക്ക് ഉത്ഥിത നായ ക്രിസ്തുവിന്റെ അനുഭവം ഉണ്ടാകുമ്പോൾ വചന ത്തിലൂടെ വി. കുർബാനയിലൂടെ യേശു അനുഭവം വീണ്ടും സ്വന്തമാക്കിയ ശിഷ്യന്മാർ തിരികെ ജറുസലേമി ലേയ്ക്ക് വരികയാണ് സുവിശേഷം പ്രഘോഷിക്കു വാൻ...

ഓരോ ക്രൈസ്തവനും ഓരോ വിശ്വാസിക്കും സുവിശേഷം പ്രഘോഷിക്കുവാനുള്ള കടമയുണ്ട്. സുവി ശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം എന്നല്ലെ അപ്പസ്തോലൻ നമ്മെ പഠിപ്പിക്കുന്നത്. ‘‘സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രയോ സുന്ദരങ്ങൾ” എന്നഭിമാനത്തോടുകൂടി വിശേഷിപ്പിക്കുന്നതും മറ്റാരുമല്ലല്ലോ... സുവിശേഷം പ്രസംഗിക്കുവാനുള്ള കടമ മാർപാപ്പയിലോ, മെത്രാന്മാ രിലോ, വൈദീകരിലോ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അതെല്ലാ വിശ്വാസികൾക്കും ഉണ്ട്. വ്യത്യസ്തമായ മേഖ ലയിൽ, വ്യത്യസ്തമായ രീതികളിൽ, വ്യത്യസ്തമായ ശൈലികളിൽ ഈ കടമ നിക്ഷിപ്തമായിരിക്കുന്നു.

ഇതു തിരിച്ചറിഞ്ഞ് ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് നമ്മുടെ പ്രിയപ്പെട്ട ജോസ് നടയ്ക്കൽ. തന്റെ കഴിഞ്ഞകാല ജീവിതാനുഭവങ്ങളിൽ യേശുവിന്റെ വചനം തൊട്ടറിയുകയും, അത് തന്റെ ഹൃദയത്തിൽ സ്വന്തമാക്കുകയും, താനനുഭവിച്ചറിഞ്ഞ യേശുവിനെ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുന്ന വലിയൊരു പ്രേഷിത ദൗത്യം അദ്ദേഹം ഏറ്റെടുത്തിരിക്കുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ വ്യത്യസ്തമായ രീതികളിൽ പുതിയ വാർത്ത വിനിമയ മാധ്യമ സാധ്യതകൾ കണ്ടറിഞ്ഞ് അതിലൂടെയാണ് സുവിശേഷം പ്രസംഗിക്കുവാൻ, വചനം പങ്കുവയ്ക്കുവാൻ അദ്ദേഹം പരിശ്രമിക്കുന്നത്. ഇതിനെ ഭാഗമായി പുതുതായി മൂന്നാമത്തെ 'മനാസ്സെ' എന്ന എപ്പിസോഡ് പ്രസിദ്ധീകരിക്കുകയാണ്. ക്രിസ്തീയ ക്ഷമയുടെ മൂല്യം എത്രയുണ്ടെന്ന് ഈ എപ്പിസോഡ് വായിക്കുന്നവർക്ക്, വീക്ഷിക്കുന്നവർക്ക്, പരിശോധിക്കുന്നവർക്ക് മനസിലാക്കാൻ സാധിക്കും. തന്റെ ജീവിതാനുഭവത്തിലൂടെ, താൻ കണ്ടുമുട്ടിയ വ്യക്തികളിൽ ക്ഷമ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് അദ്ദേഹം മനോഹരമായി ഈ എപ്പിസോഡിൽ പങ്കുവയ്ക്കുന്നുണ്ട്. ഈ വചനം കേൾക്കുകയും വായിക്കുകയും ചെയ്യുന്നവർക്ക് ഇത് മാനസാന്തരത്തിലേയ്ക്കുള്ള വാതിൽ തുറക്കുകയും ചെയ്യട്ടെ എന്ന് ഞാനാശംസിക്കുകയാണ്... പ്രാർത്ഥിക്കുകയാണ്. എല്ലാവർക്ക് ദൈവാനുഗ്രഹം നേരുന്നു. നമ്മുടെ പ്രിയപ്പെട്ട

ജോസ് നടയ്ക്കലിന് കൂടുതൽ വചനം പങ്കുവയ്ക്കാനുള്ള കൃപ ലഭിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നല്ല ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

## <u>പ്രത്യേക നന്ദി</u>

*താമരശ്ശേരി രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന് വചനപ്രഭയുടെ പ്രത്യേക നന്ദിയും പ്രാർത്ഥനാമംഗളങ്ങളും നിറഞ്ഞ സ്നേഹത്തോടെ തികഞ്ഞ ആദരവോടെ അർപ്പിക്കുന്നു.*

സസ്നേഹം
ജോസ് നടയ്ക്കൽ

# മനാസ്സെ- ഉള്ളടക്കം


I. 1 : ആമുഖം.

2 : പുളിമാവ്

3 : പുളിമാവ് വരുത്തുന്ന വ്യതിയാനം

4 : കൃഷിയാണ് ക്ഷമ

5 : കടമെഴുതിത്തള്ളലാണ് ക്ഷമ

6 : കല്ലെടുത്തുമാറ്റലാണ് ക്ഷമ

7 : മനസിലാക്കലാണ് ക്ഷമ

8 : മനുഷ്യനെ മനസ്സിലാക്കണം

9 : പിശാചിനെ മനസിലാക്കണം

10 : സാത്താനാണ് ശത്രു

11 : പിശാചിന്റെ പ്രവർത്തന ശൈലി

12 : ദൈവത്തെ മനസ്സിലാക്കണം

13 : ദൈവീക പദ്ധതി മനസ്സിലാക്കണം

II. 1 : ക്ഷമയുടെ പ്രതിഫലം

2 : രോഗശാന്തി

3 : സമാധാനം

4 : സമ്പത്ത്

5 : ആരോഗ്യം, ആയുസ്സ്, സൗന്ദര്യം

6 : ക്ഷമയുടെ ആത്മീയ ഫലങ്ങൾ

7 : മനാസ്സെ (നീ മറക്കണം)

III. 1 : ക്ഷമയുടെ മാതൃക യേശു

2 : പരിഹാരം ചെയ്യിക്കാത്ത ക്ഷമ

3 : പരിഹാരബലിയുടെ ഫലങ്ങൾ

4 : മറക്കുന്ന ക്ഷമ, പ്രാർത്ഥിക്കുന്ന ക്ഷമ

5 : ക്ഷമ ചോദിക്കണം

IV. 1 : പ്രതികാരത്തിന്റെ ദുരന്തമുഖം

2 : പ്രകാശ ഗോപുരങ്ങൾ

3 : പ്രാർത്ഥന സമർപ്പണം

4 : സൗഖ്യ ഗീതങ്ങൾ


## ആമുഖം

ഈശോയിൽ പ്രിയ സഹോദരങ്ങളെ, വചന പ്രഘോഷണ പരമ്പരയിലെ - ആദ്യത്തെ ഒന്നും രണ്ടും എപ്പിസോഡുകളായി നൊമ്പരം, അഗാപ്പെ എന്നീ തിരുവചന പ്രഘോഷണങ്ങൾ, നിങ്ങൾ ഹൃദയപൂർവ്വം സ്വീകരിച്ച് ദൈവാനുഗ്രഹം പ്രാപിക്കുന്നു

എന്നറിയുന്നതിൽ എനിക്കേറെ സന്തോഷമുണ്ട്. അതിനിടയാക്കിയ നല്ല ദൈവത്തിന് ആരാധനയും സ്തുതിയും കൃതജ്ഞതയും ഞാനർപ്പിക്കുന്നു. ഒപ്പം നിങ്ങളോരോരുത്തർക്കും ഹൃദയംഗമമായ നന്ദിയും ഞാൻ പ്രകാശിപ്പിക്കുന്നു. പിതൃസഹജമായ സ്നേഹവാത്സല്യങ്ങളോടെ എന്നെ അനുഗ്രഹിച്ചു വളർത്തുന്ന വത്സലരായ അഭി: പോൾ ചിറ്റിലപ്പള്ളി പിതാവിനും, അഭി. റെമീജിയൂസ് ഇഞ്ചനാനിയിൽ പിതാവിനും, ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിലും ഈ വചന പ്രഘോഷണ പരമ്പരയുടെ സ്ക്രിപ്റ്റുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ തരുന്ന ബഥാനിയാ ധ്യാനകേന്ദ്രം ഡയറക്ടർ, സ്നേഹ ബഹുമാനപ്പെട്ട ഡോ. ജെയിംസ് കിളിയനാനിക്കൽ അച്ചനും, പുല്ലൂരാംപാറ ഇടവക വികാരി ബഹു. എഫ്രേം പൊട്ടനാനിക്കലച്ചനും ബഹു. കുര്യൻ പുരമഠത്തിലച്ചനും മറ്റെല്ലാ വൈദീകർക്കും സന്യസ്തർക്കും ആത്മായർക്കും എന്റെ എളിയ നന്ദി ഞാൻ പ്രകാശിപ്പിക്കുന്നു.

'വചനപ്രഭ' ഇന്റർനെറ്റ് പ്രോഗ്രാമിന്റെയും സി. ഡി. പ്രോഗ്രാമിന്റെയും വിജയത്തിനായി പ്രാർത്ഥിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു. ഈ സുവിശേഷ പ്രവർത്തനത്തിൽ പരസ്പരം പങ്കാളികളാവാൻ നമുക്കവസരം തന്ന നല്ല ദൈവത്തിന് നന്ദി

പറഞ്ഞുകൊണ്ട് എന്റെ എളിയ പ്രാർത്ഥനയിൽ ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം സ്മരിച്ചു കൊണ്ട് മനാസ്സെ അഥവാ ക്രിസ്തീയ ക്ഷമ എന്ന ഈ തിരുവചന സന്ദേശം ശ്രവിക്കാൻ എല്ലാവ രെയും ഈശോയുടെ നാമത്തിൽ ഞാൻ സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

മനാസെ എന്ന ഈ മൂന്നാമത്തെ എപ്പിസോ ഡിൽ ക്രിസ്തീയ ക്ഷമ എന്ന വിഷയത്തെയാണ് നാം പഠനവിഷയമാക്കുക. അതുകൊണ്ട് തുടർന്ന് നാല് സുപ്രധാന ഭാഗങ്ങളാക്കിയിരിക്കും. ഈ വിഷയം വിശകലനം ചെയ്യുക.

1. എന്താണ് ക്രിസ്തീയ ക്ഷമ ?
2. ക്ഷമയുടെ ഫലങ്ങൾ എന്തെല്ലാം?
3. എങ്ങനെയാണ് ക്ഷമിക്കേണ്ടത് ?
4. പ്രതികാരത്തിന്റെ ദുരന്തമുഖം അഥവാ അന ന്തര ഫലങ്ങൾ എന്തെല്ലാം ?

ഈ വിധത്തിൽ വചനാധിഷ്ഠിതവും തത്വാധി ഷ്ഠിതമായി ഈ അന്വേഷണം പ്രാർത്ഥനയോടെ അവസാനിക്കുമ്പോൾ, ശ്രോതാക്കളിൽ നിന്ന് വർഷ ങ്ങളായി പോലും നിലനിന്നിരുന്ന വെറുപ്പിന്റെയും കുടിപ്പകയുടെയും അന്ധകാര ശക്തികൾ നിർവീര്യ മാവുകയും വിട്ടുപോവുകയും തൻമൂലം ശ്രോതാ ക്കൾക്ക് വലിയ വിടുതലിന്റെയും വിമോചനത്തി

ന്റെയും രോഗശാന്തിയുടെയും അനുഭവങ്ങൾ സ്വന്തമാക്കാൻ കഴിയുമെന്നും എനിക്കുറപ്പുണ്ട്. ഈ തിരുവചനം നമുക്ക് മനസ്സിലേക്ക് കൊണ്ടുവരാം. ലൂക്കാ. 24 : 25. വിശുദ്ധ ലിഖിതം ഗ്രഹിക്കാൻ തക്ക വിധം അവരുടെ മനസ് അവൻ തുറന്നു. തുടർന്നുള്ള തിരുമണിക്കൂറിൽ പരി. ആത്മാവ് വചനം കൊണ്ട് ഹൃദയവാതിലിൽ മുട്ടുമ്പോൾ, മലർക്കെ തുറന്നു കൊടുക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. വെറുപ്പിന്റെ മതിലുകൾ നശി ഷിക്കാനും, തകർക്കാനും, തകിടംമറിക്കുവാനും ഉള്ള കരുത്തിനായും, സ്നേഹത്തിന്റെ ഒരു നവ ജീവിതം പണിതുയർത്താനും, നട്ടുവളർത്താനുള്ള വരത്തിനായും, പരി. അമ്മയുടെയും സകല വിശു ദ്ധരുടെയും മാലാഖമാരുടെയും മാധ്യസ്ഥം യാചി ച്ചുകൊണ്ട് ഏറെ ശ്രദ്ധയോടെ, അതിലേറെ ഭക്തി യോടെ ഈ തിരുവചന ഭാഗം നമുക്ക് ശ്രദ്ധിക്കാം.

വി. മത്തായിയെഴുതിയ സുവിശേഷം അധ്യായം 5 വാക്യങ്ങൾ 43 മുതൽ 48 വരെ‘‘അയൽക്കാരനെ സ്നേഹിക്കുക,ശത്രുവിനെ ദ്വേഷിക്കുക എന്നു പറ ഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോട് പറയുന്നു: ശത്രുക്കളെ സ്നേഹി ക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും.അവി

ടുന്ന് ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും, നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കെന്തു പ്രതിഫലമാണു ലഭി ക്കുക? ;ചുങ്കകാർപോലും അതു തന്നെ ചെയ്യുന്നില്ലേ? സഹോദരങ്ങളെ മാത്രമേ നിങ്ങൾ അഭിവാദനം ചെയ്യുന്നുള്ളുവെങ്കിൽ വിശേഷവിധി യായി എന്താണു നിങ്ങൾ ചെയ്യുന്നത്? വിജാതീ യരും അതുതന്നെ ചെയ്യുന്നില്ലേ? അതുകൊണ്ട്, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണരാ യിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരി ക്കുവിൻ.''

നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

പ്രിയപ്പെട്ടവരെ, 'മനാസ്സെ' അഥവാ ക്രിസ്തീയ ക്ഷണ ആഴപ്പെട്ട പഠനമാകയാൽ നേരിട്ട് നമുക്ക് വിഷയത്തിലേയക്ക് പ്രവേശിക്കാം.

# ഭാഗം 1

## 1. ക്രിസ്തീയ ക്ഷമ എന്നാലെന്ത് ?

## I. 1. പുളിമാവ്

ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രസംഗ മധ്യേ വി. ഗ്രന്ഥത്തിൽ വ്യത്യസ്ത സ്ഥലങ്ങളിൽ വിവിധ അർത്ഥങ്ങളിൽ 'ഈശോ ഉപയോഗിക്കുന്ന പ്രധാന പ്പെട്ട ഒരു പ്രതീകമാണ് പുളിമാവ്. ദൈവരാജ്യത്തെ സൂചിപ്പിക്കാൻ മത്താ. 13 : 33ലും ഫരിസേയരു ടെയും സദുക്കായരുടെയും കപടതയെ വിമർശി ക്കാൻ മത്താ. 16 : 6 ലും ഈശോ ഈ പ്രതീകം ഉപ യോഗിക്കുന്നതുകാണാം. വി. പൗലോസാകട്ടെ, കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖന ത്തിൽ അഞ്ചാം അധ്യായം 6 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ തിന്മയെയും അശുദ്ധിയെയും ആത്മ പ്രശംസയേയും സൂചിപ്പിക്കാനും ഈ പദം ഉപയോ ഗിച്ചിരിക്കുന്നു. ഇവിടെ വിഷയാധിഷ്ഠിതമായി, പുളി മാവ് എങ്ങനെയാണ് മാവിൽ പ്രതിപ്രവർത്തനം നട ത്തുന്നത് എന്ന് നമുക്ക് നോക്കാം. അപ്പം ചുടാ നായി അമ്മച്ചിമാര് തലേദിവസം അരിപ്പൊടിച്ച്

മാവ്, ഉറങ്ങാൻ പോവുന്നതിനുമുമ്പായി കലക്കിവയക്കും. ചേരുവകളെല്ലാം ആവശ്യത്തിനുചേർത്ത ശേഷം അതിൽ ഒടുവിലായി ചേർത്തിളക്കുന്ന ഒരു വസ്തുവുണ്ട്. നിങ്ങൾക്കറിയാം. ഈസ്റ്റാണത്. അഥവാ പുളിമാവ്. ഇങ്ങനെ ഇളക്കി മൂടിവച്ചാൽ പിറ്റേദിവസം പ്രഭാതത്തിൽ ആ മാവിൽ രണ്ട് വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടാവും. ഒന്നാമത്തേത് ബാഹ്യമാണ്, രണ്ടാമത്തേത് ആന്തരികവും.

എന്താണതിൽ സംഭവിച്ച ബാഹ്യമായ വ്യതിയാനം ? രാത്രിയിൽ അമ്മ മാവുകലക്കി വച്ചപ്പോൾ കലത്തിൽ കഷ്ടി അരക്കലം മാവേ ഉണ്ടായിരുന്നുള്ളു. രാവിലെ നോക്കുമ്പോളിതാ, കലം നിറഞ്ഞ് കവിഞ്ഞ് തൂവിയിരിക്കുന്നു. അതെ, അതിന്റെ അളവിൽ വ്യത്യാസം വന്നിരിക്കുന്നു. ഈ മാറ്റം ബാഹ്യമാണ്. നമുക്ക് ഗോചരമാണ്.

## I. 2. പുളിമാവ് വരുത്തുന്ന വ്യതിയാനം

രാത്രിയിൽ അമ്മച്ചി മാവുകലക്കി വച്ചപ്പോഴുണ്ടായിരുന്ന രുചിയല്ല, രാവിലെ അതിനുള്ളത്. മാവ് മൃദുവാകുകയും രുചിഭേദം ആന്തരിക വ്യതിയാനമാണ് ഇത് ഗോചരമല്ല, അഗോചരമാണ്. ചുരുക്കത്തിൽ പുളിമാവ്, മാവിനെ പുളിപ്പിക്കും, പൊന്തി

ക്കും, ഒരുമിച്ചു പറഞ്ഞാൽ പുളിച്ചുപൊന്തും. ക്ഷമയെന്ന പുളിമാവ് മനുഷ്യഹൃദയങ്ങളിൽ ചേർത്തുവച്ചാൽ ഇതുപോലെ ആന്തരികവും ബാഹ്യവുമായ വ്യതിയാനങ്ങൾ ജീവിതത്തിലുണ്ടാവും. ഉറപ്പ് ! ക്ഷമ ശരീരത്തിൽ ബാഹ്യമായി - പ്രകടമായ വ്യത്യാസങ്ങൾ വരുത്തും. ശുശ്രൂഷ, ജീവിതത്തിൽ അനേകം സഹോദരങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. ഇറുകി, മുറുകിയ കവിളുകളുള്ള, ജ്വലിക്കുന്ന കണ്ണുകളോടും, തീക്ഷ്ണമായ മുഖഭാവത്തോടെയും ജീവിക്കുന്നവർ. ഉൽപത്തി 4ൽ 5 മുതൽ 7 വരെ നാം വായിക്കുന്നു. ഇത് കായേനെ അത്യധികം കോപിപ്പിച്ചു. അവന്റെ മുഖം കറുത്തു. കർത്താവ് കായേനോട് ചോദിച്ചു. ''നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട് ? നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവൃത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം പടിവാതില്ക്കൽ പതിയിരിപ്പുണ്ടെന്നോർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം.

എപ്പോഴാണ് കായേന്റെ മുഖം കറുത്തത് ? ആബേലിന്റെ ബലിയിൽ ദൈവം സംപ്രീതനായപ്പോൾ അവന്റെ ഹൃദയം നീരസം കൊണ്ട് നിറഞ്ഞു. മുഖം കോപം കൊണ്ട് ജ്വലിച്ചു. (ദാനിയേൽ 3:19ൽ കോപം കൊണ്ട് നിറഞ്ഞ നെബുക്കത്നേസറിന്റെ മുഖഭാവം മാറിയെന്ന് വായിക്കുന്നു. വിലാ 4 : 1

'സ്വർണ്ണമെങ്ങനെ മങ്ങിപ്പോയി, തങ്കത്തിനെങ്ങനെ മാറ്റം വന്നു' രണ്ടാം തിരുവചനം 'സീയോന്റെ അമൂല്യരായ മക്കൾ. തങ്ങളുടെ തൂക്കത്തിനൊപ്പം തങ്കത്തിന്റെ വിലയുള്ളവർ. കുശവന്റെ കരവേലയായ മൺപാത്രം പോലെ ഗണിക്കപ്പെട്ടതെങ്ങനെ ? നമ്മുടെ പ്രഭ മങ്ങിപ്പോയ മുഖവും, മൺപാത്രം പാലെ കരുവാളിച്ച മാംസപേശികളും അയഞ്ഞ് മൃദുവാകണോ ? ക്ഷമയെന്ന പുളിമാവ് ഹൃദയത്തിൽ ചേർത്തുവച്ചാൽ മതി. മുഖം ഹൃദയത്തിന്റെ കണ്ണാടിയാണ്. ഹൃദയഭാവമാണല്ലോ മുഖം വിളിച്ചോതുന്നത്. ഒരു കുഞ്ഞ് ദിവസത്തിൽ 200 തവണയിലധികം ചിരിക്കുന്നുണ്ടെന്ന് മനഃശാസ്ത്രജ്ഞൻ പറയുന്നു. എന്നാൽ പ്രായപൂർത്തിയായ ഒരാൾ 20 തവണ പോലും ചിരിക്കുന്നില്ല.

ധ്യാനിക്കണം... എവിടെപ്പോയി നമ്മുടെ ഹൃദയത്തിലെ ശിശുസഹജമായ നിഷ്ക്കളങ്കതയും പാൽപുഞ്ചിരിയുമെല്ലാം? തിരിച്ചറിയണം, അതെല്ലാം നമ്മുടെയുള്ളിൽ പതിയിരിക്കുന്ന വെറുപ്പ് നിഷ്പ്രഭമാക്കിക്കളഞ്ഞു. ഒരിക്കലൊരു ധ്യാനാവസാനം അനുഭവങ്ങൾ പങ്കുവച്ചപ്പോൾ ഒരു യുവതി വേദിയിൽ വന്ന് ഉറക്കെ സാക്ഷ്യപ്പെടുത്തി. ''മൂന്ന് വർഷങ്ങൾക്കുശേഷം ഞാനാദ്യമായാണ് ഈ ധ്യാനാവസരത്തിൽ ഒന്നു ഹൃദയം തുറന്നു ചിരിക്കുന്നത് എന്ന്. ദാമ്പത്യവിശ്വസ്തതയ്ക്ക് ഭംഗം വരുത്തിയ ഭർത്താവിനോ

ടുള്ള വെറുപ്പിൽ ക്ഷമയെന്ന പുളിമാവ് ചേർത്തുവച്ച പ്പോഴാണ് വിദ്വേഷണത്തിന്റെ ബന്ധനം അവളിൽ നിന്നു വിട്ടുപോയത് !!! അവളുടെ മുഖം വിടർന്നു പ്രകാശിച്ചത് !!!

ഇനി ക്ഷമ ആന്തരിക മനുഷ്യനിൽ വരുത്തുന്ന മാറ്റങ്ങൾ എന്തൊക്കെയെന്നു നോക്കാം.

(ഹെബ്രായർ 12 : 15) ''ദൈവകൃപ ആർക്കും നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുവിൻ, വിദ്വേഷ ത്തിന്റെ വേരുവളർന്ന് ഉപദ്രവം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ. അമിത മദ്യപാനത്തിനടിമയായി സമൂ ഹത്തിന് ഭീഷണിയായി മാറിയ 65 വയസ്സുള്ള ഒരച്ചാ ച്ചനെ ഒരിക്കൽ പരിചയപ്പെട്ടു. അദ്ദേഹം പറഞ്ഞു. ''മോനെ, ഞാനുറങ്ങിയിട്ട് വർഷങ്ങളായി. 28 -ാമത്തെ വയസ്സിൽ എന്റെ മനസിന്റെ സ്വസ്ഥത നഷ്ടപ്പെട്ടതാണ്. എല്ലാം മറന്ന് എനിക്കൊന്നുറങ്ങ ണമെന്നുണ്ട്. പക്ഷേ... പക്ഷേ... കണ്ണടക്കുമ്പോൾ... അപ്പോഴയാളുടെ മുഖം വലിഞ്ഞു മുറുകുന്നത് ഞാൻ കണ്ടു. സ്നേഹപൂർവ്വം കാര്യങ്ങളാരാഞ്ഞ എന്നോട് അയാൾ തന്റെ ജീവിതം ഇങ്ങനെ ആയ തിന്റെ, ആക്കിത്തീർത്തതിന്റെ പിന്നിലെ സംഭവങ്ങൾ വെളിപ്പെടുത്തി. 26 വയസ്സുള്ളപ്പോൾ പിതാവുമരിച്ച ഇദ്ദേഹം അമ്മയുടെയും 6 പെങ്ങന്മാരുടെയും സംരക്ഷണം ഏറ്റെടുത്തു. ആ സമയത്ത് അയൽവ ക്കത്തെ ധനാഢ്യനായ മനുഷ്യനും അയാളുടെ പണി

ക്കാരുമെല്ലാം നടന്നിരുന്നത് ഇവരുടെ വീടിന്റെ മുറ്റ ത്തുകൂടിയായിരുന്നു. സഹോദരിമാർ വലുതായ പ്പോൾ വഴി നടപ്പുകാരിൽ നിന്നും ചെറിയ ബുദ്ധിമു ട്ടുകൾ അനുഭവപ്പെടാനാരംഭിച്ചു. അപ്പോൾ ഈ ഞങ്ങൾ അയൽവാസിയോട് പറഞ്ഞു. ചേട്ടാ, വർഷ ങ്ങളായി ചേട്ടനും പണിക്കാരും എന്റെ വീടിന്റെ മുറ്റ ത്തുകൂടിയാണല്ലോ നടക്കുന്നത്. ഈയിടെയായി പണിക്കാരൊക്കെ അത്ര മാന്യമല്ലാത്ത രീതിയിലാണ് നടക്കുകയും പെരുമാറുകയും ഒക്കെ ചെയ്യുന്നത്. അതുകൊണ്ട് അതിർത്തിയിൽക്കൂടി ഒരു വഴി വെട്ടി യാൽ നന്നായിരുന്നു. സ്ഥലം ഞാൻ വിട്ടുതരാം... സഹോദരിമാരൊക്കെ വളർന്നുവരുന്നതുകൊണ്ടാ ണ്. ഉടൻ അല്പം ഗൗരവത്തിൽ പുച്ഛസ്വരം കലർത്തി അയാൾ ഒന്നിരുത്തിപ്പറഞ്ഞുപോലും. 'നിന്റെ അപ്പനുള്ള കാലം മുതൽ നടക്കുന്നത്... നീയായിട്ട് അടയ്ക്കാനൊന്നും നിക്കണ്ട, കൊച്ചേ പൊയ്ക്കോ എന്ന്. ശല്യം സഹിക്കാൻ വയ്യാതെ വന്നപ്പോൾ ഈ അച്ചാച്ചൻ വഴിയടച്ചു. പ്രതികാര മായി തന്റെ ഭാര്യയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചെ ന്നുപറഞ്ഞ് അയാൾ കള്ളക്കേസു കൊടുത്തു. നിര പരാധിയായ യുവാവിനെ പോലീസ് രാത്രിക്കു രാത്രി കസ്റ്റഡിയിലെടുത്തു. രാത്രി മുഴുവൻ ക്രൂര മായ മർദ്ദനം... മൂന്നാം മുറ... രാവിലെ ബോധം തെളിഞ്ഞപ്പോൾ ശ്വാസതടസം.. മൂത്ര തടസ്സം...

ശരീരം മുഴുവൻ നീരുകെട്ടി. ഈ യുവാവ് ഈ ലോകപ്പിൽ നിന്നും ഒരു തീരുമാനമെടുത്തു. ഞാനിവിടെ നിന്നും ഇറങ്ങുന്ന ദിവസം അയാളുടെ ശവമടക്കായിരിക്കും. അയാളെ വച്ചിട്ട് കാര്യമില്ല. എല്ലാം ഹൃദയത്തിൽ തീരുമാനിച്ചുറച്ചു. അപ്പോഴതാ തകർന്ന മനസ്സും തകർന്ന ഹൃദയവും കരഞ്ഞുകലങ്ങിയ കണ്ണുകളുമായി ജാമ്യമെടുക്കാൻ ആളുകളെയും കൂട്ടി തന്റെ അമ്മ വന്നിരിക്കുന്നു. മകന്റെ സ്വഭാവ വിശേഷങ്ങൾ മറ്റാരെക്കാളും നന്നായി അറിയാമായിരുന്ന ആ അമ്മ, അധികാരികളുടെ അനുവാദത്തോടെ ആദ്യം മകനെ അടച്ചിട്ടിരുന്ന സെല്ലിന്റെ കച്ചിയഴികൾക്കുപുറത്ത് ചെന്നു കണ്ട് പറഞ്ഞു. ''മോനെ നിന്നെയെനിക്ക് നന്നായറിയാം, നിന്റെ സ്വഭാവത്തിന്റെ പ്രത്യേകതകളും. അതുകൊണ്ട് അമ്മ നിന്നെ ജാമ്യത്തിലിറക്കുന്നതിനുമുമ്പ് മോനെ അമ്മയ്ക്ക് രണ്ട് കാര്യങ്ങൾ ഉറപ്പുതരണം. ചോദ്യഭാവത്തിൽ അമ്മയുടെ മുഖത്തുനോക്കിയപ്പോൾ അമ്മ തുടർന്നു. ഒന്ന്, മോൻ ആത്മഹത്യ ചെയ്യില്ലെന്ന്, രണ്ട്, മോനായിട്ട് പ്രതികാരം ചെയ്യില്ലെന്ന്. അപ്രതീക്ഷിതമായ അമ്മയുടെ രണ്ടാവശ്യങ്ങൾ... ആത്മസംഘർഷത്തിനിടയിലെ നീണ്ട നിശബ്ദത... ഒടുവിൽ നൊന്തുപാലൂട്ടി വളർത്തി സ്വന്തം അമ്മ മകന്റെ ജീവനും ജീവിതത്തിനും വേണ്ടി കണ്ണുനീരോടെ യാചിച്ചപ്പോൾ... ഇരുമ്പഴിക്കുള്ളിൽ

നിന്നും അവൻ വാക്കുകൊടുത്തു. ഒരിക്കലും... ഒരിക്കലും തിരിച്ചെടുക്കാനാവാത്ത വാക്ക്. ഇല്ലമ്മെ, ഇല്ല.... ശരിയമ്മെ, ശരി... നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ട് അച്ചാച്ചൻ തുടർന്നു. ആരുടെ മുമ്പിലും തോറ്റുകൊടുക്കാത്ത ഞാൻ എന്റെ അമ്മയുടെ മുമ്പിൽ ആദ്യമായന്നു തോറ്റുകൊടുത്തു. പ്രിയപ്പെട്ടവരെ, അയാളന്ന് അമ്മക്കുകൊടുത്ത വാക്കു പാലിച്ചു. പക്ഷേ... അന്നു മുതലാ യുവാവ് ധ്യാനം തുടങ്ങുന്ന അന്നുവരെ 37 കൊല്ലം കുടിച്ചു തീർത്ത മദ്യത്തിനോ, വലിച്ചുതീർത്ത പുകക്കോ കയ്യും കണക്കുമില്ല. ഉറക്കം നഷ്ടപ്പെട്ട രാത്രികൾ.. പ്രതികാരം പതഞ്ഞുപൊങ്ങുന്ന പകലുകൾ... പക്ഷേ... അമ്മക്കുകൊടുത്ത വാക്ക്... ആ ചാച്ചന്റെ ആന്തരിക സംഘർഷം ഞാൻ മനസ്സിലാക്കി. ഈശോ കുരിശിൽ കിടന്നുകൊണ്ട് അരുൾ ചെയ്ത ഒരു തിരുവചനം ഞാനപ്പോൾ ഓർത്തു. ഉടൻ ഞാനാ അച്ചാച്ചനോട് പറഞ്ഞു. (ലൂക്കാ 23: 34) ''പിതാവെ, അവരോട് ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവരറിയുന്നില്ല'' സാവകാശം ഈ തിരുവചനത്തിന്റെ ഉൾപ്പൊരുൾ പ്രാർത്ഥനാപൂർവ്വം ഞാൻ വ്യഖ്യാനിച്ചുകൊടുത്ത് പ്രാർത്ഥിച്ച് ആശ്വസിപ്പിച്ച് പറഞ്ഞയച്ചു. അന്നു വൈകുന്നേരം ആരാധനാമദ്ധ്യേയുള്ള ക്ഷമയുടെ ശുശ്രൂഷ സമയത്ത് അച്ചാച്ചന് പരി. ആത്മാവ് നിരുപാധികം ക്ഷമിക്കാനുള്ള

കൃപ കൊടുത്തു. പിറ്റേദിവസം രാവിലെ കാപ്പി കുടി കഴിഞ്ഞ സമയത്ത് എന്നെ കണ്ടപ്പോൾ കെട്ടിപ്പിടിച്ച് അച്ചാച്ചൻ പറഞ്ഞു. 37 കൊല്ലമായി നഷ്ടപ്പെട്ട ഉറക്കം ഇന്നലെ എനിക്ക് തിരിച്ചുകിട്ടി മോനെ, എന്ന്...

ഞാനിപ്പോൾ പറഞ്ഞറിയിക്കാനാവാത്ത സമാധാനമാണ് അനുഭവിക്കുന്നത്. എനിക്ക് ന്നായറിയാവുന്ന അച്ചാച്ചൻ ഇന്ന് മദ്യപാനമില്ല, പുകവലിയില്ല മാത്രമല്ല, എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ഒരു വിശുദ്ധ ജീവിതം നയിക്കുന്നു. അതെ, പ്രിയപ്പെട്ടവരേ, ക്ഷമ പുളിമാവുപോലെയാണ്. അത് മനുഷ്യഹൃദയങ്ങളിൽ ചേർത്തുവച്ചാൽ ആന്തരികവും ബാഹ്യവുമായ സദ്ഫലങ്ങൾ നമ്മിലുളവാക്കും. തുടർന്ന് കേൾക്കുമ്പോൾ ഇത് നമുക്ക് കൂടുതൽ നമസ്സിലാവും.

## I. 2 ക്ഷമ കൃഷിപോലെയാണ്.

പുളിമാവെന്നപോലെ കൃഷിക്കാരനും വയലും വിത്തും വിളയുമെല്ലാം ഈശോ ഉപയോഗിച്ച പ്രതീകങ്ങളായിരുന്നു. മത്തായി 13 : 24 മുതലുള്ള വാക്യങ്ങളിൽ നമുക്കിത് കാണാനാവും. കൃഷിയുടെ അടിസ്ഥാനം വിതക്കാരനും, വയലും, വിത്തും, വിളയു

മെല്ലാം ഉൾച്ചേർന്നതാണ്. ടിക്കറ്റെടുക്കാതെ ലോട്ടറി യടിക്കാത്തതുപോലെ വിതയില്ലാതെ വിളവെടുപ്പില്ല. വിത്തിന് രണ്ടു സാധ്യതകളാണുള്ളത്. ഒന്നുകിൽ അറപ്പുരയുടെ സുരക്ഷിതത്വം, അല്ലെങ്കിൽ വയ ലിലെ ജീർണ്ണത, അറപ്പുരയുടെ സംരക്ഷണമല്ല, നില ത്തിന്റെ ജീർണ്ണതയാണ് വിത്തിനെ വിളവിലേയ്ക്ക് നയിക്കുന്നത്. ഹൃദയവയലിൽ വിതക്കാതെ അറപ്പുര യിൽ സൂക്ഷിക്കുന്നവരോട് തിരുവചനം ചോദിക്കു ന്നു. ''വിത്തിപ്പോഴും അറപ്പുരയിൽത്തന്നെയാണോ ?'' എന്ന് (ഹഗ്ഗായി 2 : 19)

അറപ്പുരയിൽ സൂക്ഷിക്കുന്ന വിത്തെങ്ങനെ വിളവു നല്കും ? വിതയ്ക്കുന്നില്ലെങ്കിൽ ? ഇനി ചിലർ വിതയ്ക്കുന്നതാവട്ടെ, ക്ഷമയുടെ നല്ല വിത്ത ല്ല. പ്രതികാരത്തിന്റെ കളവിത്താണ്. തിരുവചനം പറയുന്നു. ''മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും. അനീതിയുഴുത് തിന്മ വിതയ്ക്കുന്നവൻ അതു തന്നെ കൊയ്യും'' ''അതെ, നീ പതിരിനെ ഗർഭം ധരിക്കുന്നു. വൈക്കോലിനെ പ്രസവി ക്കുന്നു'' എശയ്യാ 33 : 11 ''മനുഷ്യൻ ക്ഷമയുടെ കൃഷി യിറക്കാത്തതിനാൽ അവൻ അദ്ധ്വാനഫലം ഊതിപ്പറ പ്പിക്കപ്പെടുന്നു'' ആന്തരികവും ബാഹ്യവുമായ ഇന്നത്തെ നമ്മുടെ തകർച്ചയുടെ ഒരു കാരണം ഹൃദ യത്തിൽ നാം ക്ഷമയുടെ കൃഷിയിറക്കാത്തതാണ്. ക്ഷമയുടെ ഫ്യൂസു കുതതിയാലെ കൃപയുടെ

കരണ്ട് ഒഴുകൂ... ഒപ്പം ക്ഷമയുടെ വിത്തുവിതച്ചാലെ അനുഗ്രഹത്തിന്റെ കതിർ കൊയ്യാനാവൂ...

ഒരു ധ്യാനത്തിൽ ആന്തരിക സൗഖ്യാരാധയുടെ സമയത്ത് ഒരു സ്ത്രീ വലിയ ബഹളംവച്ച് വിളിച്ചുപറയുകയാണ്. എനിക്കിപ്പോൾത്തന്നെ എന്റെ വീട്ടിൽപ്പോകണമെന്ന്... ! കാര്യമന്വേഷിച്ചവരോട് അവൾ പറഞ്ഞു. എന്റെ അപ്പനും അമ്മയും ഈ ധ്യാനത്തിൽ പങ്കെടുക്കുന്നുണ്ട്. ധ്യാനത്തിന് പോകാനിറങ്ങുമ്പോൾ ഇവളുടെ ആങ്ങള പറഞ്ഞു. എടീ, ഇത്രേം ദൂരത്തുനിന്നും നിങ്ങൾ മൂന്നുപേരും ബഥാനിയായിൽപ്പോയി ധ്യാനം കൂടി വരുമ്പോൾ വണ്ടിക്കൂലിയടക്കം 1,500 രൂപയെങ്കിലുമാവും. കാരണം അവർ വന്നത് വളരെ ദൂരെ നിന്നായിരുന്നു. അതുകൊണ്ട് നീ ഇവരെ ധ്യാനത്തിനുകൊണ്ടുപോകുന്നതിനുപകരം ആ 1500 രൂപ മുടക്കി നമ്മുടെ പട്ടിക്കെല്ലുവാങ്ങിക്കൊടുത്താൽ ആ പട്ടിയെങ്കിലും നന്നാവും. എന്ന്, കാരണം ഒരുപാട് ധ്യാനകേന്ദ്രങ്ങളിൽ അതിനുമുമ്പവർ ധ്യാനിച്ചിരുന്നു. അന്നുപകൽ ആ കുടുംബം കൗൺസിലിംഗിനെത്തിയപ്പോൾ അവരുടെ കുടുംബപശ്ചാത്തലം പറഞ്ഞത് ഞാനോർത്തു. 18സെന്റ് പുരയിടത്തിൽ രണ്ട് വീടുകൾ വച്ച് ഭാര്യയും ഭർത്താവും വേറിട്ട് താമസിക്കുന്നു. 15 വർഷമായി. അമ്മയും മക്കളും ഒരു വീട്ടിൽ, അപ്പൻ തനിച്ച് മറ്റൊരു വീട്ടിൽ. ജീവിതത്തിൽ പര

സ്പരം സംഭവിച്ചുപോയ തെറ്റുകൾ ക്ഷമിക്കാനാകാത്ത ഇവർക്ക് വേണ്ടിയുള്ള ആ മകളുടെ കണ്ണീരോടുകൂടിയ പ്രാർത്ഥന ആ ധ്യാനത്തിൽ കർത്താവ് കേട്ടു. കൗൺസിലിംഗ് ശുശ്രൂഷയ്ക്കിടയിൽ തന്റെ മാതാപിതാക്കൾ പരസ്പരം കെട്ടിപ്പിടിച്ച് കരയുന്നത് അവൾ കണ്ടതാണ്. ഈ സന്തോഷം ആങ്ങളയോട് പറയുന്നതോർത്തപ്പോൾ ഒരു നിമിഷം അവളുടെ നിയന്ത്രണം വിട്ടുപോയതാണ്.

പ്രിയപ്പെട്ടവരേ, ക്ഷമയുടെ വിത്ത് പരിശുദ്ധാത്മനിറവിൽ അവർ പരസ്പരം ഹൃദയവയലിൽ വിതച്ചപ്പോൾ അനുഗ്രഹത്തിന്റെ നൂറുമേനി ഫലങ്ങളാണ് ഇന്നാ വീട്ടിൽ വിളയുന്നത്.......! ഇന്നവർ ഒരു കുടുംബത്തിലാണ് താമസം. അപ്പൻ തനിയെ താമസിച്ചിരുന്ന വീട് ഇന്നവരുടെ തൊഴുത്താണ്. മകന്റെ മുടങ്ങിക്കിടന്നിരുന്ന വിവാഹം നടന്നു. മകളെ നല്ല കുടുംബത്തിലേയ്ക്ക് കെട്ടിച്ചയച്ചു. ആത്മീയ ജീവിതത്തിൽ അഭിവൃദ്ധി പ്രാപിച്ചു. അങ്ങനെ പോകുന്നു അനുഗ്രഹങ്ങളുടെ നിര... അതെ പ്രിയപ്പെട്ടവരെ, ക്ഷമിക്കാത്ത കുടുംബങ്ങളിൽ ക്ഷാമമുണ്ടാകും. ക്ഷമിക്കുന്ന കുടുംബങ്ങളിൽ ക്ഷേമമുണ്ടാകും. വീഴ്ചയിലാരംഭിച്ച് വിജയത്തിലെത്തുന്ന, ചെളിയിൽ വിതച്ച് കതിരിൽ വിരിയുന്ന, തകർച്ചയിലാരംഭിച്ച് വളർച്ചയിലും... താഴ്മയിൽ വിതച്ച് ഉയർച്ചയിലും,

സഹനത്തിൽ വിതച്ച് കിരീടത്തിലുമെത്തുന്ന, കണ്ണു നീരോടെ വിതച്ച് സന്തോഷത്തോടെ കൊയ്യുന്ന കൃഷിയാണ് ക്ഷമ.

ഇനി ക്ഷമയെന്ന കൃഷിയുടെ പ്രത്യേകത ഏതൊരു കൃഷിയും വിത്തുവിതച്ചുകഴിഞ്ഞാൽ അത് മുളക്കാനും, വളരാനും, ഫലം നൽകാനും, അതിന്റേതായ ഒരു കാലതാമസമുണ്ടാകും. എന്നാൽ ക്ഷമയെന്ന കൃഷി ഹൃദയവയലിൽ ഇറക്കി യാൽ വിത്തുവിതയ്ക്കുമ്പോൾ തന്നെ കൊയ്ത്താ ണ്. നാം ഇപ്പോൾ ക്ഷമ വിതച്ചാൽ ഇപ്പോൾ തന്നെ യാണ് സമാധാനം... നാളെയല്ല... ഇപ്പോൾ തന്നെ യാണ് രോഗശാന്തി.. നാളെയല്ല... വിളവെടുപ്പിനായി കാത്തിരിക്കേണ്ടതും നൂറുമേനി ഫലം തരുന്നതു മായ ഹൃദയവയലിലെ കൃഷിയാണ് ക്ഷമ. മറ്റൊന്നു കൂടി... ഓരോ കൃഷിയിറക്കാനും അതിന്റേതായ ഒരു കാലമുണ്ട്. സഭാ 3 : 1 ‘‘എല്ലാത്തിനുമൊരു സമയമുണ്ട്. നടാനൊരുകാലം, നട്ടതുപറിക്കാനൊ രുകാലം, കൃഷിയിറക്കാനും വിളവെടുക്കാനും ഒരു കാലമുണ്ടെങ്കിൽ ക്ഷമയെന്ന കൃഷി കാലം നോക്കി യല്ല ഇറക്കേണ്ടത് എന്ന് തിരുവചനം പറയുന്നു. സഭാപ്രാസംഗികൻ വീണ്ടും പറയുന്നു. കാറ്റുനോ ക്കിയിരിക്കുന്നവൻ വിതയ്ക്കുകയോ, മേഘങ്ങളെ നോക്കിയിരിക്കുന്നവൻ കൊയ്യുകയോ ഇല്ല എന്ന്. തളിരിട്ടുനിൽക്കുന്ന അത്തിവൃക്ഷത്തിൽ എന്തെ

ങ്കിലും ഫലങ്ങൾ ഉണ്ടാവാം എന്ന് കരുതി യേശു അടുത്ത് ചെന്നത് അത്തിപ്പഴങ്ങളുടെ കാലത്തായിരുന്നില്ല. എന്നിട്ടും അവനതിനെ ശപിച്ചു. ഫലം കാണാത്തതിനാൽ മർക്കോ 11-13 സന്ദേശം വ്യക്തമാണ്. കാലാവസ്ഥയും കാലവും നോക്കാതെ അനുദിനം ക്ഷമയുടെ വിത്തുവിതച്ച് അനുഗ്രഹം കൊയ്തെടുക്കണമെന്ന് വിളവിന്റെ നാഥൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് മത്തായി 18-ൽ ശിഷ്യപ്രമുഖനായ പത്രോസ് കർത്താവേ, എന്നോട് തെറ്റു ചെയ്യുന്നവരോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം, ഏഴു പ്രാവശ്യമോ? എന്ന് ചോദിച്ചപ്പോൾ എഴെഴുപത്പ്രാവശ്യം എന്നാണ് ഈശോ മറുപടി പറഞ്ഞത്. കാലം നോക്കിയോ, സമയം നോക്കിയോ എണ്ണം നോക്കിയോ അല്ല ക്ഷമിക്കേണ്ടത് എന്നർത്ഥം. ലൂക്കാ 17 : 4 ഉം ഇവിടെ കൂട്ടിവായിക്കണം. ദിവസത്തിൽ ഏഴുപ്രാവശ്യം അവൻ നിനക്കെതിരെ പാപം ചെയ്യുകയും ഏഴുപ്രാവശ്യവും തിരിച്ചുവന്ന് ഞാൻ പശ്ചാത്തപിക്കുന്നു എന്ന് പറഞ്ഞാൽ നീ അവനോട് ക്ഷമിക്കണം. കാലവും സമയവും എണ്ണവും നോക്കാതെ അനുദിനം കൃഷിയിറക്കി നിരന്തരം വിളവെടുക്കുന്നതും, ഒരിക്കലും നഷ്ടം വരുത്താതതും, അതിലുപരി നൂറുമേനി ഫലം ഉറപ്പുതരുന്നതുമായ ആത്മാക്കളെ കൊയ്തെടുക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ കൃഷി, അതാണ് ക്ഷമ.

ക്ഷമയുടെ കൃഷിയറിക്കുവാനും അനുഗ്രഹത്തിന്റെ 100 മേനി ഫലം കൊയ്യുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് മുന്നോട്ട് നീങ്ങാം.

## I. 4. കടമെഴുതിത്തള്ളലാണ് ക്ഷമ.

മത്താ 18 : 27 ''ആ സേവകന്റെ യജമാനൻ മന സലിഞ്ഞ് അവനെ വിട്ടയക്കുകയും കടം ഇളച്ചുകൊ ടുക്കുകയും ചെയ്തു'' ഇളച്ചുകൊടുക്കുന്നവൻ സമ്പന്നനാണ്. സമ്പന്നർക്കേ ഇളച്ചുകൊടുക്കാനാ വൂ. മറ്റൊരർത്ഥത്തിൽ ഉള്ളവനെ കൊടുക്കാനാവൂ.. പതിനായിരം താലന്ത് ഇളച്ചുകിട്ടി കാരാഗൃഹം കാണാതെ പുറത്തുവന്നവൻ അവനോട് 100 ദനാ റക്ക് കടപ്പെട്ടിരുന്നവന്റെ കഴുത്ത് ഞെരിച്ചപ്പോൾ ആ ദുഷ്ടനെ തിരിച്ചുവിളിച്ച് അവസാന ചില്ലി ക്കാശും അടച്ചുതീർക്കുവോളം അടച്ചിട്ടു. എന്ന പരമ സത്യം നാം നടുക്കത്തോടെ ഓർക്കണം ''നിന്റെ കട മെല്ലാം ഞാനിളച്ചുതന്നതുപോലെ നീയും നിന്റെ സഹോദരനോട് കരുണ കാണിക്കേണ്ടതായിരു ന്നില്ലേ എന്ന ചോദ്യം നമ്മെ പിടിച്ചുലക്കണം. മത്താ 18 : 33 ''നിങ്ങൾ സഹോദരങ്ങളോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ

പിതാവും ഇതുപോലെ തന്നെ നിങ്ങളോടും പ്രവർത്തിക്കും''

മത്താ. 18 : 35 ''ക്ഷമിക്കുവിൻ, നിങ്ങളോടും ക്ഷമിക്കപ്പെടും. സൗജന്യമായി നിങ്ങൾക്കുകിട്ടി. സൗജന്യമായി നിങ്ങൾ കൊടുക്കുവിൻ എന്ന വചനവും, ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിച്ചാൽ മതി എന്ന കർതൃപ്രാർത്ഥനയിലെ വ്യവസ്ഥാപിത നിയമവും വിഷയത്തിന്റെ ഗൗരവത്തിലേയ്ക്ക് എത്തിച്ചേരാൻ നമ്മെ സഹായിക്കട്ടെ. ഒരു സഹോദരി ധ്യാനത്തിനു വരുമ്പോൾ അവൾ കുടിച്ചിരുന്ന പാൽ, വെള്ളം മുതലായവ പകുതി മാത്രമെ തൊണ്ടയിലൂടെ താഴേക്കിറങ്ങുമായിരുന്നുള്ളൂ. ബാക്കിയുള്ളവ മൂക്കിലൂടെ പുറത്തേക്കാണൊഴുകിയിരുന്നത്. കാരണം, തൊണ്ടയിലൊരു ദശ വളർന്ന് പാതിയും അടഞ്ഞിരുന്നു. ശുശ്രൂഷാമദ്ധ്യേ എനിക്കു മനസ്സിലായി ഇവളുടെ പ്രശ്നം ക്ഷമിക്കാനാവാത്തതാണ് എന്ന് അവൾ പറഞ്ഞു. ചെറുപ്പം മുതലേ ദുരുപയോഗം ചെയ്യപ്പെട്ടവളാണ് ഞാൻ. കുഞ്ഞുനാളിൽ രാത്രിയാകരുത് എന്ന് പകൽ സമയത്ത് കൊന്ത ചൊല്ലി പ്രാർത്ഥിച്ചിട്ടുണ്ട് ഞാൻ. ദുരന്തപൂർണ്ണായിരുന്നു എന്റെ ബാല്യവും കൗമാരവും. ഒടുവിൽ വിവാഹം കഴിച്ചയച്ചപ്പോൾ ഭർത്താവ് സംശയരോഗിയും... ഒരിക്കൽ അത്രയൊന്നും സൗകര്യമില്ലാത്ത ഭർത്താവിന്റെ വീട്ടിലെ മറപ്പുരയിൽ കുളിച്ചുകൊണ്ടി

രിക്കുന്ന എന്നെ മദ്യപിച്ചെത്തിയ ഭർത്താവ് വലിച്ചിഴച്ച് പുറത്തേക്ക് കൊണ്ടുവന്നു. ബഹളം കേട്ട് അയൽവാസികൾ ഓടിയെത്തിയപ്പോൾ... ബാക്കി പറയാനാവാതെ അവൾ മുഖം കുനിച്ചു. ഏങ്ങലടിച്ച് അവൾ ഏങ്ങിയേങ്ങി കരഞ്ഞു. അവൾ തുടർന്നു, ഈ ദുരവസ്ഥ കണ്ട് സഹിക്കാനാവാതെ അയൽവാസിയായ ഒരു മുസ്ലീം സഹോദരി തലയിലെ തട്ടം എറിഞ്ഞുകൊടുത്തുപോലും... ആ പാവത്തിന്റെ നഗ്നത മറയ്ക്കാൻ... പിന്നീടങ്ങോട്ട് ഭർത്താവിനോടുള്ള വെറുപ്പ് പാപത്തിന്റെ പടുകുഴിയിലേയ്ക്കുള്ള വീഴ്ചയും, വേഴ്ചയും. ജീവിതം ഒരു ദുരന്ത യാത്രയായി. ഒന്നു നിർത്തി അവൾ പറഞ്ഞു. അയാളോട് ക്ഷമിക്കാൻ മാത്രം എന്നോട് പറയരുത്. എനിക്കതിനാവില്ല. ഞാൻ ചോദിച്ചു. നീ കുമ്പസാരിച്ചുവോ? അവൾ തലയാട്ടി. ദൈവം നിന്നോട് ക്ഷമിച്ചോ ? പിന്നേ... തീർച്ചയായും... അവൾ മറുപടി പറഞ്ഞു. രക്താംബരം പോലെ ചുവന്ന നിന്റെ പാപങ്ങൾ ദൈവം തന്റെ തിരുക്കുമാരന്റെ തിരുരക്തത്താൽ കഴുകി തൂമഞ്ഞുപോലെ നിന്നെ വെണ്മയുള്ളവളാക്കിയില്ലേ... നിന്നെ സ്വതന്ത്രമാക്കിയില്ലേ... സമാധാനത്തോടെ പൊയ്ക്കൊള്ളുക എന്ന് ആശ്വസിപ്പിച്ച് നിന്നെ പറഞ്ഞയച്ചില്ലേ. ഓരോ ചോദ്യത്തിനും സമ്മതമായവൾ തലയാട്ടിക്കൊണ്ടിരുന്നു. എങ്കിൽ നിന്നെ വേദനിപ്പിച്ച, അപമാനിച്ച, നിന്ദിച്ച വേട്ടയാടിയവ

രോട് നീയും ക്ഷമിച്ചാലല്ലേ ഇപ്പോൾ നിനക്കുലഭിച്ച ഈ രക്ഷയും വിടുതലും വിമോചനവും നിനക്ക് സൗഖ്യമായനുഭവിക്കാനാവൂ?..

പെട്ടെന്ന് ഒരു തിരുവചനം എന്റെ നാവിൽ വന്നു. ''നീ അളക്കുന്ന അളവിനാൽ തന്നെ നിനക്കും അളന്നുകിട്ടും'' കൂടുതലും ലഭിക്കും. മർക്കോ. 4 : 24 ''ഈ തിരുവചനം അവളെ സ്പർശി ച്ചു. ഉടൻ അവളുടെ കണ്ണുകൾ വിടർന്നു. മുഖവും വികസിച്ചു. അൽപനേരത്തെ നിശബ്ദതയ്ക്കു ശേഷം ശാന്തയായി അവൾ പറഞ്ഞു. ദൈവവും അമർത്തിക്കുലുക്കി അവന്റെ ക്ഷമ എനിക്കളന്നുത ന്നു. വലിയ സമാധാനമായി. സന്തോഷമായി. ഞാനിപ്പോഴനുഭവിക്കുകയാണ്. അതുകൊണ്ട് എല്ലാവരോടും ക്ഷണിക്കാനുള്ള ശക്തി എനിക്കു കിട്ടുന്നതിനായി ചേട്ടൻ എനിക്കുവേണ്ടി പ്രാർത്ഥിക്ക ണം. ഞാനവളെ പ്രാർത്ഥിച്ച് പറഞ്ഞയച്ചു. പിറ്റേദി വസം ഉച്ച കഴിഞ്ഞ് കാപ്പികുടിച്ച് പുറത്തിറങ്ങിയ എന്നെക്കണ്ടപ്പോൾ അവൾ ഓടിവന്നുപറഞ്ഞു. ചേട്ടാ, എന്റെ തൊണ്ടയിലെ മുഴ മാറി. ഞാൻ കുടി ച്ചതുമുഴുവനും വയറ്റിലേക്കിറങ്ങിപ്പോയി എന്ന്. മൂക്കിലൂടെ ഒരു തുള്ളിപ്പോലും വന്നില്ല എന്ന്, അപ്പോൾ മർക്കോസ് 4: 25ലെ ഒരു വാക്ക് ഞാനോർത്തു. ''കൂടുതലും ലഭിക്കും'' അവൾ തന്നെ ദ്രോഹിച്ചവരുടെ കടം ഇളവുചെയ്തുകൊടു

ത്തപ്പോൾ എന്നേക്കുമായി ക്ഷമിച്ചുകിട്ടിയത് അവ ളുടെ പാപങ്ങൾ മാത്രമല്ല, കൂടുതലും ലഭിച്ചു, രോഗ ശാന്തികൂടി. ദൈവമേ നിനക്കു നന്ദി, സ്തുതി.

അതെ, പ്രിയപ്പെട്ടവരെ ക്ഷമ കടമെഴുതിത്തള്ളൽ മാത്രമല്ല. ഒരുപടികൂടി ഉയർന്നു ധ്യാനിച്ചാൽ നിക്ഷേ പമാണ്. ലൂക്കാ 21:4 ''അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്ന് സംഭാവന ചെയ്തു. അവളാകട്ടെ തന്റെ ദാരിദ്ര്യത്തിൽ നിന്നും ഉപജീവനത്തിനുള്ള വക മുഴുവൻ നിക്ഷേപിച്ചിരിക്കുന്നു. ആഴപ്പെട്ട അർത്ഥത്തിൽ നിക്ഷേപം കാലാവധി കഴിയുമ്പോൾ പലിശസഹിതം തിരിച്ചുകിട്ടുന്നതാണ്. ലാഭവിഹി തവും കൂടി. കൂടുതലും ലഭിക്കും എന്ന പ്രയോഗം നിക്ഷേപത്തിലാണ് അർത്ഥ സമ്പുഷ്ടമാവുന്നത്. ക്ഷമ നിക്ഷേപമാണ്. നിത്യജീവിതത്തിലേയ്ക്കുള്ള സ്ഥിരനിക്ഷേപം ! ഫിക്സഡ് ഡെപ്പോസിറ്റ്.

## I. 5. കല്ലെടുത്തുമാറ്റലാണ് ക്ഷമ!

യോഹ. 11 : 39 യേശു പറഞ്ഞു. ''ആ കല്ല് എടു ത്തുമാറ്റുവിൻ.'' പ്രിയപ്പെട്ടവരെ യേശു ഈ തിരുവ ചനം പറയുന്നത് ലാസറിന്റെ രോഗവും മരണവും ഉത്ഥാനവും ഒക്കെയായി ബന്ധപ്പെട്ട സന്ദർഭത്തിലാ ണ്. ഇവിടെ യേശു പെയ്യാൻ പോകുന്ന അത്ഭുത

ത്തിനുള്ള തടസ്സമായിരുന്നിരിക്കണം ഈ കല്ല്. ഇതൊരു സൂചനയാണ്. വിശാലമായ വീക്ഷണത്തി ലേയ്ക്ക് വഴിതുറയ്ക്കുന്ന ഹ്രസ്വമായ സൂചന !!!

അതിലൊന്ന് അവസരോചിതമായി സൂചിപ്പി ക്കാം. ഹൃദയമെന്ന കല്ലറയുടെ കവാടത്തിൽ വെറു ക്കപ്പെടുന്ന കല്ല് തടസം നിൽക്കുന്നതിനാൽ ആത്മാ വെന്ന ലാസർ മരിച്ച് ദുർഗന്ധം വമിച്ചുകൊണ്ടിരിക്കു ന്നു. ഇവിടെ ആത്മാവിന്റെ ഉത്ഥാനം നടക്കാൻ ഹൃദ യകവാടത്തിലെ വെറുക്കപ്പെടുന്ന കല്ലുമാറ്റണം. മാറ്റ ണം... ഇവിടെ പ്രസക്തമായ മറ്റൊരു ചോദ്യം... ആരു മാറ്റണം ? നാം മാറ്റണോ ? ദൈവം മാറ്റണോ ? ഉത്തരം വ്യക്തമാണ് നമുക്ക് മാറ്റാൻ പറ്റുന്നവ നാം തന്നെ മാറ്റണം... !!! ഈശോയ്ക്ക് വേണമെ ങ്കിൽ ആ കല്ല് സ്വയം മാറ്റായമായിരുന്നു. അതുമ ല്ലെങ്കിൽ ഈ അണ്ഡകടാഹത്തെ മുഴുവൻ 'ഉണ്ടാ കട്ടെ' എന്ന വചനത്താൽ സൃഷ്ടിച്ച പിതാവിന്റെ പുത്രന് കല്ലിനോട് മാറാനാജ്ഞാപിക്കാമായിരു ന്നു... ഒരവസരത്തിൽ നീ പറഞ്ഞാൽ അപ്പമായി മാറും എന്ന് പിശാചുപോലും സമ്മതിച്ച ഈ കല്ല്, ഇവർ നിശബ്ദരായാൽ ഓശാന പാടും എന്ന് ഈശോ പറഞ്ഞ ഈ കല്ല്, അവനൊരു മാത്ര കൽപ്പിച്ചിരുന്നെങ്കിൽ തിരി കല്ലുപോലെ അത് കടലി നാഴത്തിൽ പതിക്കുമായിരുന്നു... എന്നിട്ടും... എന്നി ട്ടും... അവനതു പറയാതെ ചെയ്യാതെ എടുത്തുമാ

റ്റുവിൻ എന്ന് നിർദ്ദേശിക്കുമ്പോൾ സന്ദേശം വ്യക്തമാണ്. നിനക്കു ചെയ്യാനാവുന്നത് നീ തന്നെ ചെയ്യണം. ധ്യാനിക്കണം. നമുക്കു ചെയ്യാനാവുന്നത് അവന്റെ കൃപയാൽ നാം ചെയ്യുമ്പോഴാണ് നമുക്ക് ചെയ്യാനാവാത്തത് അവൻ ചെയ്തുതരുന്നത്. കല്ലെടുത്തുമാറ്റാൻ അവർക്കാകുമായിരുന്നു. ലാസറിനെ ഉയർപ്പിക്കാനാവട്ടെ അവർക്കാവുമായിരുന്നില്ലതാനും. യോഹ. 11 : 41 ‘‘ അവർ കല്ലെടുത്തുമാറ്റി. അപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞു. ലാസറേ, പുറത്തുവരിക എന്ന്, ഉടൻ മരിച്ചവൻ പുറത്തുവന്നു.’’ അതെ നമുക്ക് ചെയ്യാനാവുന്നത് നന്നായി ചെയ്യുമ്പോഴാണ് നമുക്ക് ചെയ്യാനാവാത്തത് ദൈവം ചെയ്യുന്നത്. ഇവിടെ വിഷയാധിഷ്ഠിതമായി ചിന്തിച്ചാൽ എന്റെ ഹൃദയകവാടത്തിനുമുമ്പിൽ അടച്ചുവെച്ചിരിക്കുന്ന വെറുപ്പിന്റെ കല്ല് ഞാനെടുത്തുമാറ്റുമ്പോഴാണ് ലാസറിനെപ്പോലെ മൃതാവസ്ഥയിലുള്ള എന്റെ ആത്മാവ് പുതുജീവൻ പ്രാപിക്കുക. മനസ് സ്വതന്ത്രമാക്കപ്പെടുക. നാം പു:നരുദ്ധരിക്കപ്പെടുക. ‘‘എന്റെ ജനമെ ഞാൻ കല്ലറകൾ തുറന്നു നിങ്ങളെ ഉയർത്തും. എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ സന്നിവേശിപ്പിക്കും. നിങ്ങൾ ജീവിക്കും’’ എസക്കി. 37 : 12 അതെ, പ്രിയപ്പെട്ടവരെ. ദൈവാത്മാവ് നമ്മിൽ സന്നിവേശിച്ച് നമ്മിൽ പുതുജീവൻ പകരപ്പെടാൻ, ഹൃദയകവാടത്തിൽ ഉരുട്ടിവച്ചിരി

ക്കുന്ന കല്ല് നാം മാറ്റുക തന്നെ വേണം. കൂട്ടിലെ തത്തയ്ക്ക് പറക്കാനാവില്ലല്ലോ. നൂലയച്ചുവിടാതെ പട്ടത്തിനുപൊങ്ങാനുമാവില്ല.

വെറുപ്പിന്റെ ഇരുമ്പുകൂട് തുറക്കുക. ക്ഷമ പറന്നുയരട്ടെ. കരകവിഞ്ഞൊഴുകുന്ന ക്ഷമയുടെ സ്നേഹാഗ്നി ഹൃദയങ്ങളിൽനിന്നും ഹൃദയങ്ങളിലേയ്ക്ക് കത്തിപ്പടരട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കഠിനഹൃദയങ്ങളിൽ ദൈവീക സ്പർശനം ഇപ്പോഴുണ്ടാകട്ടെ. അവ കരുണ നിറഞ്ഞ് മാംസളമായ് മാറട്ടെ. കാരുണ്യത്തിന്റെ ഉറവയിൽ നിന്നും ക്ഷമയുടെ തെളിനീരുറവകൾ ഒഴുകട്ടെ. തിരുവചനത്തിന്റെ ആഴങ്ങളിലേയ്ക്കിറങ്ങിച്ചെന്ന് മുത്തുകൾ തപ്പിയെടുക്കാനുള്ള കൃപ ഓരോരുത്തർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോവാം.

എന്താണ് ക്ഷമയെന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്ന നമ്മെ പരി. ആത്മാവ് അതിന്റെ മർമ്മത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോവുകയാണ്. പ്രാർത്ഥനാപൂർവ്വം ശ്രദ്ധിക്കാം.

## I. 6. മനസ്സിലാക്കലാണ് ക്ഷമ.

അഥവാ ക്ഷമയുടെ മർമ്മം വിശദമാക്കാം. പൂർണ്ണമായി ക്ഷമിക്കണമെങ്കിൽ മൂന്ന് വ്യക്തികളെ മനസ്സിലാക്കണം.

1. മനുഷ്യനെ മനസ്സിലാക്കണം.
2. പിശാചിനെ മനസ്സിലാക്കണം
3. ദൈവത്തെ മനസ്സിലാക്കണം.

## 7. മനുഷ്യനെ മനസ്സിലാക്കണം.

മനുഷ്യനെ മനസ്സിലാക്കുക എന്നതിന്റെ വിവക്ഷ? ഒരിക്കൽ ഞാൻ യാത്രചെയ്തുകൊണ്ടിരുന്ന ബസ്സിൽ നിന്നും ബസ്റ്റാന്റിലേയ്ക്ക് ഇറങ്ങുകയായിരുന്നു. ഇറങ്ങി മുന്നോട്ടുവന്ന എന്നെ നോക്കി പെട്ടെന്നൊരു ചെറുപ്പക്കാരൻ കേട്ടാലറയ്ക്കുന്ന രണ്ട് അസഭ്യവാക്കുകൾ പറഞ്ഞു. ചുറ്റും കൂടി നിന്നിരുന്നവർ ഇത് കേൾക്കുകയും ചെയ്തു. എന്നെ നോക്കിതന്നെയാണ് അയാൾ അതു പറഞ്ഞത്. ജീവിതത്തിലൊരിക്കലും ഞാനയാളെ കണ്ടിട്ടില്ല. അയാളെന്നെയും. ഒരു ദ്രോഹവും ഞാനയാൾക്ക് ചെയ്തിട്ടില്ല. എന്നിട്ടും എന്നെ നോക്കി അയാൾ ചീത്ത വിളിച്ചു. സ്വാഭാവികമായും എനിക്കു ദേഷ്യം

വന്നു. അപ്രതീക്ഷിതമായി അപമാനിക്കപ്പെട്ടതിലുള്ള സങ്കടം ദേഷ്യമായി മാറി. ചോദിച്ചിട്ട് തന്നെ കാര്യം എന്ന് കരുതി ഞാൻ മുന്നോട്ടാഞ്ഞപ്പോൾ ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് അടുത്തുനിന്നിരുന്ന വയോധികനായ മുസ്ലീം സഹോദരൻ എന്നെ തട ഞ്ഞുകൊണ്ട് പറഞ്ഞു. അയ്യോ, അയാളെ ഒന്നും ചെയ്യരുത്. അയാളൊരു മാനസിക രോഗിയാണ്. പെട്ടെന്ന് ഞാനൊന്നു ഞെട്ടി. പിന്നെ ശാന്തനായി തിരിച്ചുനടന്നു. തുടർന്ന് എനിക്കു പോകേണ്ട മറ്റൊരു ബസിൽ കയറിയിരുന്ന് ജപമാല ചൊല്ലു മ്പോൾ ആദ്യത്തെ രഹസ്യം മനോരോഗിയായ ആ യുവാവിനുവേണ്ടി ഞാൻ കാഴ്ചവച്ചു. തുടർന്ന് മന സ്സിൽ പ്രാർത്ഥിച്ചു. ദൈവമേ, സുഖപ്പെടുത്തണമെ എന്ന്, എന്താണിവിടെ സംഭവിച്ചത് ? തെറ്റ് പറ്റിയത് അയാൾക്കോ, എനിക്കോ? സത്യമായും എനിക്കാണ്. ഞാൻ മുൻവിധിയോടെ ചിന്തിച്ചു. എന്നെ അപമാനി ക്കാൻ അയാൾ ബോധപൂർവ്വം പെരുമാറിയതാണ് എന്ന് ഞാൻ കരുതി. എന്നാൽ സത്യമതായിരുന്നില്ല. സുബോധമില്ലാതെയായിരുന്നു അയാൾ അസഭ്യം വിളിച്ചുപറഞ്ഞത്. അയാളെക്കുറിച്ചുള്ള എന്റെ മുൻവിധിയാണ് എന്നിൽ തെറ്റിദ്ധാരണ നിറച്ചതും തുടർന്ന് കോപമായി പുറത്തുവന്നതും. അതെ നമ്മുടെ മുൻവിധിയാണ് ശത്രുതയുടെ പ്രധാന കാരണം ദ്രോഹിച്ച വ്യക്തിയുടെ യഥാർത്ഥ

അവസ്ഥ മനസ്സിലാകുമ്പോൾ ദേഷ്യം സന്തോഷ മായും കോപം സഹനമായും രൂപാന്തരപ്പെടും. അത് പ്രാർത്ഥനയാക്കിമാറ്റിയാലോ, ഇരുവർക്കും അനുഗ്രഹമായി മാറുകയും ചെയ്യും. തക്കസമയത്ത് ഒരു മാലാഖയെപ്പോലെ ആ മുസ്ലീം സഹോദരൻ ഇടപെട്ടില്ലായിരുന്നു എങ്കിൽ... ദൈവമേ എന്നോട് ക്ഷമിക്കണമേ എന്ന് ഞാൻ പ്രാർത്ഥിച്ചുപോയി... !!! ജോബ് പറയുകയാണ്. എനിക്ക് മനസിലാകാത്ത അത്ഭുതകരമായ കാര്യങ്ങളെ കുറിച്ച് ഞാൻ പറ ഞ്ഞുപോയി എന്ന് ജോബ് 42 :3. അങ്ങനെ മനസി ലാകാതെ പറയുന്നതാണ് പ്രവർത്തിക്കുന്നതാണ് പ്രശ്നം.

ഒരിക്കലൊരു മനുഷ്യൻ ഒരു ബംഗ്ലാവ് വച്ച് അതിനുമുമ്പിലായി മനോഹരമായ ഒരു പൂന്തോ ട്ടവും നട്ടുനനച്ച് വളർത്തി ഗെയ്റ്റും പിടിപ്പിച്ചു. പ്രഭാതത്തിൽ ഗെയ്റ്റ് തുറന്ന ഉടമസ്ഥൻ അതട യ്ക്കാൻ മറന്നുപോയിരുന്നു. വൈകുന്നേരം തന്റെ ജോലിയുടെ ഭാഗമായി പിറ്റേദിവസം പത്രത്തി ലേക്കു കൊടുക്കേണ്ട എഡിറ്റോറിയൽ എഴുതാ നായി പേനയും പേപ്പറും എടുത്ത് 2-ാം നിലയുടെ മുകളിലെത്തിയപ്പോൾ, പെട്ടെന്നയാളുടെ ശ്രദ്ധ മുന്നിലൂടെ കടന്നുപോകുന്ന റോഡിലൂടെ നടന്നുവ രുന്ന ഒരു മനുഷ്യനിലേയ്ക്ക് തിരിഞ്ഞു. അത്ര യൊന്നും ആരോഗ്യമില്ലാത്ത ഒരു മധ്യവയസ്കൻ

കൂനി സാവകാശം നടന്നുവരുന്നു. വീണ്ടും അയാളെതന്നെ ശ്രദ്ധിച്ചപ്പോൾ രാവിലെ താൻ തുറന്നിട്ട് അടക്കാൻ മറന്ന ഗേറ്റിലൂടെ വന്നയാൾ അകത്തുകടന്ന് തന്റെ പൂന്തോട്ടത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഉള്ളിലെത്തിയ അയാൾ പെട്ടെന്നു തന്റെ കയ്യിലിരുന്ന വടികൊണ്ട് പൂച്ചെടികൾ അടിച്ചൊടിക്കൻ ആരംഭിച്ചു. ഏതോ പൂർവ്വവൈരാഗ്യം തീർക്കുന്നു എന്ന മട്ടിൽ... ഉടമസ്ഥനുദേഷ്യം വന്നു. ഒപ്പം സങ്കടവും. എങ്കിലും സ്വയം നിയന്ത്രിച്ച അയാൾ അവിടിരുന്ന് അൽപ്പം കൂടി ശ്രദ്ധിച്ചപ്പോൾ വടി കുത്തി വന്നയാൾ മുന്നോട്ടുനീങ്ങി താൻ മക്കളെക്കാൾ സ്നേഹിച്ചുവളർത്തുന്ന റോസാച്ചെടികൾ അതാ തല്ലിത്തകർക്കുന്നു. സർവ്വ നിയന്ത്രണവും വിട്ട ഉടമസ്ഥൻ രണ്ടാം നിലയിൽ നിന്നും കയ്യിലിരുന്നവയെല്ലാം വലിച്ചെറിഞ്ഞ് ഓടി ഇറങ്ങിച്ചെന്ന് പിന്നിൽനിന്നും അയാളുടെ കരണത്ത് ആഞ്ഞടിച്ചു. അപ്രതീക്ഷിതമായ അടിയേറ്റ് അയാൾ വീണു. വീണ്ടും അയാളെ കോളറിൽ പിടിച്ചെഴുന്നേൽപിച്ച് വീണ്ടും അടിക്കാനോങ്ങുമ്പോൾ പെട്ടെന്നയാൾ ഒന്നു ഞെട്ടി. തല്ലാനുയർത്തിയ കൈ പിൻവലിച്ച്, ഷർട്ടിൽ നിന്നും പിടി അയച്ച് ഇരു കൈകളും കൂപ്പി മുന്നിൽ നിൽക്കുന്നവന്റെ മുഖത്തുനോക്കി ഇടറിയ സ്വരത്തിൽ പറഞ്ഞു. ‘‘സഹോദരാ, നീയെന്നോട് ക്ഷമിക്കണം. നീയൊരന്ധനാണെന്ന് ഞാനറിഞ്ഞില്ല...

എന്ന്. സ്നേഹപൂർവ്വം ആ മനുഷ്യനെ തഴുകിത്ത ലോടി ആദരപൂർവ്വം യാത്രയാക്കി - ഗേറ്റടച്ച് മുക ളിലേയ്ക്ക് കയറിച്ചെന്ന് താൻ വലിച്ചെറിഞ്ഞ പേനയും പേപ്പറും എടുത്ത് അടുത്ത ദിവസത്തേ ക്കുള്ള എഡിറ്റോറിയൽ എഴുതി. അതിനിടയിലായി പതിവില്ലാതെ അയാൾ ഒരു അടിക്കുറിപ്പും എഴുതി വച്ചു. നമ്മുടെ ജീവിതത്തിന്റെ പൂന്തോട്ടങ്ങൾ ചവിട്ടി മെതിക്കുന്ന പലരും ഇതുപോലെ അന്ധമാരാണ്. ധ്യാനിക്കണം. പ്രിയപ്പെട്ടവരെ.. കണ്ണുകാണാതെ യാണ് അനേകം അന്ധന്മാർ നമ്മുടെ ജീവിത ത്തിന്റെ പൂന്തോട്ടങ്ങൾ ചവിട്ടിമെതിച്ചത്. ഒരുപക്ഷെ, അനേകരുടെ പൂന്തോട്ടങ്ങൾ നാം ചവിട്ടിമെതി ച്ചതും, ചവിട്ടിമെതിക്കപ്പെട്ടവരും, ചവിട്ടിമെതിച്ചവ രും, പരസ്പരം ഈ സത്യം മനസ്സിലാക്കുമ്പോൾ അറിയാതെയാണെന്ന് തിരിച്ചറിയുമ്പോൾ... ക്ഷമ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ മനസ്സിലാക്ക ലാണ് എന്ന് നമുക്ക് മനസ്സിലാകും. യോഹ. 2: 25 ‘‘അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവനാവശ്യം ഇല്ലായിരുന്നു. വീണ്ടും ’’മനുഷ്യനിലുള്ളത് എന്താ ണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു’’ എന്ന്. അപരനെ അറിയുമ്പോഴാണ് തിരിച്ചറിയുമ്പോ ഴാണ് പ്രതികരിക്കാതിരിക്കാൻ പ്രതികാരം ചെയ്യാതി

രിക്കാൻ അതിലുപരി ക്ഷമിച്ച് സ്നേഹിക്കാൻ നമു ക്കാവുക.. !!

സ്ഥിരം ഫീസ് അടക്കാത്തവനും സ്കൂളിൽ സ്ഥിരം പ്രശ്നക്കാരും ആയിരുന്ന ജോണിനെ പുതുതായി വന്ന ടീച്ചർ ശല്യം സഹിക്കാനാവാതെ ബഞ്ചിനുമുകളിൽ കയറ്റിനിർത്തി അപമാനിച്ചു. മറ്റ് കുട്ടികളെക്കൊണ്ട് മങ്കീക്ലാപ് കൊടുത്താക്ഷേപിച്ചു. ആരോടും, ഒന്നിനോടും, പ്രതികരിക്കാതിരിക്കൻ കഴിയാതിരുന്ന ആ പാവം കുഞ്ഞ് അതെല്ലാം പരാതി ഇല്ലാതെ സഹിച്ചു. അവൻ ചിന്തിച്ചു. എന്റെ അവസ്ഥ എനിക്കല്ലേ അറിയൂ. ടീച്ചർക്കെന്നെ മനസ്സി ലാവില്ലല്ലോ... ഒരു ദിവസം പ്രിൻസിപ്പാളും ടീച്ചറും കൂടി തീരുമാനിച്ചു. ജോണിന്റെ വീടുവരെ ഒന്നു പോകണം. ഒരുദിവസം ഇരുവരുംകൂടി മലകയറി ജോണിന്റെ വീട്ടിലെത്തി. .................... അധികാരികൾ പരസ്പരം നോക്കി. ... അവരുടെ കണ്ണുകൾ ജലങ്ങ ളായി... തുളുമ്പാതിരിക്കാൻ അവർ ശ്രദ്ധിച്ചു. വീടെ ന്നുപറയാൻ അവിടെ ഒന്നുമില്ല. കുറച്ച് കീറിയ പ്ലാസ്റ്റിക് ഷീറ്റുകൾ !! സിമന്റ് ചാക്കുകൾ കൊണ്ട് മറച്ച ഭിത്തികൾ... നിത്യരോഗിയായ അമ്മയും കുഞ്ഞനിയനും. ചീട്ടുകളിക്കും മദ്യപാനത്തിനും അടിമപ്പെട്ടുപോയ അപ്പൻ... അമ്മയും അപ്പനും രാത്രിയിൽ ഉറങ്ങുന്നത് പുറത്തെ വാഴച്ചുവട്ടിൽ... രാവിൻ ഭീതി ജനകമായ സ്വപ്നം കണ്ട് ഞെട്ടി ഉണ

രുന്നു കുഞ്ഞുങ്ങൾ... മഴ... മഞ്ഞ്... എല്ലാം മനസ്സിലാക്കിയപ്പോൾ ടീച്ചർ ഓടിച്ചെന്ന് ജോണിനെ കെട്ടിപ്പിടിച്ച് മാറി മാറി ഉമ്മവച്ചു. ദേഷ്യവും, കോപവും, സ്നേഹവും, സഹതാപവുമായി കവിളിലൂടെ ചാലു കീറി ഒഴുകി. ടീച്ചർ തുടർന്ന് പ്രിൻസിപ്പാളിനോട് പറഞ്ഞു. മേഡം, ജോണിന്റെ ഫീസ് ഇനി മുതൽ ഞാനടച്ചോളാം. ഞാനിവനെ പഠിപ്പിക്കും. പെട്ടെന്ന് പ്രിൻസിപ്പാൾ പറഞ്ഞു. വേണ്ട, ടീച്ചറങ്ങനെ ചെയ്യണ്ട. നമുക്കിവനെ നമ്മുടെ സ്കൂളിന്റെ വകയായി പഠിപ്പിക്കാം. ജോണിനെയോ, ജോണിന്റെ സാഹചര്യത്തെയോ മനസ്സിലാക്കാൻ വൈകിപ്പോയ നമുക്കാണ് തെറ്റുപറ്റിയത്. കുറ്റബോധത്തോടെയാണവർ മലയിറങ്ങിയത്. പ്രിയപ്പെട്ടവരേ, ജോണിന്ന് അറിയപ്പെടുന്ന ഒരു കമ്പനിയിലെ പ്രശസ്തനായ സോഫ്റ്റ് വെയർ എഞ്ചനീയറാണ്. തുടർന്ന് വ്യാഖ്യാനിക്കാതെതന്നെ മനസ്സിലായിക്കാണും. അതെ, മനുഷ്യനെ മനസ്സിലാക്കലാണ് ക്ഷമയുടെ ഒന്നാമത്തെ തലം.

വാഴത്തോട്ടത്തിൽ കയറി കായ് മോഷ്ടിച്ചു എന്ന കുറ്റത്തിന് കാവൽക്കാരൻ ഒരു ബാലനെ പേടിപ്പിച്ച് മർദ്ദിച്ച് മരത്തിൽ കെട്ടിയിട്ടു. വൈകുന്നേരം ക്രിക്കറ്റ് കളിക്കാനെത്തിയ കൂട്ടുകാർ ഈ കാഴ്ച കണ്ടു ഞെട്ടി ! കവിളു വിങ്ങി - വിതുമ്പി നിൽക്കുന്നു, കൂട്ടുകാരൻ. കാര്യമറിഞ്ഞ അവൻ

ഓടിച്ചെന്ന് കാവൽക്കാരനോട് പറഞ്ഞു. അവനെ അഴിച്ചുവിടണം. അവന്റെ അച്ഛൻ കുടകിൽ കൂലിപ്പ ണിക്കുപോയി അവിടെ വച്ച് ആത്മഹത്യ ചെയ്തതാ ണ്... അമ്മ ക്യാൻസർ രോഗി... വീട്ടിൽ പട്ടിണിയാ ണ്... വിശന്നിട്ടായിരിക്കും... അവൻ അപേക്ഷിച്ചു. കാവൽക്കാരൻ ഓടിച്ചെന്ന് അവനെ വിട്ടെന്നുമാത്രമ ല്ല, അടുത്തുള്ള കടയിൽക്കൊണ്ടുപോയി വയർനി റയെ ഭക്ഷണവും കൊടുത്തു. കുറെ അരിയും വാങ്ങി വണ്ടിയിൽ കൊടുത്തയച്ചു... ധ്യാനിക്കണം. തെറ്റുപറ്റിയതാർക്കായിരുന്നു.? എന്നാൽ പിന്നീട് അയാൾക്കത് മനസ്സിലായതെന്നുമാത്രം. മനസിലാ കാത്തതും മനസിലാക്കാത്തതുമാണ് പ്രശ്നം.

യൗസേപ്പിതാവിന് മറിയത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി ആദ്യം മനസ്സിലായില്ല. കുരിശിലേ റ്റുമ്പോൾ ശതാധിപനും യേശുവിനെ മനസിലായിരു ന്നില്ല. ദേവാലയത്തിലിരുന്ന് ഉപധ്യായന്മാരോട് ചോദ്യങ്ങൾ ചോദിക്കുന്ന യേശുവിനെ മതപണ്ഡി തർക്കും മാതാപിതാക്കൾക്കും മനസിലായിരുന്നില്ല. ലൂക്കാ. 2 : 49 : 50 ''അവൻ തങ്ങളോട് പറഞ്ഞതെ ന്തെന്നവർക്ക് മനസിലായില്ല,'' അതെ, മനസിലാകാ ത്തതും, മനസിലാക്കാത്തതുമാണ് പ്രശ്നം. പിന്നീട് ജോസഫിന് മറിയത്തെയും ശതാധിപന് യേശുവി നെയും മാതാപിതാക്കൾക്ക് മകനെയും മനസിലായ പ്പോഴോ ?.... ഇത് ശ്രോതാക്കൾക്കുള്ള ധ്യാനവിഷയ

മായി ഞാൻ വിട്ടുതരുന്നു. മനുഷ്യനെ മനസിലാക്കലാണ് ക്ഷമയുടെ ആദ്യതലം.

## 8. പിശാചിനെ മനസിലാക്കണം

ഇനി രണ്ടാമതായി പിശാചിനെ മനസിലാക്കണം. സ്നേഹമുള്ളവരേ, സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിതമല്ലാത്ത നമ്മുടെ അന്ധമായ മനസിന്റെ അജ്ഞതയെയാണ് പിശാച് ചൂഷണം ചെയ്യുന്നത്. അതുകൊണ്ട് നമുക്കിങ്ങനെ പ്രാർത്ഥിക്കാം. ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കണമെ'' എന്ന്. ഈ വചനശ്രവണം വഴി സുവിശേഷത്തിന്റെ ചുരുളും പൊരുളും ഞങ്ങളിലേയ്ക്ക് വർഷിക്കണമെ എന്ന്. വി. ഗ്രന്ഥത്തിൽ നിന്നുള്ള അഞ്ച് തിരുവചനങ്ങൾ തുടർച്ചയായി ഞാനിവിടെ ഉദ്ധരിക്കാം. അതിനുശേഷം ഒരുമിച്ചവയെ വ്യാഖ്യാന വിധേയമാക്കാം.

1. 2 കൊറി 4 : 4 ''ഈ ലോകത്തിന്റെ ദേവൻ അവിശ്വാസികളായ അവരുടെ മനസിനെ അന്ധമാക്കിയിരിക്കുന്നു. തൻ നിമിത്തം ദൈവത്തിന്റെ പ്രതിരൂപമായ ക്രിസ്തുവിന്റെ മഹത്വമേറിയ പ്രകാശം അവർക്ക് ദൃശ്യമല്ല.

2. 2 കൊറി. 2 : 10 : 11 ‘‘നിങ്ങൾ ക്ഷമിക്കുന്നവരോട് ഞാനും ക്ഷമിക്കുന്നു. ഇത് സാത്താൻ നമ്മെ കബളിപ്പിക്കാതിരിക്കാൻ വേണ്ടിയാണ്. അവന്റെ തന്ത്രങ്ങളെപ്പറ്റി നമ്മളജ്ഞരല്ലല്ലോ.

3. 2 തിമോ 2 : 25, 26 ‘‘പിശാച് തന്റെ ഇഷ്ട നിർവഹണത്തിന് അവരെ അടിമകളാക്കിയിട്ടുണ്ടെങ്കിലും സുബോധം വീണ്ടെടുത്ത് ആ കെണിയിൽ നിന്നും രക്ഷപ്പെട്ടേക്കാം.

4. യോഹ. 8 : 44 ‘‘അവനാകട്ടെ ആദി മുതൽ കൊലപാതകിയാണ്. അവൻ നുണയനും നുണയന്റെ പിതാവുമാണ്.

5. യോഹ 10 : 10 ‘‘മോഷ്ടിക്കാനും നശിപ്പിക്കാനും കൊല്ലാനുമാണ് കള്ളൻ വരുന്നത്. ഈ അഞ്ചു തിരുവചനങ്ങളെ നാം ഒരുമിച്ച് വ്യഖ്യാന വിധേയമാക്കിയാൽ പിശ്ചാചിന്റെ സ്വഭാവത്തെയും അവന്റെ പ്രവർത്തന ശൈലിയേയും നമുക്ക് മനസിലാക്കാനാവും.

വ്യാഖ്യാനത്തിലേയ്ക്ക് കടക്കാം. 1. അവൻ ഈ ലോകത്തിന്റെ ദേവനാണ്. 2. അവൻ തന്ത്രജ്ഞനാണ്. 3. അവൻ കബളിപ്പിക്കുന്നവാണ്. 4. അവൻ കെണിയൊരിക്കിപ്പിടിക്കുന്നവനാണ്. കെണിവച്ചു പിടിക്കുന്നത് തീറ്റ തന്നു വളർത്താനല്ല, കൊന്നില്ലാതാക്കാനാണ്. അതുകൊണ്ട് 5. അവൻ കൊലപാത

കിയാണ്. 6. മോഷ്ടിച്ചത് നശിപ്പിക്കലാണ് അവന്റെ പണി. 7. അവൻ നമ്മെ അടിമകളാക്കിവച്ചിരിക്കുന്നു. 8. മനുഷ്യമനസ്സിനെ അന്ധമാക്കുന്നതും അവനാണ്.

പ്രിയപ്പെട്ടവരേ, ഇവിടെ ധ്യാനത്തെ നമുക്കേകാഗ്രമാക്കാം. പിശ്ചാച് നുണ പറയുമോ? സത്യം പറയുമോ? ഉത്തരം നുണ പറയും. കാരണം. അവൻ നുണയനും നുണയന്റെ പിതാവുമാണ്. യോഹ 8 : 44. വെളിപാട് 12 : 9ൽ പറയുന്ന സാത്താനെന്നും പിശാചെന്നും വിളിക്കുന്ന ആ പുരാതന സർപ്പം ഹവ്വയോട് നുണപറഞ്ഞോ, സത്യം പറഞ്ഞോ ? നുണ പറഞ്ഞു. ദൈവം പറഞ്ഞത് ‘‘നീ ഇതു തിന്നരുത്. തിന്നുന്നദിവസം മരിക്കും എന്നാണ്. ഉൽപ. 2 : 17. എന്നാൽ പിശ്ചാച് പറഞ്ഞത് നിങ്ങൾ മരിക്കില്ലെന്ന് മാത്രമല്ല, അതു തിന്നുന്നദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നുമാണ്. ഇത് ശുദ്ധ നുണയായിരുന്നു. ഞാനും നിങ്ങളും മനസിലാക്കേണ്ട പിശാചിന്റെ ഒന്നാമത്തെ കാര്യം ദൈവം മനുഷ്യനെ കബളിപ്പിച്ചിരിക്കുന്നു. അഥവാ, ദൈവം മനുഷ്യനോട് നുണ പറഞ്ഞിരിക്കുന്നു എന്ന പിശാചിന്റെ നുണയെയാണ്. പിശാചിന്റെ ഈ പ്രസ്താവന പറുദീസയിൽ ഹവ്വ വിശ്വസിച്ചോ ഇല്ലയോ ? വിശ്വസിച്ചു. നുണ പോലെ അവതരിപ്പിച്ചുകൊണ്ട് പിശ്ചാച് അവളെ കബളിപ്പിച്ച് കെണി

യിൽ വീഴ്ത്തി വഞ്ചിച്ചു. വചനം പറയുന്നു. ഉൽപ. 3 : 6 അവളതു പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു എന്ന്, തലമുറകളായി പിശാച് ദൈവത്തെക്കുറിച്ച് ദൈവം മനുഷ്യനെ കബളിപ്പിച്ചിരിക്കുന്നു എന്ന നുണ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. നാമിന്നും സാത്താന്റെ നുണയിൽ വിശ്വസിക്കുന്നുവോ, ദൈവീക സത്യങ്ങളിൽ വിശ്വസിക്കുന്നുവോ ? നിർഭാഗ്യം എന്നു പറയട്ടെ. ഹവ്വയെപ്പോലെ നാമും സാത്താൻ പറയുന്ന നുണ വിശ്വസിച്ച് നമ്മൾ ഹവ്വയുടെ മക്കളാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു.

## 9. സാത്താനാണ് ശത്രു

ഇനി പിശ്ചാചിന്റെ രണ്ടാമത്തെ നുണ. മനുഷ്യനാണ് മനുഷ്യന്റെ ശത്രു എന്ന് മനുഷ്യരുടെ ഉള്ളിലിരുന്ന് പിശ്ചാച് നുണ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതും ശുദ്ധ നുണയാണ്. മനുഷ്യന്റെ യഥാർത്ഥ ശത്രു പിശ്ചാചായിരിക്കെ (1 പത്രോ. 5 : 8) മനുഷ്യർ തങ്ങളിൽ ശത്രുക്കളാണെന്ന് തെറ്റിദ്ധരിപ്പിച്ച് മനുഷ്യരെ തമ്മിൽത്തല്ലിച്ച്, നശിപ്പിച്ച് അവനാത്മാക്കളെ നിരന്തരം മോഷ്ടിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല ഇങ്ങനെ തെറ്റിദ്ധരിപ്പിച്ചാൽ യഥാർത്ഥ ശത്രു പിശ്ചാ

ചാണെന്ന സത്യം മനുഷ്യർ മനസിലാക്കാതിരിക്കുകയും ചെയ്യും അതിലൂടെ തനിക്ക് രക്ഷപ്പെടുകയും തമ്മിലടിപ്പിച്ച് ആത്മാക്കളെ നശിപ്പിക്കുകയും ചെയ്യാം. ഇതാണ് പിശ്ചിന്റെ ശുദ്ധതന്ത്രം. ഒന്നുകൂടി വ്യക്തമാക്കാം. മനുഷ്യർ തങ്ങളിൽ ശത്രുക്കളാണെന്ന് മനുഷ്യരെ നുണപറഞ്ഞ് തെറ്റിദ്ധരിപ്പിച്ചാലെ അവർ തമ്മിലടിക്കുകയും നശിക്കുകയും ചെയ്യുകയുള്ളൂ. ഇതവന് നന്നായറിയാം. കാരണം അവൻ വന്നിരിക്കുന്നത് നശിപ്പിക്കാനും കൊല്ലാനുമാണല്ലോ. ഒപ്പം ആത്മാക്കളെ മോഷ്ടിക്കാനും എന്നും എപ്പോഴും എവിടെയും അവൻ നുണ പറഞ്ഞ്, തെറ്റിദ്ധരിപ്പിച്ച് മനുഷ്യരെ തമ്മിലടിപ്പിച്ച് കൊണ്ട് ആത്മാക്കളെ മോഷ്ടിച്ചുകൊണ്ടിരിക്കുന്നു. നാം സഹോദരങ്ങളാണ് എന്ന ദൈവം പറയുന്ന സത്യം അവിശ്വസിപ്പിച്ച് നാം തമ്മിൽ ശത്രുക്കളാണ് എന്ന് നുണ പറഞ്ഞ് പിശ്ചാച് നമ്മെ വിശ്വസിപ്പിക്കുന്നു, കബളിപ്പിക്കുന്നു. ഈ നുണ വിശ്വസിച്ച് ജനം തമ്മിലടിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. തിരിച്ചറിയണം പ്രിയപ്പെട്ടവരെ, നാം കഥയറിയാതെ ആട്ടം കാണുകയാണ്.

കുഞ്ഞുനാളിൽ പഠിച്ച ഒരു കഥയോർക്കുന്നു. ഒരു ഗ്രാമത്തിൽ രണ്ട് ആടുകൾ ഉണ്ടായിരുന്നു. ഇവരുടെ സൗഹൃദം കണ്ട് അസൂയ മൂത്ത ചെന്നായ് അവയെ നുണ പറഞ്ഞ് തെറ്റിദ്ധരിപ്പി

ച്ചാൽ തമ്മിലടിപ്പിച്ച് ചോര കുടിക്കാമെന്ന ദുഷ്ടലാക്കോടെ ഒരാടിന്റെ അടുത്തു ചെന്ന് സ്വകാര്യമായിപ്പറഞ്ഞു. എടാ, നിനക്കാടാ സുഹൃത്തിനേക്കാൽ ശക്തി എന്ന്, ഈ മുഖസ്തുതിയിൽ പൊതിഞ്ഞ നുണ കേട്ട് മുട്ടനാട് ഒന്നഹങ്കരിച്ചു കൊണ്ട് ഇതു ശരിയാണോ എന്ന അർത്ഥത്തിൽ ചെന്നായയെ നോക്കി. ചെന്നായ് വീണ്ടും തലകുലുക്കിപറഞ്ഞും. ങും. സത്യമാ. ഇതേ ചെന്നായ് ഈ മുട്ടനാട് കൂടെയില്ലാത്ത തക്കം നോക്കി മറ്റേ സുഹൃത്തിന്റെ അടുത്തുചെന്ന് ഇതേ നുണ മുഖസ്തുതിയിൽ പൊതിഞ്ഞ് അവതരിപ്പിച്ചു. അവനും അഹകാരമായി. ഒപ്പം തെറ്റിദ്ധാരണയും. ചെന്നായ് തന്റെ കൃത്യം നിർവ്വഹിച്ച് ഒന്നുമറിയാത്തവനെപ്പോലെ പിൻവാങ്ങി. ദിവസങ്ങൾ കഴിഞ്ഞു. ചെന്നായിട്ട നുണയുടെ വിഷവിത്ത് അവരുടെ ഉള്ളിൽ വളർന്നു കൊണ്ടിരുന്നു. ഒരുദിവസം നിസാരമായ കാര്യത്തിന് അവർ പരസ്പരം ഏറ്റുമുട്ടി. സുഹൃത്തിനേക്കാൾ ശക്തി തനിക്കാണെന്ന് ചെന്നായയുടെ നുണ അതിനവരെ പ്രേരിപ്പിച്ചു. തലപൊട്ടി,ചോരയൊഴുകി. ചെന്നായ് ഒന്നുമറിയാത്തവനെപ്പോലെ സാവകാശമെത്തി ചോര നക്കി നുണഞ്ഞ് കുടിച്ചു. ഇവിടെ ധ്യാനിക്കണം... പാവം മുട്ടനാടുകൾ ! തമ്മിൽ ശത്രുക്കളായിരുന്നോ ? അതോ അവയുടെ പൊതു ശത്രു തമ്മിലടിപ്പിച്ച ചെന്നായ് ആയി

രുന്നോ ? സത്യമായും അവർ ശത്രുക്കളായിരുന്നില്ല. അവരെ നുണ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് ഏറ്റുമുട്ടിച്ച് ചോരകുടിച്ച ചെന്നായ് ആയിരുന്നു അവരുടെ പൊതുശത്രു. ഇവിടെ പ്രത്യക്ഷശത്രു കൂട്ടുകാരനായിരുന്നെങ്കിലും, പരോക്ഷശത്രു ചെന്നായയായിരുന്നു. അതെ പ്രത്യക്ഷ ശത്രുവല്ല ശത്രു, കൂട്ടുകാരനെപ്പോലും ശത്രുവാക്കുന്ന പരോക്ഷശത്രുവാണ് യഥാർത്ഥ ശത്രു. ഇതുപോലെ സത്യമറിയാതെ നാം പരസ്പരം ഏറ്റുമുട്ടുകയാണ്. അതുകൊണ്ട് ഇപ്പോൾ സത്യം തിരിച്ചറിഞ്ഞ നാം ഏറ്റുമുട്ടൽ ഇന്നവസാനിപ്പിക്കണം. ഇന്നലെവരെ ഞാൻ കലഹിച്ച ഏറ്റുമുട്ടിയ വെറുത്ത, വൈരാഗ്യം വച്ചു പുലർത്തിയ മനുഷ്യനല്ല എന്റെ ശത്രു. മറിച്ച് എന്നെയും നിന്നെയും നുണ പറഞ്ഞ് കബളിപ്പിച്ച പിശാചാണ് നമ്മുടെ പൊതു ശത്രു. അതുകൊണ്ടാണ് തിരുവചനം പറയുന്നത് ‘‘നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തേപ്പോലെ ആരെ വിഴുങ്ങണമെന്നന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു.

1 പത്രോ. 5 : 8 അതുകൊണ്ട് ഇനി മുതൽ നാം തിരിച്ചറിയണം. ദൈവവും മനുഷ്യനുമല്ല നമ്മുടെ ശത്രുക്കൾ. നമ്മുടെ പൊതുശത്രു പിശാചാണെന്ന്. അവസരോചിതമായി മറ്റൊന്നുകൂടി... ഒരു മനുഷ്യനും ഇനി ശത്രുക്കളില്ല. ശത്രുവേയുള്ളൂ... അവൻ

പിശ്ചാചാണ്. ശത്രുവാണ് ശത്രുക്കളെ സൃഷ്ടിക്കുന്ന ത്.

ഇനി ദൈവവും മനുഷ്യനുമാണ് നിന്റെ ശത്രു ക്കൾ എന്ന് മനുഷ്യമനസിലിരുന്നുകൊണ്ട് അവൻ നുണപറയുന്നത് യഥാർത്ഥശത്രുവായ അവനെ തിരിച്ചറിയാതിരിക്കാനാണ്. ധ്യാനിക്കണം... പിശ്ചാ ചാണ് നമ്മുടെ ശത്രു എന്ന് നമ്മൾ എപ്പോൾ തിരിച്ച റിയുന്നുവോ അപ്പോൾ മുതൽ അവന് നമ്മെ കബ ളിപ്പിക്കാൻ കഴിയാതെ വരും. കുബുദ്ധിയായ അവ നിതറിയാം. നാം തിരിച്ചറിയണം. കട്ടവനെപ്പിടിക്കാന ല്ല, കട്ടവൻ കാട്ടിത്തന്നവനെപ്പിടിക്കാനാണ് നാമി പ്പോൾ ഓടിക്കൊണ്ടിരിക്കുന്നത്. തിരിച്ചറിവു കിട്ടിയ നാം അവന്റെ കെണിയിൽ വീണുപോയിട്ടുണ്ടെങ്കിൽ നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം.

''വൈരിയെനിക്കെതിരായ് മലകൾവിരിച്ചവയിൽ

വീണു കുഴങ്ങി ഞാൻ, വീണു കുഴങ്ങി ഞാൻ

മലകൾ തകർത്തെൻ ജീവനു നീ

മോചനമേകണമെ... '' പ്രിയപ്പെട്ടവരേ, ഇപ്പോൾ നമുക്ക് ശത്രു ആരെന്ന് മനസിലായി. അതുകൊണ്ട് മനുഷ്യനോടുള്ള യുദ്ധം ഇനി അവസാനിപ്പിക്കണം. യുദ്ധം ചെയ്യേണ്ടത് ശത്രുവിനോടാണല്ലോ. സഹോ ദരങ്ങളോടല്ലല്ലോ. അപ്പനും മക്കളും ഭാര്യയും ഭർത്താവും സഹോദരങ്ങളോടും അയൽക്കാരോടും

യുദ്ധം അവസാനിപ്പിച്ച് നമ്മുടെയെല്ലാം പൊതുശ ത്രുവിനോട് നമുക്ക് യുദ്ധം ആരംഭിക്കാം. ഇതൊരു തിരിച്ചറിവാകണം. പ്രിയപ്പെട്ടവരെ, ഈ തിരിച്ചറിവു കൾ നമ്മെ തിരിച്ചുനടത്തും. തീർച്ച.

ശത്രു പിശാചാണെന്നും യുദ്ധം അവനോടാണ് ചെയ്യേണ്ടതെന്നും നാം മനസ്സിലാക്കി. യുദ്ധം ചെയ്യാൻ രണ്ട് വസ്തുതകൾ നാം മനസിലാക്കണം. 1. ശത്രുവിന്റെ ആയുധം എന്തെന്നും 2. അവന്റെ പാളയം എവിടെയാണെന്നും ഇതിൽ ഒന്നാമത്തേത് ഇവിടെ വിഷയാധിഷ്ഠിതമായി വിശദീകരിക്കാം. രണ്ടാമത്തതേത് മുറിവുകൾ എന്ന എപ്പിസോഡിൽ ആഴത്തിൽ വിശകലന വിധേയമാക്കുന്നതാണ്. ശത്രുവായ പിശാചിന്റെ ആയുധം ഒറ്റവാക്കിൽ പറ ഞ്ഞാൽ തിന്മയാണ് എങ്കിൽ തിന്മയെ നാം നന്മ കൊണ്ട് കീഴടക്കണം. നമ്മുടെ 'തിന്മയെ നന്മ കൊണ്ടേ കീഴടക്കാനാവൂ.. റോമ 12 : 21, എഫേ 6 : 12 ''നാം മാംസത്തിനും രക്തത്തിനുമെതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാ രലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങ ളിൽപ്പോലും വസിക്കുന്ന തിന്മയുടെ ദുരാത്മാ ക്കൾക്കെതിരായിട്ടുമാണ് പടവെട്ടുന്നത്.''

അതുകൊണ്ട് നിങ്ങൾ സത്യംകൊണ്ട് അര മുറു ക്കണം. നീതിയുടെ കവചം ധരിക്കണം. രക്ഷയുടെ പടത്തൊപ്പി അണിയണം. വിശ്വാസത്തിന്റെ പരിച

യെടുക്കണം. വചനത്തിന്റെ വാൾ വഹിക്കണം. അതെ, തിന്മയെ തിന്മകൊണ്ടല്ല, നന്മകൊണ്ടാണ് നേരിടേണ്ടത്. ഇന്നലെവരെ നാമിതു തിരിച്ചറി യാതെ വീട്ടിൽ, സമൂഹത്തിൽ, സഭയിൽ, തിന്മയെ തിന്മകൊണ്ട് നേരിട്ടു. ഫലമോ ? കത്തിയെ കത്തി കൊണ്ട് നേരിട്ടാൽ ഫലം നാശം. എന്നാൽ കോപത്തെ ശാന്തതകൊണ്ട് നേരിട്ടാലോ ? ഫലം സമാധാനം, ശാന്തി, അതുകൊണ്ട് റോമ 12 : 17 ൽ ''തിന്മയ്ക്കുപകരം തിന്മ ചെയ്യരുത്.'' വീണ്ടും ''തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ, മറിച്ച് തിന്മയെ നന്മ കൊണ്ട് കീഴടക്കുവിൻ.'' റോമ. 12 : 21 ഇപ്രകാരം നന്മയുടെ ആയുധങ്ങൾ ധരിച്ച് യുദ്ധ സജ്ജരായി തിന്മയ്ക്കെതിരെ പോരാടിയാൽ തിന്മ തോൽക്കുമോ ഇല്ലയോ ? തോൽക്കും പ്രിയപ്പെട്ടവ രെ, തോൽക്കും കാരണം തിന്മയ്ക്ക് നന്മയെ കീഴട ക്കാനാവില്ല. ആത്യന്തികമായ വിജയം നന്മയ്ക്കായി രിക്കും. തിരുവചനം പറയുന്നു. യോഹ. 1 : 15 ''വെളിച്ചത്തെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല'' എന്ന് ധ്യാനിക്കണം. ആഴത്തിൽ ധ്യാനിക്കണം. ഒരു മുറിയിൽ 1000 വർഷം ഇരുട്ട് കട്ടപിടിച്ച് കിടന്നാലും ഒരു ദിവസം അതിലേയ്ക്ക് പ്രകാശരേണുക്കൾ പ്രസരിച്ചാൽ ഇരുട്ടിന് അവകാശവാദങ്ങളുന്നയി ക്കാതെ മാറിക്കൊടുക്കേണ്ടിവരും. അതെ, പ്രിയപ്പെട്ട വരെ, മാറുക തന്നെ വേണം പ്രകാശമെത്തുമ്പോൾ.

വെളിച്ചത്തിനാണ് ആത്യന്തിക വിജയം. രണ്ടുപക്ഷമി ല്ല. ഇങ്ങനെ തിന്മയെ നന്മകൊണ്ട് നേരിട്ടാൽ ലൂക്കാ. 10 : 18,20 ''സാത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഇടിമിന്നൽ പോലെ പതിക്കുന്നത് ഞാൻ കണ്ടു.'' തുടർന്ന പറയുന്നു. ''ഒന്നും നിങ്ങളെ ഉപദ്രവിക്കുക യില്ല എന്ന്'' എന്നാൽ പിശ്ചാച് നിങ്ങൾക്ക് കീഴ്പ്പെ ടുന്നു എന്നതിൽ സന്തോഷിക്കേണ്ട. മറിച്ച് നിങ്ങ ളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതോർത്ത് സന്തോഷിക്കുവിൻ, പിശ്ചാനിനെയും അവന്റെ തന്ത്രങ്ങളെയും മനസിലാക്കിയ നാം മനു ഷ്യനാണ് നിന്റെ ശത്രു എന്ന് നുണ പറഞ്ഞ് വഞ്ചി ച്ച, പകയും വിദ്വേഷവും വളർത്തി പ്രതികാര ദാഹി യാക്കി നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിയ ശത്രുവായ പിശാചിനെ കാൽകീഴിലാക്കി തല തകർത്തുകളയാൻ നീ ക്ഷമിക്കണം. ക്ഷമിക്കുന്ന വന്റെ ഹൃദയം സ്വർഗ്ഗത്തിൽ നിന്നും സാത്താന് ഇടി മിന്നൽപോലെ താഴേക്ക് നിപതിക്കാതിരിക്കാൻ സാധ്യമല്ല. മാത്രമല്ല, നീ ക്ഷമിക്കുന്നതോടുകൂടി നിന്റെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെടുതയും ചെയ്യും. ഈ രക്ഷയുടെ അനുഭവത്തിലാണ് നാം യഥാർത്ഥത്തിൽ സന്തോഷിക്കേണ്ടത്. ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവ് നഷ്ടമായാൽ എന്തു പ്രയോജനം. ഒരു കുട്ട മണ്ണി നുവേണ്ടി, ഒരു രൂപ നാണയത്തിനുവേണ്ടി എന്റെ

ആത്മാവ് നിത്യനാശത്തിൽ പതിക്കണമോ? തീരുമാനമെടുക്കേണ്ടത് ഓരോരുത്തരുമാണ്. തിരുവചനം ഓർക്കുന്നു. ''ഇതാ ഇന്നു നിന്റെ മുന്നിൽ തിന്മയും നന്മയും മരണവും ജീവനും വെയ്ക്കുന്നു. അനുസരിക്കാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും. അനുസരിക്കാതെ ധിക്കാരം തുടർന്നാൽ നിങ്ങൾ വാളിന്നിരയായിത്തീരും'' (ഏശയ്യാ 1: 19 : 20.)

## 10. പിശാചിന്റെ പ്രവർത്തന ശൈലി

പിശ്ചാചിനെ സംബന്ധിച്ച് ചില കാര്യങ്ങൾ കൂടി നാം തിരിച്ചറിയേണ്ടതുണ്ട്. ഒരു മനുഷ്യന്റെയുള്ളിൽ പിശ്ചാച് പ്രവേശിക്കുന്നത് ആഗമസന്ധിപോലെ കൂട്ടുകാരനായാണ്. കുതിരയുടെ വീട്ടിൽ നനഞ്ഞെത്തിയ ആന തുമ്പിക്കൈ മാത്രം നനയാതെ വയ്ക്കാനുള്ള അവസരം ചോദിച്ച് ഒടുവിൽ സർവ്വാംഗം ഉള്ളിലാക്കി കുതിരയെ പുറത്തുചാടിച്ച കഥപോലെ, പിശ്ചാച് മനുഷ്യ ഹൃദയങ്ങളിൽ പ്രവേശിച്ച് പിടി മുറുക്കുന്നത് മൂന്നു ഘട്ടങ്ങളായാണ്.

1-ാം ഘട്ടം : വിഷമം, നീരസം, കോപം

ഇതുപാപമല്ല പാപ കാരണമാണ്.

''തിരുവചനം പറയുന്നു. എഫേ 4 : 27

കോപിക്കാം എന്നാൽ പാപം ചെയ്യരുത്. കോപം മഞ്ഞുപോലെ മാഞ്ഞുപോകും. തണുത്തുറയാൻ അനുവദിച്ചാൽ വെറുപ്പായി അടിഞ്ഞുകൂടും. ഹെബ്രാ. 12 : 15. ''വിദ്വേഷത്തിന്റെ വേര് വളർന്ന് ഉപദ്രവം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ, വിദ്വേഷം മൂലം പലരും അശുദ്ധരായിത്തീരുന്നു. ചുരുക്കത്തിൽ ചീറ്റാം, കടിക്കരുത്. മത്തായി 5 : 22 ''കോപിക്കുന്നവൻ ന്യായവിധിക്കർഹനാകും'' എന്ന തിരുവചനം വ്യാഖ്യാന വിധേയമാക്കിയാൽ കോപിക്കുന്നത് പാപമാണല്ലോ എന്ന് നാം ചോദിച്ചേക്കാം. എന്നാൽ ഇവിടെ ഈശോ പറയുന്നത് ന്യായവിധിക്കർഹനാകും എന്നാണ്. നീതി വിധിക്കർഹനാകും എന്നല്ല. ന്യായവിധി എന്നത് എന്തുകൊണ്ട് പറഞ്ഞു, ചെയ്തു എന്ന ന്യായ അന്യായങ്ങളെ വേർതിരിച്ചു നടത്തുന്ന വിധിയാണല്ലോ. എങ്കിൽ കോപിച്ചവൻ ന്യായവിധിക്കർഹനാകുമ്പോൾ കോപിക്കാനുണ്ടായ സാഹചര്യം കണക്കിലെടുക്കുമ്പോൾ ആ കോപം ഉചിതമെങ്കിൽ അതു പാപമാകില്ലല്ലോ.

ഇനി രണ്ടാംഘട്ടം : അത് പാപത്തിന്റെ ഘട്ടമാണ്. പാപമല്ലാത്ത വിഷമവും നീരസവും കോപവും എന്ന ആദ്യത്തെ ഘട്ടത്തിൽ നിന്നും വെറുപ്പ്, വിരോധം, ശത്രുത, പക എന്ന രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വളർച്ച ഈ ഘട്ടം പാപമാണെന്ന് തിരുവചനം പറയുന്നു. 1 യോഹ 3 : 15 ''സഹോദരനെ വെറുക്കുന്ന

വൻ കൊലപാതകിയാണ്'' മർക്കോ 6 : 22 ''ഹേറോദിയായ്ക്ക് അനുകൂലമായ അവസരം വന്നു ചേർന്നു. സ്നാപകയോഹന്നാൻ കുറ്റപ്പെടുത്തിയതു മൂലം ഹേറോദിയ പകരം വീട്ടാൻ തക്കം പാർത്തിരുന്നു. എന്നാണിതിനർത്ഥം. അതെവിടെ ചെന്നവസാനിച്ചു എന്ന് നമുക്കറിയാം. 'തല' തളികയിലെത്തിയിട്ടേ അവരുടെ പക അടങ്ങിയുള്ളൂ... അതെ, നീരസം, വിഷമം, കോപം ഇവ വളരാൻ നാം അനുവദിക്കുമ്പോൾ അവ പാപത്തിന്റെ തലത്തിലേക്കുയരാൻ പിശാച് വെള്ളവും വളവും ഒഴിച്ചുകൊടുക്കുന്നു. ഇതിന്റെ മൂന്നാംഘട്ടം ഭയാനകമാണ്. അത് പ്രതികാരത്തിന്റെയും കൊലപാതകത്തിന്റെയും ആത്മനാശത്തിന്റെയും പടുകുഴിയാണ്. വെറുപ്പുള്ള ഹൃദയങ്ങളിൽ നിന്നും വിദ്വേഷത്തിന്റെ നീരാവി പൊന്തി പ്രതികാരത്തിന്റെ പേമാരിയായി പെയ്തിറങ്ങി നിത്യനാശം വിതക്കുന്നു. ഉൽപ. 4ൽ കായേന്റെ സംഭവത്തിൽ നമുക്കിതു കാണാനാവും. ബലി സ്വീകരിക്കപ്പെടാത്തതുമൂലം കായേന്റെ ഉള്ളിലുണ്ടായ ഒരു വിഷമം, നീരസമായും, കോപമായും തുടർന്ന് വെറുപ്പായും, വിരോധമായും ശത്രുതയായും പകയായും വളർന്ന് പ്രതികാര ദാഹിയായി ആബേലിന്റെ കൊലപാതകത്തിലവസാനിച്ച സംഭവം. പ്രതികാരദാഹികൾ പടക്കശാലകൾ പോലെയാണ്. സർവ്വം ചാമ്പലാക്കിയേ അവരടങ്ങൂ... അതു

കൊണ്ട് ജാഗ്രതാവൃക്ഷത്തിന്റെ ഒരു ശാഖകൂടി കാട്ടിത്തരാം. വെളി. 12 : 9 സാത്താനെന്നും പിശാചെന്നും വിളിക്കുന്ന ആ പുരാതനസർപ്പം ഭൂമിയിലേയ്ക്ക് വലിച്ചെറിയപ്പെട്ടു. അവനോടൊപ്പം അവന്റെ ദൂതന്മാരും. വീണ്ടും ചുരുങ്ങിയ സമയമെ അവശേഷിച്ചിട്ടുള്ളൂ എന്നറിഞ്ഞ് അരിശം കൊണ്ട പിശ്ചാച് നിങ്ങളുടെ അടുത്തേക്കിറങ്ങിയിട്ടുണ്ട്. വെളി 12 : 12. അതെ അവൻ സദാ പ്രവർത്തന നിരതനാണ്. അതുകൊണ്ട് നമുക്കും ജാഗ്രതയുള്ളവരായിരിക്കാം... കള്ളനേതു നാഴികയിലും മണിക്കൂറിലും വരാം. അതുകൊണ്ട് നമുക്ക് ഉണർന്നിരിക്കാം. ഉണർവ്വുള്ളവരായിരിക്കാം.

ക്രിസ്തീയ ക്ഷമയെന്ന വിഷയത്തെ ആധികാരികമായി പഠനവിഷയമാക്കുന്നവർക്ക് ചില സൂചനകൾ കൂടിത്തരാം. വെറുപ്പിലായിരിക്കുന്ന വ്യക്തി ഇരുട്ടിലാണ്. 1 യോഹ. 2 : 9.

2. അവൻ പിശ്ചാചിന്റെ മകനാണ്. 1 യോഹ 3 : 10

3. അവൻ പൈശാചിക മരണത്തിൽ നില നിൽക്കുന്നു. 1 യോഹ. 3 : 10

4. അവൻ കൊലപാതകിയാണ്. അവനിൽ നിത്യ ജീവിൻ വസിക്കുന്നില്ല 1 യോഹ. 3 : 15

5. അവന്റെ ബലിയും കാഴ്ചകളും സ്വീകരിക്കപ്പെടില്ല. മത്തായി. 5 : 23

6. അവന് കരുണ ലഭിക്കില്ല പ്രഭാ. 28 : 2, 3

7. അവന്റെ പ്രാർത്ഥന കേൾക്കില്ല മർക്കോ 11 : 24, 26

8. അവൻ അശുദ്ധനായിത്തീരും ഹെബ്ര 12 : 15

9. അവന്റെ പാപം ക്ഷമിക്കപ്പെടുകയില്ല. ലൂക്ക - 6 : 37

10. അവന്റെ പിതൃത്വം പിശാചിനാണ്. 1 യോഹ 4 : 20

എല്ലാറ്റിലുമുപരി വെറുപ്പ് അവന് സ്വർഗ്ഗം നഷ്ടപ്പെടും. ഇനിയും ശത്രുവിനോടുള്ള കടമകൾകൂടി നമുക്ക് നോക്കാം.

മത്താ : 5 : 44 അവന് സ്നേഹിക്കണം.

മത്താ : 5 : 45 അവന് വേണ്ടി പ്രാർത്ഥിക്കണം

ലൂക്കാ : 6 : 27 അവന് നന്മ ചെയ്യണം

ലൂക്കാ : 6 : 28 അവന് അനുഗ്രഹിക്കണം

റോമ : 12 : 20 അവന് വെള്ളവും ഭക്ഷണവും കൊടുക്കണം

അതെ, നമ്മളെ വേദനിപ്പിക്കുന്നവൻ നമ്മുടെ പ്രാർത്ഥനയും ശുശ്രൂഷയും നിശബ്ദമായി അവരാ

ശ്യപ്പെടുന്നുണ്ട്. അതുകൊണ്ടാണ് ശവത്തിൽ കുത്തിയ ലൊങ്കിനോസിലേക്ക് അവൻ കാഴ്ചയും കരുണയും ഒഴുക്കിയത്. രക്തവും വെള്ളവും കൊണ്ട് ധ്യാനിക്കണം. ആഴത്തിൽ ധ്യാനിക്കണം.

## 11. ദൈവത്തെ മനസിലാക്കണം.

വിശദമാക്കാം. യോനാപ്രവാചകന്റെ ജീവിത്തിൽ ഒന്നിനുപിറകെ ഒന്നായി നാലു ദുരന്തങ്ങൾ ഉണ്ടായി. ഒരിക്കലും കരകയറാനാവാത്ത നാലു ദുരന്തങ്ങൾ.

1. യോനാ യാത്ര ചെയ്തിരുന്ന കപ്പൽ കൊടുംകാറ്റിൽപ്പെട്ട് തകരുമെന്ന നിലയിലായി (യോന 1 : 4)

2. ആരുമൂലമാണ് ഈ പ്രതിസന്ധി ഉടലെടുത്തത് എന്നറിയാൻ നറുക്കിട്ടപ്പോൾ കൃത്യം യോനാക്കുതന്നെ നറുക്കുവീണു. (യോനാ 1: 7)

3. നറുക്ക് വീണ ഉടനെ കപ്പലിലുള്ളവർ യോനായെ എടുത്ത് കടലിലേക്കെറിഞ്ഞു. (യോനാ 1 : 15)

4. ഒരിക്കലും രക്ഷപ്പെടാനാവാത്തവിധം ഒരു തിമിംഗലം യോനായെ വിഴുങ്ങി (യോനാ 1 : 17)

ഒന്നിനുപിറകെ ഒന്നായി യോനാ നാശക്കയത്തിലേക്ക് കൂപ്പു കുത്തുകയാണ്. കുരുക്കുകൾ യോനായെ ഒന്നൊന്നായി വരിഞ്ഞുമുറുക്കി. ദുരന്തങ്ങൾ ഒരിക്കലും രക്ഷപ്പെടാനാവാത്തവിധം യോനായെ ഞെരുക്കി ശ്വാസം മുട്ടിച്ചു. ഈ ദുരന്തങ്ങൾ അയാൾ ടിക്കറ്റുപോലെ ചോദിച്ചുവാങ്ങിയതാണെന്ന് മാനുഷികമായി വേണമെങ്കിൽ വ്യാഖ്യാനിക്കാം. എന്തായാലും യോന ഇപ്പോൾ നിസ്സഹായനാണ്. നടുക്കടലിലാണ്, രക്ഷപ്പെടാനുള്ള അവസാന പഴുതുമടഞ്ഞ് തിമിംഗലത്തിന്റെ വയറ്റിലാണ്. ശ്വാസോച്ഛ്വാസം പോലും അസാധ്യമായിക്കൊണ്ടിരിക്കുന്ന നിസഹായൻ. ഇവിടെയാണ് ജ്ഞാനം ആവശ്യമുള്ളത്. ശ്രദ്ധിക്കണം. യോനാ സകല മനുഷ്യരുടെയും ഉള്ളിലെ ഒരു സാധ്യതയാണ്. എന്റെയും നിന്റെയും ഉള്ളിലെ സാധ്യത. രക്ഷപ്പെടാനുള്ള സകല പഴുതുകളുമടഞ്ഞ യോനാ ഈ സമയം സ്വയം പഴിച്ചിട്ടുണ്ടാവാം. പിറുപിറുത്തിട്ടുണ്ടാവാം, വേണ്ടായിരുന്നു എന്ന് കരുതിയിട്ടുണ്ടാവാം. എനിക്കിതുതന്നെ വരണം എന്നു ചിന്തിച്ചിട്ടുണ്ടാവാം. ഒപ്പം പ്രാർത്ഥിച്ചിട്ടുമുണ്ട്. പഴിച്ചെങ്കിൽ അതൊന്നാമത് ദൈവത്തേയായിരിക്കണം. കാരണം യോനായ്ക്ക് ആവശ്യമില്ലെന്നു കരുതിയ ഈ പണി പിടിച്ചേൽപ്പിച്ചത് ദൈവമാണല്ലോ. രണ്ടാമത് പഴിച്ചത് കുറിയിട്ടവരെയും എടുത്തെറിഞ്ഞവരെയും

ആയിരിക്കും. മൂന്നാമതായി തിമിംഗലത്തെ പഴിച്ചിരിക്കണം. ഒരിക്കലും രക്ഷപ്പെടാനാവാത്തവിധം യോനായെ കുടുക്കിയത് ആ തിമിംഗലമായിരുന്നല്ലോ. എല്ലാറ്റിനുമൊടുവിലൊരുപ്രാർത്ഥനയും. അത് ഇവിടെ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഒരു ചോദ്യം ഉന്നയിക്കാം. ഇപ്പോൾ യോനായുടെ മുഖ്യ ശത്രു ആരാണ് ? ധ്യാനിക്കുന്നവർക്ക് മനസിലാവും, അത് തിമിംഗലമല്ലാതെ മറ്റാരുമല്ല. ഇനി തിമിംഗലത്തിനു തീറ്റ കിട്ടിയാൽ ന്യായമായും അതെങ്ങോട്ടു പോകണം ? കടലിനടിയിലേക്ക്, ആഴക്കടലിലേയ്ക്കാണ് പോകേണ്ടത്. ഇതാ തിമിംഗലം ആഴക്കടലിലേക്കെന്നുകരുതി തന്റെ യാത്ര ആരംഭിക്കുകയാണ്... മറ്റൊന്ന്, മത്സ്യത്തിന്റെ ഉദരത്തിലായിരിക്കുന്ന യോന ഇപ്പോൾ എന്താണ് ചിന്തിക്കുക? തനിക്കിനി ഒരിക്കലും ഇവിടെനിന്ന് രക്ഷയില്ലെന്ന്. ഇതെന്റെ നാശത്തിലേയ്ക്കുള്ള യാത്രയാണെന്ന്. ആഴിയുടെ ആഴങ്ങളിലേയ്ക്ക് താൻ നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന്. അങ്ങനെ കരുതി തിമിംഗലവും യോനായും മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുമ്പോൾ ഒരു നിമിഷം ... തിമിംഗലം തിരിച്ചറിയുന്നു അത് കരയിലെത്തിയെന്ന്. ആഴക്കടലിലേക്കെന്നുകരുതി ഇത്രയും നേരം യാത്ര ചെയ്തത് കരയിലേക്കായിരുന്നു എന്ന്. തൊട്ടടുത്ത നിമിഷമിതാ യോനായും കരയിലേയ്ക്ക്, ഇവിടെ എന്താണ് സംഭവിച്ചത്?

ആഴക്കടലിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന യോനായുടെ ശത്രുവായ തിമിംഗലത്തിന്റെ ഗതി ശത്രു തന്നെ നാശത്തിലേക്ക് കൊണ്ടുപെയ്ക്കൊണ്ടിരിക്കുന്നു എന്ന് ചിന്തിക്കുമ്പോഴും ശത്രുവിന്റെ ഗതി യോനാക്കനുകൂലമായി തിരിച്ചുവിടുന്ന ഒരു ദൈവം. അതെ, ശത്രുവിന്റെ ഗതി നീയോ ശത്രുവോ അറിയാതെ നിനക്കനുകൂലമാകുന്ന ഒരു ദൈവം. നിത്യനാശത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് നീയും ഇനിയൊരിക്കലും എന്റെ പിടിയിൽ നിന്നും രക്ഷപ്പെടാനാവില്ല എന്ന് നിന്റെ ശത്രുവും നിന്നെക്കുറിച്ച് നിനച്ചിരിക്കുമ്പോൾ ശത്രുവിന്റെ ഗതി നിനക്കനുകൂലമാക്കി രക്ഷയുടെ തീരത്തെത്തിയിരിക്കുന്നു. ഇല്ലെങ്കിൽ എത്താറായിരിക്കുന്നു എന്ന് തിരിച്ചറിയണം. നിന്റെ ദൈവം, നിന്റെ ശത്രുവിന്റെ ഗതി നിനക്കനുകൂലമായി തിരിച്ചുവിട്ടിട്ടുണ്ടെന്ന് നീ കൂട്ടിവായിക്കണം.

ഇവിടെ, നീ കരുതുന്നതുപോലെയാവില്ല ദൈവം നിന്നിലിടപ്പെടുന്നതും നിന്നെ രക്ഷിക്കുന്നതും. ഏശയ്യാ 55 : 9 ''എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല, നിങ്ങളുടെ വഴികൾ എന്റേതുപോലെയല്ല. ആകാശം ഭൂമിയേക്കാൾ ഉയർന്നു നിൽക്കുന്നതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടെതിനേക്കാൾ ഉന്നതമാണത്രേ.'' വീണ്ടുമൊരു ചോദ്യം. യോനാ തന്റെ ശത്രുവെന്നുകരുതിയ തിമിം

ഗലം യഥാർത്ഥത്തിൽ യോനായുടെ ശത്രുവായി രുന്നോ ? അല്ല, അല്ല, അല്ല.... അല്ലെന്നുമാത്രമല്ല, മിത്രവും രക്ഷകനുമായിരുന്നു. കാരണം തിമിംഗലം വിഴുങ്ങിയില്ലായിരുന്നുവെങ്കിൽ യോനാ എങ്ങനെ രക്ഷപ്പെടുമായിരുന്നു ? അവൻ നടുക്കടലിൽ മുങ്ങി മരിക്കുമായിരുന്നു. എന്നാൽ അനുസരണം കെട്ട യോനായെ മനുഷ്യബുദ്ധിക്കതീതമായി പ്രവർത്തി ക്കുന്ന, സ്നേഹിക്കുന്ന ദൈവം ശത്രുവിനെ അയച്ച് അല്ല, ശത്രുരൂപത്തിൽ കടന്നുവന്ന് അവനെ രക്ഷ യുടെ തീരത്തണച്ചു. ഓ ദൈവമേ, അവിടുത്തെ വഴികൾ മനസ്സിലാക്കാൻ ഉൾക്കണ്ണുകളെ പ്രകാശിപ്പി ക്കണമെ എന്ന് പ്രാർത്ഥിക്കുന്നു.

വീണ്ടും അരൂപി നമ്മോടു ചോദിക്കുന്ന അടുത്ത ചോദ്യം. ശത്രുക്കൾ എന്ന് നമ്മൾ കരുതിയ വ്യക്തി കളും നാശകാരണങ്ങൾ എന്ന് നമ്മൾ കരുതിയ സംഭവങ്ങളുമല്ലേ, ദൈവത്തെ കണ്ടുമുട്ടാൻ രക്ഷ യുടെ അനുഭവത്തിലേക്കെത്തിച്ചേരാൻ യഥാർത്ഥ ത്തിൽ നമ്മെ സഹായിച്ചത് ? എളിമയോടെ ധ്യാനി ച്ചാൽ അത് സത്യമാണ്, പരമ സത്യമാണ് എന്ന് നാം സമ്മതിക്കും. എങ്കിൽ ശത്രു എന്ന് കരുതിയവർ നിനക്ക് നന്മ ചെയ്തോ തിന്മചെയ്തോ ? നന്മ ചെയ്തു. കാരണം അവരാണ് എന്നെ രക്ഷയുടെ തീരത്തെത്താൻ സഹായിച്ചവർ. സഹായി എങ്ങനെ ശത്രുവാകും? ഈ സഹായികളെ, മിത്രങ്ങളെ നാം

സ്നേഹിക്കണോ, ദ്രോഹിക്കണോ? ചെറു പുഞ്ചിരിയോടെ നാം സമ്മതിക്കും. സ്നേഹിക്കണമെന്ന്. സുവിശേഷത്തിന്റെ രഹസ്യംവഴി നമ്മുടെ ഇരുളടഞ്ഞ ബുദ്ധിയെ പരിശുദ്ധാത്മാവ് പ്രകാശിപ്പിച്ചപ്പോൾ ഇന്നലെവരെ ശത്രുക്കളായി നാം കരുതിയവർ ഇന്ന് സത്യമായും നമിക്ക് മിത്രങ്ങളാണ്. ഓ പരിശുദ്ധാത്മാവേ, നിനക്ക് നന്ദി. ഓടിച്ചെല്ലാം പ്രിയപ്പെട്ടവരെ, നമുക്കവരുടെ അടുത്തേക്ക്. സത്യം മനസിലാക്കിയ നമുക്കിനി ശത്രുക്കളില്ല. ശത്രുവേ ഉള്ളു. ഒരേയൊരു ശത്രു. ശത്രുവായ പിശാച്. അവൻ നമ്മുടെ പൊതുശത്രുവാണ്. ഇനിയുള്ള യുദ്ധം അവനോടാകട്ടെ. നന്മയുടെ ആയുധമെടുത്ത് കൂട്ടായ ഒരു യുദ്ധം.

ഇവിടെ നാം ധ്യാനിച്ചുകൊണ്ടിരുന്നത് ദൈവത്തെയും അവന്റെ പ്രവർത്തനശൈലിയെയും കുറിച്ചായിരുന്നു. ശ്രദ്ധിക്കുക !! യോനാ. 1 : 4 കർത്താവ് കടലിലേക്ക് ഒരു കൊടുങ്കാറ്റയച്ചു. യോനാ 1 : 17 ‘‘യോനായെ വിഴുങ്ങാൻ കർത്താവ് ഒരു മത്സ്യത്തെ നിയോഗിച്ചു. കർത്താവ് മത്സ്യത്തോട് കൽപിച്ചു. അത് യോനായെ കരയിലേയ്ക്ക് ഛർദ്ദിച്ചിട്ടു. യോനാ 2 : 10. അതെ പ്രിയപ്പെട്ടവരെ എല്ലാറ്റിന്റെയും പിന്നിൽ കർത്താവിന്റെ ഒരു കരമുണ്ട്.

## 12. ദൈവീക പദ്ധതി മനസ്സിലാക്കണം.

നിനവെയിലെ ഒരുലക്ഷത്തി ഇരുപതിനായിര ത്തിൽപരം ആളുകളെ മാനസാന്തരത്തിലേയ്ക്ക് നയിച്ച് യോനായടക്കമുള്ള സകലരുടെയും നിത്യര ക്ഷയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ദൈവത്തിന്റെ അന ന്തമായ രക്ഷാകരപദ്ധതി. ഈ രക്ഷാകരപദ്ധതി യുടെ രഹസ്യം ആർക്കുമനസിലാകുന്നുവോ അവ നുപിന്നെ ഈ ലോകത്തിൽ ദൈവമോ മനുഷ്യനോ ശത്രുവല്ല. മറിച്ച് ഈ പദ്ധതിക്ക് തടസം നിൽക്കുന്ന പിശ്ചാചുമാത്രമാണവന്റെ ശത്രു. ഈ പരമസത്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് എല്ലാറ്റിന്റെയും പിന്നിൽ ദൈവകരം ദർശിക്കാനായതുകൊണ്ടാണ് രാജാവായ ദാവീദിനെ ഷിമേയി എന്ന് സാധാരണ ക്കാരൻ കല്ലും മണ്ണും വാരിയെറിഞ്ഞ് കൊലപാത കി, നീചാ എന്ന് പുലഭ്യം പറഞ്ഞ് ശാപവാക്കുകൾ ചൊരിഞ്ഞപ്പോൾ ദാവീദ് ഇങ്ങനെ ചോദിച്ചത്. ദാവീ ദിനെ ശപിക്കുക എന്ന് കർത്താവ് കൽപ്പിച്ചിട്ടാണ് അവനങ്ങനെ ചെയ്യുന്നതെങ്കിൽ അരുതെന്നുപറയാ നാർക്കുകഴിയും. 2 സാമു. 16 : 10. ആ സംഭവത്തിനു പിന്നിൽ ദാവീദ് ദൈവത്തിന്റെ കരം കണ്ടു. അതു കൊണ്ട് ദാവീദിന് വെറുപ്പില്ല. ഉൽപ. 45 : 15ൽ എന്നെ വിറ്റതോർത്തു നിങ്ങൾ വിഷമിക്കണ്ട, ക്ഷാമ കാലത്ത് ജീവൻ നിലനിർത്താൻ നിങ്ങൾ അല്ല

ദൈവമാണ് എന്നെ ഇങ്ങോട്ട് അയച്ചത്. വീണ്ടും നിങ്ങളെനിക്ക് തിന്മചെയ്തു. ദൈവമോ അതു നന്മ യാക്കിമാറ്റി. ഉൽപ. 50 : 20 അതെ പൂർവ്വ യൗസേ ഷിന് എല്ലാ ദുരിതങ്ങളുടെയും ദുരന്തങ്ങളുടേയും പിന്നിൽ ദൈവകരം ദർശിച്ചു. പത്രോസ് കരുതിയത് ഈ കുരിശ് ഈശോയ്ക്ക് നൽകിയത് യൂദാസാണ്, യൂദന്മാരാണ്, യൂദപ്രമാണിമാരാണ് എന്നൊക്കെ യാണ്. ഈ തെറ്റിദ്ധാരണയിൽ നിന്നായിരിക്കണം വാളെടുത്തുവെട്ടാൻ പത്രോസ് മുതിർന്നതും. എന്നാൽ ഈശോ കുരിശ് സ്വീകരിച്ചത് യൂദൻമാ രിൽ നിന്നല്ല. യൂദാസിൽ നിന്നുമല്ല. പിതാവിന്റെ കരങ്ങളിൽ നിന്നുമായിരുന്നു. അതുകൊണ്ടാണ് വാള് നിന്റെ ഉറയിലിടാൻ അവൾ ആവശ്യപ്പെട്ടതും 'എന്റെ പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ' എന്ന ചോദ്യം ഉന്നയിച്ചതും !!! യോഹ. 18 : 11. അതെ, ഈശോയും എല്ലാത്തി ന്റെയും പുറകിൽ ദൈവത്തിന്റെ കരം ദർശിച്ചു. പ്രിയപ്പെട്ടവരെ, നമ്മുടെ ജീവിതയാത്രയിൽ ദുരന്താ നുഭവങ്ങൾ പങ്കുവച്ച് തന്നവർ നമ്മുടെ തിന്മയ്ക്കാ യിട്ടാണ് അതു ചെയ്തതെങ്കിലും ദൈവം അത് നന്മയ്ക്കാക്കി മാറ്റിയിട്ടില്ലേ ? അതെ ദൈവം താൻ സ്നേഹിക്കുന്നവർക്ക്, തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് സകലതും നന്മക്കാക്കി പരിണമി ഷിക്കുന്നു. റോമ 8 : 28

ഇനി ശത്രുവായ തിമിംഗലം എപ്പോഴാണ് യോനയെ കരയിലേയ്ക്ക് ഛർദ്ദിച്ചിട്ടത് എന്ന ധ്യാനം കൂടി ഇവിടെ ചേർത്തുവയ്ക്കുമ്പോൾ അത് നിങ്ങളെ കൂടുതൽ ഉൾക്കാഴ്ചയിലേയ്ക്ക് നയിക്കും. നമുക്ക് അരൂപിയെ ശ്രദ്ധിക്കാം. യോന. 2 : 9 : 10 ''ഞാൻ കൃതജ്ഞതാസ്‌ത്രോത്രങ്ങളാലപിച്ച് ബലി യർപ്പിക്കും. ഞാനെന്റെ നേർച്ചകൾ നിറവേറ്റും, കർത്താവിൽ നിന്നാണ് രക്ഷ''യോന ഇത്രയും പറഞ്ഞു തീർന്നതും അടുത്ത തിരുവചനം യോന 2 : 10 ''കർത്താവ് മത്സ്യത്തോട് കൽപിച്ചു. അത് യോനയെ കരയിലേയ്ക്ക് ഛർദ്ദിച്ചു'' എന്ന്. അതെ, പ്രിയപ്പെട്ടവരെ, എല്ലാ സംഭവങ്ങളുടെയും പിന്നിൽ ദൈവകരം ദർശിച്ച് അതിന്റെ പിന്നിൽ മറഞ്ഞിരി ക്കുന്ന രക്ഷാകര പദ്ധതി മനസിലാക്കി ദൈവമേ നിനക്കുനന്ദി എന്ന് പറയുകയും കർത്താവിൽ നിന്ന് മാത്രമാണ് രക്ഷ എന്ന് തിരിച്ചറിഞ്ഞ് അവിടുത്തെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് എന്റെ പിതാവ് എനിക്കു തന്ന പാത്രം ഞാൻ കുടിക്കേണ്ടത ല്ലയോ എന്ന മനോഭാവത്തോടെ നമ്മെ ഉപദ്രവിച്ചവ രെയോർത്ത് ദൈവത്തിന് കൃതജ്ഞതാസ്‌ത്രോത്ര ങ്ങളർപ്പിക്കുകയും ചെയ്യുമ്പോൾ നിന്നെ ചുറ്റിവരി ഞ്ഞിരിക്കുന്ന വ്യക്തികളോട്, സംഭവങ്ങളോട്, സാഹചര്യങ്ങളോട്, തൊട്ടടുത്ത നിമിഷം ദൈവം

കൽപിക്കും നിന്നെ വിടുവിക്കാൻ... ! സ്വതന്ത്രമാക്കാൻ.... !

ദൈവമേ, നിനക്ക് നന്ദി ! ലഭിച്ച ഉൾക്കാഴ്ചകളേയോർത്ത്.... ഇതുവരെ കേട്ട കാര്യങ്ങളെ നമുക്ക് ഒന്നനുസ്മരിക്കാം. എന്താണ് ക്ഷമയെന്നാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഒന്നാംഭാഗത്ത് മനുഷ്യനിൽ ആന്തരികവും ബാഹ്യവുമായ വ്യതിയാനങ്ങൾ വരുത്താൻ ശക്തിയുള്ള പുളമാവാണ് ക്ഷയെന്നും, കൊയ്യുന്നവനും വിതക്കുന്നവനും ഒന്നുപോലെ സന്തോഷിക്കുന്ന ഒരു കാത്തിരിപ്പും വേണ്ടാത്തതും 100 മേനി അനുഗ്രഹത്തിന്റെ ഫലം തരുന്നതുമായ സ്വർഗ്ഗരാജ്യത്തിലെ കൃഷിയാണ് ക്ഷമയെന്നും നാം കണ്ടു. വീണ്ടും കടമെഴുതിത്തള്ളലാണ് ക്ഷമയെന്നും, ഹൃദയകവാടത്തിൽ അടച്ചുവച്ചിരിക്കുന്ന വെറുപ്പിന്റെ കല്ലെടുത്തുമാറ്റൽക്കൂടിയാണ് ക്ഷമയെന്നും നാം തിരിച്ചറിഞ്ഞു. എല്ലാറ്റിനുമുപരി മനസിലാക്കലാണ് ക്ഷമയെന്ന് നാം മനസ്സിലാക്കി. നമ്മെ അന്യായമായി ദ്രോഹിച്ച മനുഷ്യന്റെ മനോനിലയും അതിനു പിന്നിലെ പിശാചിന്റെ ഗൂഢതന്ത്രങ്ങളും, എല്ലാറ്റിനുമുപരി അവയുടെ മറഞ്ഞിരിക്കുന്ന ദൈവീക രക്ഷാകരപദ്ധതിയും മനസിലാക്കൽ. ഈ ആഴപ്പെട്ട ഉൾക്കാഴ്ചകൾ തന്ന പരി. ആത്മാവിന് നന്ദിപറഞ്ഞുകൊണ്ട് തുടർന്നുള്ള നിമിഷങ്ങളിൽ ദൈവാനുഗ്രഹത്തിന്റെ പുത്തൻ ദർശനങ്ങളും

സ്പർശനങ്ങളും എനിക്കു തരണമെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അതിവിശിഷ്ടമായി 2-ാം ഭാഗത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം.

ഒന്നുചേർന്ന് നമുക്കേറ്റ് പറയാം

പരിശുദ്ധപരമ ദിവ്യകാരുണ്യത്തിന്....എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

ആമ്മേൻ.

# ഭാഗം 2

## ക്ഷമയുടെ പ്രതിഫലം.

പ്രിയമുള്ളവരേ, എന്താണ് ക്ഷമയെന്ന് കണ്ട നാം രണ്ടാം ഭാഗത്ത് ക്ഷമിച്ചാൽ നമുക്കെന്ത് നേട്ടം എന്നാണ് ചിന്തിക്കുക. ഏതൊരു കാര്യം ചെയ്യുമ്പോഴും ഇതുകൊണ്ട് എനിക്കെന്തുകിട്ടും എന്നൊരു ചിന്ത മനുഷ്യനിൽ മറഞ്ഞുകുടപ്പുണ്ട്. ഇതറിയാവുന്ന ദൈവം വി. ഗ്രന്ഥത്തിൽ ക്ഷമയെന്ന

വാക്ക് ഉപയോഗിച്ചിടത്തെല്ലാം ഒരു പ്രതിഫലമോ സമ്മാനമോ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നെടുത്താലൊന്നു ഫ്രീ. എന്ന പോലെ !! മനുഷ്യനൊന്നിന് ഒന്നു ഫ്രീയാ നൽകുന്നതെങ്കിൽ ദൈവം ഒന്നിനൊരായിരം ഫ്രീ എന്ന തോതിലാണ് നൽകുന്നത്. വി. മാർക്കോസ് 2 : 10 : 11 ലും സങ്കീ 103 : 3 ലും ക്ഷമയും രോഗശാന്തിയുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നതു കാണാം. മർക്കോ 11 : 25 നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗ്ഗത്തിലുള്ള പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും. ഇവിടെ നമ്മുടെ ക്ഷമയുടെ നമുക്കുള്ള പ്രതിഫലം ദൈവിക ക്ഷമയാണ്. മത്താ. 5 : 7. കരുണക്ക് കരുണ സമ്മാനം എന്ന് കാണാം. മത്താ. 18 : 21 മുതൽ 31 വരെ ധ്യാനിച്ചാൽ മനുഷ്യൻ 100 ദനാറ ഇളച്ചുനൽകിയാൽ ദൈവം മനുഷ്യനിളച്ചുനൽകുന്നത് 10,000 താലന്താണെന്ന് കാണാനാവും. ഒരു ദനാറാ ഒരു ദിവസത്തെ കൂലിയും 4 ദിവസത്തെ കൂലി 1 ഷെക്കലും 3000 ഷെക്കൽ ചേർന്നാൽ 1 താലന്തുമാണ് വരിക. ഇവിടെ യജമാനൻ ഇളച്ചു നൽകിയ 10,000 താലന്തിന്റെ മൂല്യം വിലമതിക്കാനാവാത്തതാണ്. അതെ നാം വെറും ഒരു ദനാറ ഇളച്ചുകൊടുക്കുമ്പോൾ നമുക്കു ലഭിക്കുന്ന ഇളവുകൾ അനന്തമാണ്.

പ്രഭാ. 28 : 5 ധ്യാനിച്ചാൽ നാം ക്ഷമിച്ചാൽ നമുക്കായ് യേശുക്രിസ്തു കാൽവരിയിൽ അർപ്പിച്ച പാപപരിഹാര ബലിയുടെ യോഗ്യത അഥവ നിത്യ രക്ഷ സ്വന്തമാക്കാനാവുമെന്ന് മനസിലാകും. മത്താ. 5 : 23 ൽ ക്ഷമിക്കുമ്പോൾ നമ്മുടെ സകല കാഴ്ചകളും ബലികളും പ്രാർത്ഥനകളും ദൈവസന്നിധിയിൽ സ്വീകാര്യമാവുമെന്നും അപ്പ. 6 : 8 : 15ൽ ക്ഷമിക്കുമ്പോൾ സ്വർഗ്ഗീയ ദർശനം ലഭിക്കുമെന്നും മനുഷ്യന്റെ മുഖം സ്വർഗ്ഗീയ ദൂതന്റേതുപോലെയാകുമെന്നും, വി. എസ്താപ്പാനോസിലൂടെയും പൂർവ്വ യൗസേപ്പിന്റെ സംഭവത്തിലൂടെ നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി തിരിച്ചുകിട്ടുമെന്നും നമുക്ക് കാണാനാവും. അതെ, ക്ഷമയെന്ന പുണ്യത്തിന് ദൈവം തരുന്ന സമ്മാനങ്ങൾ എണ്ണമറ്റവയാണ്. ഓരോന്നും നമുക്ക് വിശകലനവിധേയമാക്കാം.

## II. 1. രോഗശാന്തി

പ്രിയപ്പെട്ടവരേ, ആധുനിക ഭിഷഗ്വരന്മാരും മനഃശാസ്ത്രജ്ഞന്മാരും ഒരുമിച്ച് തലകുലുക്കി സമ്മതിക്കുന്ന ഒരു സത്യമുണ്ട്. മനസ്സ് ശരീരവുമായും മറിച്ചും പരസ്പരം ഇഴ ചേർന്നാണ് കിടക്കുന്നത് എന്ന സത്യം. മനസ്സിന്റെ വൈകല്യങ്ങളും ശാരീരിക

രോഗങ്ങളും അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. വെറുപ്പ് എന്ന വിപരീത വികാരം മനുഷ്യന്റെ ആത്മീയ, മാനസിക, ശാരീരിക, ഭൗതീക മണ്ഡലങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. കമ്പ്യൂട്ടറിലെ വൈറസ് ബാധ പോലെ മനുഷ്യനിൽ വിനാശകാരിയാണ് വെറുപ്പ്. ആത്മീയതലത്തിൽ അത് പ്രസാദവരം നഷ്ടപ്പെടുത്തുകയും തന്മൂലം വിശുദ്ധി, പാപബോധം, പശ്ചാത്താപം എന്നിവ നഷ്ടപ്പെടുത്തി ആത്മനാശം വരുത്തുന്നു. മാനസിക തലത്തിലോ? സമാധാനം, ശാന്തി, സ്വസ്ഥത, സന്തോഷം ഇവ നഷ്ടപ്പെടുത്തുകയും ദുരഭിമാനം, ദുർവാശി ഇവ വളർത്തി ആന്തരിക അസ്വസ്ഥ സൃഷ്ടിച്ച് മനുഷ്യനെ നശിപ്പിക്കുന്നു. ഇനി ചിന്താ മണ്ഡലത്തിൽ അത് ചിന്തകളെ കെട്ടുപിണച്ച് കളയുകയും ഏകാഗ്രത നഷ്ടപ്പെടുത്തുകയും തന്മൂലം തീരുമാനമെടുക്കാൻ കഴിയാതെ വരികയും ഭ്രാന്തമായ ചിന്തകൾക്ക് മനുഷ്യനെ അടിമപ്പെടുത്തി നശിപ്പിക്കുകയും ചെയ്യുന്നു. അവസാനമായി ശാരീരിക തലത്തിൽ വെറുപ്പ് ശരീരത്തിന്റെ ഇമ്യൂണിറ്റി പവർ കുറയ്ക്കുകയും രോഗപ്രതിരോധ ശേഷി നശിപ്പിക്കുകയും, തജ്ജന്യമായി ശരീരം വിവിധ രോഗങ്ങൾക്ക് അടിമപ്പെടുകയും ചെയ്യുന്നു. മാത്രമല്ല, രോഗാണുക്കൽ മൂലമല്ലാതെയുണ്ടാകുന്ന അനേകം മനോജന്യ രോഗങ്ങൾക്ക്, സൈക്ക, സോമാറ്റിക് ഡിസീസിന്

അടിമപ്പെട്ട് നാശമടയാനിടയാക്കുന്നു. തലവേദന, ഛർദ്ദി, അലർജി രോഗങ്ങൾ, മുടികൊഴിച്ചിൽ, വായ്നാറ്റം, കാഴ്ചക്കുറവ്, കഴുത്തുവേദന, നടുവേദന, അസിഡിറ്റി, വിശപ്പില്ലായ്മ, കിഡ്നി രോഗങ്ങൾ, ബ്ലഡ് പ്രഷർ, മുഖക്കുരു, ശ്വാസം മുട്ടൽ, ദഹനക്കുറവ് തുടങ്ങിയ ഇന്നു കാണുന്ന 65% ത്തിലധികം വരുന്ന രോഗങ്ങളും മനോജന്യമാണെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു. പ്രിയപ്പെട്ടവരേ, ആത്മാവ്, മനസ്, ശരീരം, ബുദ്ധി ഇവടെ സമൂലം നാശോന്മുഖമാക്കുന്ന സർവ്വ സംഹാരിണിയാണ് വെറുപ്പ്. ഈ വെറുപ്പിനെ ദൈവീക ശക്തിയിലാശ്രയിച്ച് അതിജീവിച്ചാൽ ദൈവം നമുക്ക് തരുന്ന ഒന്നാമത്തെ പ്രതിഫലമാണ് ശാരീരിക സൗഖ്യം.

സൗഖ്യം എന്ന പദം വെറുമൊരു രോഗശാന്തിയിലൊതുങ്ങാത്തതും ഏറെ വ്യാപൃതിയും വിസ്തൃതിയും ഉള്ളതുമാണത്. ആത്മശാന്തി, മനഃശാന്തി, ശാരീരിക രോഗ ശാന്തി, എന്നീ മണ്ഡലങ്ങളെയെല്ലാം സ്പർശിച്ച് കിടക്കുന്ന പദമാണത്. ഇവിടെ ആദ്യം ശാരീരിക രോഗശാന്തിയെയാണ് നാം വിശകലന വിധേയമാക്കുക. 1992ൽ എന്റെ അമ്മച്ചിക്ക് ഒരു കിഡ്നി രോഗം പിടിപെട്ട് ബത്തേരി അസംപ്ഷൻ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. പലതരത്തിലുള്ള പരിശോധനകൾക്ക് ശേഷം സ്കാനിംഗും നടത്തി. അന്നത്തെ അവിടുത്തെ യൂറോളജിസ്റ്റായി

രുന്ന ഡോ. ഉണ്ണി കൃഷ്ണൻ പറഞ്ഞു. അമ്മച്ചി യുടെ ഇടതു കിഡ്നിക്ക് ചുറ്റുമായി ഒരു മാസ് രൂപപ്പെട്ടിട്ടുണ്ട് എന്ന്. വിദഗ്ധ ചികിത്സയ്ക്കായി അമ്മച്ചിയെ മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി. അവിടെ വച്ച് അമ്മച്ചി യുടെ ഇടതുവശത്തെ കിഡ്നി ഒരു മേജർ ഓപ്പറേ ഷനിലൂടെ നീക്കം ചെയ്തു. നീണ്ട 60 ദിവസത്തെ ചികിത്സയ്ക്കുശേഷം ആശുപത്രി വിടുമ്പോൾ പ്രൊഫ. വേണുഗോപാൽ പറഞ്ഞു. ''ജോസേ, ഇനി അമ്മച്ചിക്ക് ഒരു കിഡ്നിയേ ബാക്കിയുള്ളൂ. അതിന് ഇപ്പോൾ കുഴപ്പമൊന്നുമില്ല. എന്നാൽ ഇതുപോ ലൊരു ഇൻഫക്ഷൻ അതിനുമുമ്പുണ്ടായാൽ അതപ കടത്തിന് കാരണമാകും. മാത്രമല്ല, പ്രായാധിക്യമായ തിനാൽ ഇനിയൊരു കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ബുദ്ധിമുട്ടായിരിക്കുമെന്ന്, അതുകൊണ്ട് വളരെ ശ്രദ്ധിക്കണമെന്ന്. മരുന്നും മറ്റുമായി അമ്മച്ചി യെയും കൊണ്ട് ഞാൻ തിരിച്ചുപോന്നു. മാസങ്ങൾ നീങ്ങി. ഒരു ദിവസം വീണ്ടും അമ്മച്ചിക്കൊരു വയറ്റു വേദന. വീണ്ടും അഡ്മിറ്റു ചെയ്തു. സ്കാനിംഗ് നടത്തിയപ്പോൾ നടുക്കുന്ന ആ സത്യം ഞങ്ങൾ തിരിച്ചറിഞ്ഞു. അമ്മച്ചിയുടെ ഉള്ള കിഡ്നിക്കും അതേ ഇൻഫക്ഷൻ ബാധിച്ചിരിക്കുന്നു. റിസൽറ്റു മായി അമ്മച്ചിയെക്കൂടാതെ ഞാൻ മണിപ്പാ ലിൽപോയി ഡോക്ടറെ റിസൽറ്റ് കാണിച്ച് വിവര

ങ്ങൾ പറഞ്ഞു. എല്ലാം പരിശോധിച്ച് അൽപനേരത്തെ മൗനത്തിനുശേഷം ഡോക്ടർ പറഞ്ഞു. ഇനി വൈദ്യശാസ്ത്രത്തിന് പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ല. പ്രാർത്ഥിക്കുക. അതുമാത്രമേ വഴിയുള്ളൂ. അദ്ദേഹമെന്നെ ആശ്വസിപ്പിച്ചയച്ചു. ഞാൻ വിഷമത്തോടെ തിരിച്ചുപോന്നു. തുടർന്ന് പ്രത്യാശ കൈവെടിയാതെ മരുന്നുകഴിച്ച് അമ്മച്ചി മുന്നോട്ട് പോകുമ്പോൾ സുൽത്താൻ ബത്തേരി സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഗ്രൗണ്ടിൽ ബഹു. മാത്യു നായ്ക്കംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ ഒരു ബൈബിൾ കൺവെൻഷൻ നടക്കാൻ പോകുന്നു എന്നറിഞ്ഞു. ഉടൻ തന്നെ ഞാൻ അസംഷൻ ഹോസ്പിറ്റലിലെ അന്നത്തെ അഡ്മിനസ്ട്രേറ്ററായിരുന്ന സി. മേഴ്സ് സി. എച്ച്. നെ ചെന്നുകണ്ട് ഞാൻ പറഞ്ഞു. ഇങ്ങനെയൊക്കയാണ് അമ്മച്ചിയുടെ ഇപ്പോഴത്തെ സ്ഥിതി. കൺവൻഷനിൽ അമ്മച്ചിയെ പങ്കെടുപ്പിച്ചാൽ കൊള്ളാമെന്നുണ്ട്. ഒരാഴ്ച ആശുപത്രിയിൽ അഡ്മിറ്റ് ചെയ്താൽ പകൽ പോയി കൺവൻഷൻ കൂടാമായിരുന്നു. ഞാൻ ആഗ്രഹം പ്രകടിപ്പിച്ചു. രണ്ടാമതൊന്നാലോചിക്കാതെ സിസ്റ്റർ കേട്ടപാടെ പറഞ്ഞു. ‘‘അതിനെന്താ മോനേ, ഒരു കുഴപ്പവും ഇല്ല’’ എന്ന്. തുടർന്ന് അമ്മച്ചിയെ കൺവൻഷനായി അവിടെ അഡ്മിറ്റ് ചെയ്തു. ഡോക്ടറുടെ നിർദ്ദേശപ്രകാരം രാവിലെ

പോകുമ്പോഴും വൈകുന്നേരം തിരിച്ച് വരുമ്പോഴും യൂറിനെടുത്ത് ലാബോറട്ടറിയിൽ പരിശോധനയ്ക്കായി കൊടുത്തുകൊണ്ടിരുന്നു. കൺവൻഷന്റെ മൂന്നാം ദിവസം വൈകുന്നേരം നാലുമണിയോടെ ബഹു. നായ്ക്കാംപറമ്പിലച്ചന്റെ നേതൃത്വത്തിലുള്ള രോഗശാന്തി ശുശ്രൂഷ ആരംഭിച്ചു. പന്തലിൽ നിറയെ ഹല്ലേല്ലൂയാ സ്തുതികൾ മാത്രം! പ്രാർത്ഥനാനിർഭരമായ സ്വർഗീയ അന്തരീക്ഷം ! അച്ചൻ വേദിയിൽ വന്നുനിന്ന് മൈക്ക് കൈയ്യിലെടുത്ത് ദൈവത്തിന് സ്തുതി പറഞ്ഞ് ഒരു തിരുവചനം ഉറക്കെ വിളിച്ചുപറഞ്ഞു. ഏശയ്യ 1 : 15. ''നിങ്ങൾ കരങ്ങളുയർത്തുമ്പോൾ ഞാൻ നിങ്ങളിൽ നിന്നും മുഖം മറയ്ക്കും. നിങ്ങൾ എത്ര പ്രാർത്ഥിച്ചാലും ഞാൻ കേൾക്കുകയില്ല. നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ എന്ന്!!'' വീണ്ടും ''അയൽക്കാരന്റെ പാപങ്ങൾ ക്ഷമിച്ചാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ പാപങ്ങൾക്കും അവിടുന്ന് ക്ഷമിക്കും'' ഒരു തിരുവചനം കൂടി അച്ചൻ ഉറക്കെ വിളിച്ചുപറഞ്ഞു. മാർക്കോ. 11 : 25 ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അത് ക്ഷമിക്കുവിൻ'' പ്രിയപ്പെട്ടവരേ, പ്രകൃതിയുടെ സ്വരം പ്രതിധ്വനിയുടെ സ്വരമാണ്. ഒരു മലയടിവാരത്തിൽ ചെന്നുനിന്ന് നിന്നെ ഞാൻ സ്നേഹിക്കുന്നു എന്ന് വിളിച്ച് പറഞ്ഞാൽ മലയിൽ

തട്ടി അത് പ്രതിധ്വനിക്കും. നിന്നെ ഞാൻ സ്നേഹി ക്കുന്നു എന്നുതന്നെ. അച്ചൻ തുടർന്നു ദൈവിക ക്ഷമയാണ് നിങ്ങളിൽ നിന്നും ഇപ്പോൾ പ്രതിധ്വനി ക്കേണ്ടത്. കാരണം ദൈവം നിങ്ങളോട് ക്ഷമിച്ചിരി ക്കുന്നു എന്നരുളിചെയ്തിരിക്കുന്നു. അതുകൊണ്ട് നിങ്ങളും ഇപ്പോൾ ക്ഷമിച്ചിരിക്കുന്നു എന്ന് പ്രത്യു ത്തരിക്കണം. കുമ്പസാരക്കൂട്ടിൽ സർവ്വം ക്ഷമിച്ച ദൈവം ഇപ്പോൾ നിങ്ങളോടാവശ്യപ്പെടുന്നു. പര സ്പരം ക്ഷമിച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കുവാൻ. ഇപ്പോഴാരെങ്കിലും ക്ഷമിച്ച് അനുഗ്രഹിച്ച് പ്രാർത്ഥി ച്ചാൽ ഏശ: 65 : 24ൽ പറഞ്ഞിരിക്കുന്ന ‘‘വിളിക്കും മുമ്പേ ഞാനവർക്ക് ഉത്തരമരുളും, പ്രാർത്ഥിച്ചു തീരുംമുമ്പേ ഞാനതു കേൾക്കും’’ എന്ന തിരുവ ചനം ഇവിടെ അന്വർത്ഥമാകുമെന്ന്.

പ്രിയപ്പെട്ടവരേ, ഇനി ഞാനിവിടെ പറയാൻ പോകുന്ന കാര്യങ്ങൾ പിന്നീട് അമ്മച്ചി എന്നോട് പറ ഞ്ഞറിഞ്ഞവയാണ്. എന്റെ അമ്മച്ചിയുടെ ചാച്ചൻ അമ്മച്ചിക്ക് ഏതാണ്ട് ഏഴു വയസ്സുള്ളപ്പോൾ മരിച്ചു പോയി. വിധവയായ വല്യമ്മച്ചി കുട്ടനാടൻ പാടശേഖ രങ്ങളിൽ പണിയെടുത്താണ് ഈ മകളെയും ബാക്കി രണ്ടാൺ മക്കളെയും വളർത്തിയെടുത്തത്. അപ്പനി ല്ലാതെ വളർത്തിയതുകൊണ്ടും അന്നത്തെ രീതി അതായിരുന്നതുകൊണ്ടും 14 വയസ്സുള്ളപ്പോൾ തൊട്ടടുത്ത ഇടവകയിലേയ്ക്ക് വിവാഹം ചെയ്തയ

ച്ചു. എന്നാൽ താമസിയാതെ എന്റെ ചാച്ചന്റെ വീട്ടുകാർ അവിടെ നിന്നും സ്ഥലം വിറ്റ് ഏതാണ്ട് മുന്നൂറിലധികം കിലോമീറ്ററകലെ ഗുഡല്ലൂർ പ്രദേശത്തേക്ക് ഏതാണ്ട് 60 വർഷം മുമ്പ് കുടിയേറിപ്പാർത്തു. പ്രിയപ്പെട്ടരേ, പിന്നീടങ്ങോട്ട് കുടിയേറ്റ ദുരിതങ്ങളനുഭവിച്ചിട്ടുള്ളവർക്കറിയാം അന്നത്തെ ദുരിതങ്ങൾ. ദാരിദ്ര്യം, പട്ടിണി, രോഗങ്ങൾ, ഏകാന്തത, കാട്ടുമൃഗങ്ങൾ, പകർച്ച വ്യാധികൾ എല്ലാത്തിനോടുമൊപ്പം 10 കുഞ്ഞുങ്ങളും എണ്ണ പുരട്ടാനില്ലാതെ തലമുടി തലയോട് ചേർത്ത് മുറിച്ചുകളഞ്ഞ സംഭവം... ഉടുതുണിക്ക് മറുതുണിയില്ലാതെ കഷ്ടപ്പെട്ട നാളുകൾ... ദൈവത്തോട് ക്ഷമിക്കാൻ പറ്റുന്നില്ല ! ചുറ്റുമുള്ളവരോട്, സാഹചര്യങ്ങളോടും, കൂടെയുള്ളവരോടും ഓർക്കുമ്പോൾ ക്ഷമിക്കാൻ കഴിയുന്നില്ല. അമ്മച്ചി തുടരുകയാണ്. മോനേ, ഞാൻ ആ കൺവൻഷൻ പന്തലിലിരുന്ന് ഓരോരുത്തരേയും ഓരോന്നും ഓർത്തോർത്ത് ക്ഷമിച്ച്, എല്ലാവരോടും ക്ഷമിച്ചുകഴിഞ്ഞപ്പോൾ വേദിയിൽ നിന്ന് ബഹു. നായ്ക്കം പറമ്പിലച്ചൻ വിളിച്ചുപറഞ്ഞു.''ഇടതുവശത്തെ കിഡ്നി റിമൂവ് ചെയ്ത് വലതുവശത്തെ കിഡ്നിക്ക് പസ് ബാധിച്ച മേരി ജോസഫ് എന്ന സഹോദരിയെ കർത്താവ് സുഖപ്പെടുത്തുന്നു'' എന്ന്.

പ്രിയപ്പെട്ടവരേ, അന്നുവൈകുന്നേരം കൺവൻഷൻ കഴിഞ്ഞ് ആശുപത്രിയിലെത്തി അമ്മ ച്ചിയുടെ യൂറിനെടുത്ത് പരിശോധിച്ച ആശുപത്രി അധികാരികളും ഞങ്ങളും ഞെട്ടിപ്പോയി. അങ്ങനെ യൊരു രോഗമോ, രോഗത്തിന്റെ ലാഞ്ഛനപോലു മോ, പഴുപ്പിന്റെ അംശം പോലുമോ യൂറിനിൽ കാണാനുണ്ടായിരുന്നില്ല. മാത്രമല്ല പിന്നീട് അമ്മച്ചി യുടെ നരച്ച് നഷ്ടപ്പെട്ട മുടികളെല്ലാം വളർന്ന് വരി കയും ചെയ്തു. നാളുകളെണ്ണപ്പെട്ടു എന്ന് വൈദ്യ ശാസ്ത്രം വിധിയെഴുതിത്തള്ളിയ എന്റെ അമ്മച്ചി വീണ്ടും നീണ്ട പതിനൊന്നുവർഷം ജീവിച്ച് മറ്റൊരു രോഗം വന്നാണ് മരിച്ചത്. ഹല്ലേലൂയ്യാ.... പ്രിയപ്പെട്ട വരേ, ക്ഷമിക്ക്.... എത്രയോ വർഷങ്ങളായി നീ രോഗിയായി കഴിയുന്നു. വെറുപ്പാണ് നിന്റെ രോഗ ത്തിന്റെ കാരണമെങ്കിൽ, ക്ഷമിക്കാൻ പറ്റാത്തതാണ് നിന്റെ സൗഖ്യത്തിന് തടസ്സമെങ്കിൽ കാരണം മാറി യാൽ കാര്യം മാറ്റാം. ഉറപ്പ് !! എത്രയെത്രെ ഉദാഹ രണം വേണമെങ്കിലും ഇക്കഴിഞ്ഞ ശുശ്രൂഷാ നാളു കളുടെ പിൻബലത്തിൽ എനിക്ക് പറയാനാകും. ഒരി ക്കൽ രാഷ്ട്രപതിയുടെ കൈയിൽ നിന്നും ഏറ്റവും നല്ല അധ്യാപികക്കുള്ള അവാർഡ് വാങ്ങിയ ടീച്ചറെ ധ്യാനമദ്ധ്യേ കണ്ടുമുട്ടി. കൗൺസിലിംഗ് ശുശ്രൂഷാ മദ്ധ്യേ ആ ടീച്ചർ സകലരോടും ക്ഷമിച്ച് പ്രാർത്ഥിച്ച പ്പോൾ കൈയുടെ തോൾ ഭാഗത്തുണ്ടായിരുന്ന ഒരു

വലിയ മുഴ കർത്താവ് അപ്രത്യക്ഷമാക്കി. അനി യത്തി ധ്യാനകേന്ദ്രത്തിലിരുന്ന് ക്ഷമിച്ചു പ്രാർത്ഥിച്ച പ്പോൾ ആയിരക്കണക്കിന് കി. മീറ്ററകലെ താമസി ക്കുന്ന 11 വർഷമായി 2-ാമതൊരു കുഞ്ഞിനുവേണ്ടി കാത്തിരുന്ന ചേച്ചിക്ക് മാലാഖയെപ്പോലെ ഒരാൺകു ഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. മാത്രമല്ല, ഓപ്പറേഷനു തിയ്യതി നിശ്ചയിച്ചിരുന്ന ഈ അനിയ ത്തിയുടെ കഴുത്തിയെ ഗോയിറ്റർ, രോഗവും കർത്താവ് സുഖപ്പെടുത്തി. പ്രിയപ്പെട്ടവരേ, ഈ തിരുവചനം ഒരിക്കൽക്കൂടി നമുക്കോർക്കാം. സങ്കീ 103 : 3. ''അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കു ന്നു. നിന്റെ രോഗങ്ങൾ സുഖമാക്കുന്നു'' യേശു വിന്റെ സന്നിധിയിലിരുന്ന് ആരൊക്കെയാണോ നിന്നെ ദ്രോഹിച്ചിട്ടുള്ളത്, മുറിപ്പെടുത്തിയിട്ടുള്ളത്, അവഗണിച്ചത്, അപമാനിച്ചത്, നിന്ദിച്ചത്. അപവാദ പ്രചരണം നടത്തിയത് അവരെയൊക്കെ അവർ ചെയ്തതെന്തെന്ന് അവരറിയായ്കയാൽ ആരോ ടാണ് അവർ ചെയ്തതെന്ന് അവർ തിരിച്ചറിയാ യ്കയാൽ അവരോട് ക്ഷമിക്കണമെ എന്ന് പ്രാർത്ഥിച്ച് അവരെ ക്ഷമിച്ചനുഗ്രഹിക്കാനുള്ള കൃപ യ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് നമുക്കവിടുത്തെ ആരാധിച്ചേറ്റുപറയാം....

പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ, ആമ്മേൻ

## II. 2. സമാധാനം

ക്ഷമയുടെ മറ്റൊരു ഫലം സമാധാനമാണ്. ചിലരുടെ മനസ് കടലുപോലെ പ്രക്ഷുബ്ധമാണ്. തിരയടങ്ങാത്ത തീരം പോലെ, ചിലർ പടക്ക ശാലകൾ പോലെയാണ്. ഒരു തീപ്പൊരിക്ക് ഏതു നിമിഷവും കത്തിച്ച് ചാമ്പലാക്കാവുന്ന പടക്ക ശാലകൾ. ഒരു കൊച്ചു പ്രശ്നത്തിനുപോലും നിയന്ത്രണാതീതമായി പൊട്ടിത്തെറിക്കുന്നവർ. മാനസിക സംഘർഷത്തിനടിപ്പെട്ട് ഉറക്കം നഷ്ടപ്പെട്ട് മനോരോഗികളായിത്തീർന്നവർ. നാഹൂം 3 : 19 ''നിന്റെ ക്ഷതത്തിന് ശമനമില്ല. നിന്റെ മുറിവുകൾ മാരകമാണ്.'' നീരസവും വെറുപ്പും വിദ്വേഷവും പകയും പ്രതികാരചിന്തയും മനസിലേൽപ്പിച്ച ആഘാതങ്ങൾ അനേകർക്ക് ചിത്തഭ്രമത്തിനു വരെ കാരണമായിരിക്കുന്നു. ഒരിക്കലൊരിടവകയിൽ ധ്യാനം നടക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ കൗൺസിലിംഗ് ശുശ്രൂഷയ്ക്ക് വന്നു. അവൻ പറഞ്ഞു. ''ചേട്ടാ, ഞാനൊരു മനോരോഗിയാണ്. വർഷങ്ങളായി മാനസികരോഗത്തിന് മരുന്നു കഴി

ക്കുന്നയാളാണ് ഞാൻ. എന്നെ രക്ഷപ്പെടാൻ ഒന്നു സഹായിക്കാമോ'' നിസഹായതയിൽ നിന്നുയർന്ന അവന്റെ ചോദ്യം. ഞാൻ പറഞ്ഞു. തീർച്ചയായും... നീ സഹകരിക്കുമെങ്കിൽ ഞാൻ സഹായിക്കാം. സുഖപ്പെടുത്തുന്നത് കർത്താവാണ്. പ്രാർത്ഥന യോടെ ശുശ്രൂഷ ആരംഭിച്ചു. ആമുഖമൊക്കെ പറ ഞ്ഞുതുടങ്ങിയ അവൻ തന്നെ നേരിട്ട് പ്രശ്നത്തി ലേയ്ക്ക് കടന്നു. 10-ാം ക്ലാസ്സ നല്ല മാർക്കോടെ പാസ്സായി. അവൻ ഉപരിപഠനത്തിനുപോയി. പല സ്ഥലങ്ങളിൽ, പക്ഷേ എവിടെയും അവന് നില നിൽക്കാനായില്ല. സാഹചര്യങ്ങളോട് പൊരുത്തപ്പെ ടാനുമായില്ല. എവിടെപ്പോയാലും അൽപം കഴിഞ്ഞ് തിരിച്ചുപോരും. കാര്യങ്ങളുടെ പിന്നിൽ മറഞ്ഞിരി ക്കുന്ന കാരണങ്ങളിലേക്ക് ഞാനിറങ്ങിച്ചെന്നപ്പോൾ അവൻ പറഞ്ഞു. എനിക്കൊരാളോട് തീർത്താൽ തീരാത്ത പക ഉള്ളിലുണ്ട്. ഞാൻ തിരക്കി. ആരോടാ ണത്? അവൻ പറഞ്ഞു. എന്റെ അമ്മയോടാ. ശബ്ദം താഴ്ത്തി അവൻ പറഞ്ഞു. ഞാൻ ചെറുപ്പ മായിരുന്നപ്പോൾ വീട്ടിൽ ഒരാൾ സ്ഥിരമായി വരുമാ യിരുന്നു. ഒരു ദിവസം എന്റെ അമ്മയും അയാലും കൂടി പാപം ചെയ്യുന്നത് ഞാൻ കണ്ടു. എനിക്ക യാളെ കൊല്ലണമെന്നുതോന്നി. പക്ഷേ, ഞാൻ കുഞ്ഞായിരുന്നല്ലോ. അപ്പനോടുപറയാം എന്നുവ ച്ചാൽ അപ്പൻ അമ്മയെ കൊന്നുകളയുമെന്ന ഭയം.

അമ്മയെ കാണുമ്പോഴൊക്കെ വെറുപ്പുള്ളിലൊതുക്കി ഞാൻ മുഖവും തിരിച്ചു നടന്നു. പഠനത്തിൽ ശ്രദ്ധിക്കാൻ പറ്റാതെയായി. മാർക്കുകുറഞ്ഞു. വീട്ടിൽ നിന്ന് ശിക്ഷയാരംഭിച്ചു. കാരണം മാത്രം ആരോടും പറയാൻ പറ്റില്ല. എല്ലാം ഉള്ളിലൊതുക്കിയ ഞാൻ ഒരു മനോരോഗിയുടെ ലക്ഷണം കാട്ടിത്തുടങ്ങി. മനോരോഗാശുപത്രിയിൽ കൊണ്ടുപോയി. ഉപദേശങ്ങൾ, മരുന്നുകൾ, ഷോക്കുകൾ എന്റെ മനസ്സ് മരവിച്ചു ചേട്ടാ.. മടുത്തു.. എനിക്കൊന്നിലും സന്തോഷിക്കാൻ പറ്റുന്നില്ല... ഞാൻ ചോദിച്ചു. അമ്മയുടെ ആ കാര്യം മോനറിയാമെന്ന വിവരം അമ്മയ്ക്കറിയാമോ ? പെട്ടെന്നവൻ പറഞ്ഞു. ഇല്ല. ഡോക്ടറോട് പോലും ഞാനിക്കാര്യം പറഞ്ഞിട്ടില്ല. എനിക്ക് കാര്യത്തിന്റെ ഗൗരവം മനസ്സിലായി. ഞാൻ ചോദിച്ചു. മോനേ അമ്മ പള്ളിയിൽ വന്നിട്ടുണ്ടോ? ഉണ്ടെന്ന് മറുപടി. പിന്നെ വിളിക്കാമെന്ന് പറഞ്ഞ് ഞാനാ മോനെ പറഞ്ഞു വിട്ട് മറ്റൊരാളെ വിട്ട് അമ്മയെ വിളിപ്പിച്ചു. ആമുഖമൊക്കെപ്പറഞ്ഞ് ശുശ്രൂഷയ്ക്കിടയിൽ ആ അമ്മ പറഞ്ഞു. ചേട്ടാ, എന്റെ ജീവിതത്തിൽ എനിക്കൊത്തിരി തെറ്റുപറ്റിയിട്ടുണ്ട്. അതൊക്കെ ഓർക്കുമ്പോൾ ആ അമ്മ ഒന്നു നിർത്തി. അപ്പോൾ ഞാൻ ചോദിച്ചു. നന്നായി കുമ്പസാരിച്ചോ? നന്നായി കുമ്പസാരിച്ചു, അമ്മയുടെ മറുപടി. എങ്കിൽ ദൈവം നിന്നോട് എല്ലാം ക്ഷമിച്ചു

വല്ലോ. എല്ലാം അവിടുന്ന് മറന്നുകളയുകയും ചെയ്തു. ദൈവം മറന്നത് നമ്മളെന്തിനാ ഓർക്കുന്നത്. ഞാൻ ചോദിച്ചു. സഹോദരി, ജീവിതത്തിൽ ഇങ്ങനെ തെറ്റുപറ്റാനിടയായത് വീട്ടിൽ മറ്റാർക്കെങ്കിലും അറിയാമോ. അവൾ പറഞ്ഞു. ഹേയ്... ആർക്കുമറിയില്ല, എനിക്കും, ദൈവത്തിനും, അയാൾക്കുമല്ലാതെ, ഞാനാ മകളെ ശാന്തമായി കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി. എല്ലാം അറിയുന്ന ഒരാൾക്കൂടി ഈ ലോകത്തിലുണ്ട്. അത് നിങ്ങളുടെ മനോരോഗിയായ മകനാണ്.

പ്രിയപ്പെട്ടവരെ, ആ അമ്മക്കതുവിശ്വസിക്കാനായില്ല. അവളുടെ മുഖം വിവർണ്ണമായി, വിയർത്തു കുളിച്ചു. എങ്കിലും സാവകാശം അവളാ സത്യങ്ങൾ അംഗീകരിച്ചു. ഞാൻ തുടർന്നു, ഒരു നിമിഷം നിങ്ങൾ നിങ്ങളുടെ മകനോട് എനിക്കുതെറ്റുപറ്റിപ്പോയി മോനേ, നീയെന്നോട് ക്ഷമിക്കണം എന്ന് പറയാൻ തയ്യാറായാൽ മനോരോഗിയായ മകന്റെ ജീവിതം നിനക്ക് വീണ്ടെടുക്കാം. നിറഞ്ഞൊഴുകുന്ന കണ്ണുകളുയർത്തി അവൾ പറഞ്ഞു. ഒരുവട്ടമല്ല ചേട്ടാ, ഒരായിരം വട്ടം ഞാൻ പറയാം. ഞാനാ മകനെ മുറിയിലേയ്ക്ക് വിളിപ്പിച്ചു. അമ്മയും മകനും എല്ലാം മനസ്സിലാക്കി കണ്ടുമുട്ടുന്ന ആദ്യത്തെ നിമിഷം സാത്താൻ മുതലെടുക്കാതിരിക്കാനും സ്വർഗ്ഗം ഏറ്റെടുക്കാനും ഞാൻ പ്രാർത്ഥിച്ചു. പ്രിയപ്പെട്ടവരെ,

പ്രതീക്ഷിച്ചത് തന്നെ സംഭവിച്ചു. വാക്കുകളുടെ പ്രസക്തി നഷ്ടപ്പെട്ട നിമിഷം... അമ്മയുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു തുളുമ്പി. ഒരു നിമിഷം. മകൻ അമ്മയെ സർവ്വം മറന്ന് കെട്ടിപ്പുണർന്നു. മകന്റെ കണ്ണുകളും നിറഞ്ഞൊഴുകി. ഉയരം കൂടിയ മകന്റെ കണ്ണിൽ നിന്നും ഒഴുകിയ കണ്ണുനീർ ഉയരം കുറഞ്ഞ അമ്മയുടെ നിറുകയിൽ വീഴുന്നത് ഞാൻ കണ്ടു. കരുണ കാട്ടണെ മോനേ എന്ന് ആ അമ്മ കണ്ണുകൾകൊണ്ട് യാചിച്ചത് അവനുമനസ്സിലായി. എനിക്കുമനസ്സിലായമ്മെ, ഞാൻ ക്ഷമിക്കുന്നു എന്നാ മകന്റെ മുഖവും വിളിച്ചുപറയുന്നുണ്ടായിരുന്നു. എന്റെ ശുശ്രൂഷാ ജീവിതത്തിലെ ഏറ്റവും മനോഹരമായ മുഹൂർത്തങ്ങളിലൊന്നായിരുന്നു അത്. പിന്നീട് ആ മകൻ മാനസിക രോഗത്തിന് മരുന്ന് കഴിച്ചിട്ടില്ല. ഇന്നവൻ നഷ്ടപ്പെട്ടുപോയ പഠനം പൂർത്തിയാക്കി അറിയപ്പെടുന്ന സോഫ്റ്റ് വെയർ കമ്പനിയിൽ പ്രോഗ്രാമറാണ്.

## II. 3. സമ്പത്ത്

ഇനി ക്ഷമിച്ചു പ്രാർത്ഥിച്ചനുഗ്രഹിച്ചാൽ ദൈവം നമ്മുടെ സമ്പത്തും ഐശ്വര്യവും പുനഃസ്ഥാപിക്കും. പൂർവ്വ യൗസേഫ് തന്നെ ദ്രോഹിച്ച സഹോദരങ്ങ

ളോട് ക്ഷമിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നതിനാൽ കർത്താവ് അവനോട് കൂടെയുണ്ടായിരുന്നു. അവൻ ചെയ്തതൊക്കെയും കർത്താവ് ഭേദമാക്കുകയും ചെയ്തു എന്ന് നാം വായിക്കുന്നു. ഉൽപ. 39 : 23. മറ്റൊരു തിരുവചനം ഉൽപ 41 : 49 ''കടൽക്കരയിലെ മണലുപോലെ കണക്കറ്റ ധാന്യം ജോസഫ് ശേഖരിച്ചുവച്ചു. അതളക്കാൻ വയ്യാത്തതിനാൽ അവൻ അളവ് നിർത്തി എന്ന്'' വെറുപ്പ് നമ്മുടെ സമ്പത്തിനെ 2 തരത്തിൽ നിർവീര്യമാക്കും. 1. പിടിവാശിയും നിർബന്ധ ബുദ്ധിയും നാശത്തിലൊടുങ്ങും എന്ന തിരുവചനം നമ്മിൽ നിറവേറാൻ ഇടയാക്കും. പാരമ്പര്യമായി വെറുപ്പ് ബന്ധനത്തിലാക്കിയ കുടുംബങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. പാപം ചെയ്തതിലൂടെ ആദം ഹവ്വായെ വെറുത്തു. തുടർന്ന് ഈ ആദത്തിന്റെ മകൻ കായേൻ സഹോദരൻ ആബേലിനെ വെറുത്തു. ഇനി കായേന്റെ പ്രതികാരം 7 ഇരട്ടിയിൽ ലാമെക്കിന്റേന് 70 ഇരട്ടിയായിരിക്കും. ഉൽപ. 4 : 24. അതെ തലമുറകൾ മറിയുംതോറും വെറുപ്പ് വർദ്ധിച്ചുവരുന്നതായും കാണാം. അതിർത്തിയിൽ നിന്ന ഒരു കൊച്ചുതേക്കുമരത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കാൻ കേസുകൊടുത്ത് മൂന്ന് ലക്ഷത്തോളം രൂപ കളഞ്ഞുകുളിച്ച ഒരാളെ എനിക്കറിയാം. അതുപോലെ 10 തേക്കുമരം വാങ്ങാനുള്ള പണമാണയാൾക്ക് നഷ്ടപ്പെട്ടത്. ഒപ്പം സമാധാന

വും. അയാളുടെ മരണശേഷം ഇന്ന് മക്കൾത്തമ്മിൽ അതിന്റെ കുടിപ്പകയും തുടർന്നുകൊണ്ടിരിക്കുന്നു. ധ്യാനിക്കണം പ്രിയപ്പെട്ടവരേ, ധ്യാനിക്കണം. പിടി വാശി ഉപേക്ഷിച്ചില്ലെങ്കിൽ പ്രത്യക്ഷമായിത്തന്നെ നിന്റെ സ്വത്ത് അന്യാധീനപ്പെട്ടുപോവും. തലമുറക ളിലേക്ക് കുടിപ്പകയും ബാക്കിയാവും. ഇനി പരോ ക്ഷമായി വെറുപ്പ് നിന്റെ ദൈവാനുഗ്രഹത്തിന് തട സ്സമായതിനാൽ നമ്മുടെ സാമ്പത്തിക ശ്രോതസ്സു കൾ വറ്റിവരണ്ടുപോവും. ഉദാഹരണമായി കൃഷി, ബിസിനസ്സ്, വരുമാനമാർഗ്ഗങ്ങൾ മുതലായവ. അതു കൊണ്ട് നിന്റെ ഐശ്വര്യം പുനഃസ്ഥാപിക്കപ്പെടാൻ, നീ പുനരുദ്ധരിക്കപ്പെടാൻ ക്ഷമിച്ച് പ്രാർത്ഥിച്ച് അനു ഗ്രഹിക്കുക. ഒരിക്കലൊരു സഹോദരനെ ശുശ്രൂഷ ക്കിടയിൽ കണ്ടുമുട്ടി. അയാൾ പറഞ്ഞു. എന്റെ വീട്ടിൽ 5 സഹോദരിമാരും 3 സഹോദരന്മാരുമാണു ള്ളത്. അമ്മയോടൊപ്പം 12-ാം വയസിൽ കൂലിപ്പണി ക്കിറങ്ങിയവനാണ് ഞാൻ. അപ്പൻ തികഞ്ഞ മദ്യപാ നി. അധ്വാനിച്ച് കഷ്ടപ്പെട്ട് 5 പെങ്ങന്മാരെയും കെട്ടിച്ചയച്ചു. അനിയന്മാരെ 2 പേരെയും വിവാഹം കഴിപ്പിച്ചു. എല്ലാം കഴിഞ്ഞ് ഒടുവിൽ വീതം വച്ച പ്പോൾ 3 ഏക്കറിൽ എനിക്ക് 45 സെന്റ് കല്ലിൻകൂട്ടം മാത്രം. അയാൾക്ക് വിഷമമായി. ഉടനെ അയാളുടെ ഭാര്യ പറഞ്ഞു, സാരമില്ല മനുഷ്യാ, നമുക്ക് ദൈവം തരും എന്ന്. പക്ഷേ അയാൾക്ക് സഹിക്കാനായില്ല.

അന്നയാൾ പോയി നന്നായി മദ്യപിച്ച് ഒരു വെട്ടുകത്തിയും ശരിയാക്കി വെച്ചു. എന്തിനെന്നല്ലേ, വീതം വെപ്പിന് വാശിപിടിച്ച് അധികം സ്വത്ത് കൈക്കലാക്കിയ ഒരനുജനെ രാത്രി വകവരുത്താൻ. മദ്യപിച്ച് കത്തിയുമായി അനിയനെ ലക്ഷ്യം വച്ച് വേച്ച് വേച്ച് പ്രതികാര ചിന്തയോടെ വീട്ടിലേയ്ക്ക് നടക്കുമ്പോൾ അയാളൊരു കാഴ്ച കണ്ടു. നടപ്പാതയുടെ അരികിലായി കോരിച്ചൊരിയുനന മഴയിൽ ഒരു ടാർപോളിൻ മാത്രം വലിച്ചുകെട്ടി ഒരു കൈക്കുഞ്ഞിനെ മടിയിലും മറ്റൊരു കുഞ്ഞിനെ അരികിലും വച്ച് വടക്കേ ഇന്ത്യയിൽ നിന്നും വെള്ളപ്പൊക്കം മൂലം എല്ലാം നഷ്ടപ്പെട്ടുവന്ന ഒരു സാധുസ്ത്രീ കഞ്ഞി വയ്ക്കുന്നു. അയാൾ പറയുകയാണ്. ''ഞാൻ കുറച്ചുനേരം ആ കാഴ്ച നോക്കിനിന്നു ചേട്ടാ, അടുപ്പിനകമല്ലാത്തിടമെല്ലാം വെള്ളം തളം കെട്ടി നിൽക്കുന്നുണ്ട്. കഞ്ഞി തിളച്ച് നീരാവി പൊന്തുന്നത് എന്തിനെന്നറിയാതെ ഞാൻ കുറെ നേരം നോക്കി നിന്നു. ആ നിശബ്ദതയുടെ നിമിഷങ്ങളിൽ പരി. ആത്മാവ് അയാളോട് സംസാരിച്ചു. ഭാര്യ പറഞ്ഞ വാക്കുകളിലൂടെ, സാരമില്ല, മനുഷ്യാ നമുക്ക് ദൈവം തരുമെന്ന്. ഒരുനിമിഷം അയാൾ ഇങ്ങനെ ചിന്തിച്ചു. സ്വത്തും സമ്പാദ്യവുമെല്ലാം പേമാരി മൂലം നഷ്ടപ്പെട്ട ഈ നിസ്സഹായരെപ്പോലും ദൈവം പരിപാലിക്കന്നുണ്ടല്ലോ. അവർക്കുവേണ്ടത് ഈ മഴയുടെ നടു

വിൽ !!! ഈ കരിന്തിരിവെട്ടത്തിൽ, ഒരുക്കുന്ന ദൈവം എനിക്കും എന്റെ കുടുംബത്തിനും വേണ്ട തൊരുക്കും. പ്രിയപ്പെട്ടവരേ, കയ്യിലിരുന്ന കത്തി അയാളറിയാതെ താഴെ വീണു. പിന്നെ അയാളതെ ടുത്തിട്ടില്ല. വേച്ചു വേച്ച് തിരിച്ച് വീട്ടിലേക്ക് നടന്നു. പിന്നെ അങ്ങാടിയിലേക്കിറങ്ങി. ചുമട്ടുതൊഴിലാളി യായി. അയാൾ പറയുകയാണ്. എന്നെ അവഗ ണിച്ച് ആക്ഷേപിച്ചിറക്കിവിട്ട മാതാപിതാക്കളെ അവ സാനകാലത്ത് എല്ലാ സുഖസൗകര്യങ്ങളോടുംകൂടി സംരക്ഷിക്കാനുള്ള ഭാഗ്യം ദൈവമെനിക്കു തന്നു എന്ന്. എന്റെ മറ്റു സഹോദരങ്ങൾക്കുള്ളതിനേക്കാൽ സമ്പത്തും ഐശ്വര്യവും ഇന്ന് എന്റെ വീട്ടിൽ ഉണ്ട് എന്ന്. ധ്യാനിക്കണം പ്രിയപ്പെട്ടവരേ, ധ്യാനിക്കണം. ഇതുപോലെ ഉള്ളിൽ നിറഞ്ഞ പകയും നീറുന്ന വൈരാഗ്യവുമായി നടന്നുനീങ്ങിയ കാലങ്ങളിൽ ഏതെല്ലാം വ്യക്തികളിലൂടെ സംഭവങ്ങളിലൂടെ സാഹചര്യങ്ങളിലൂടെ ദൈവം നമ്മോട് സംസാരിച്ചി ട്ടുണ്ടാവും. ക്ഷമിക്ക്, പിടിവാശി ഉപേക്ഷിക്ക്, കേസി നുപോകരുത് എന്നൊക്കെ, അവ ഒരു നിമിഷം ശ്രദ്ധിച്ചിരുന്നെങ്കിൽ ഇന്നീ സ്ഥിതി വരുമായിരുന്നോ എന്ന് ധ്യാനിക്കണം. ഇവിടെ നമുക്കുപേക്ഷിക്കണം പ്രിയപ്പെട്ടവരെ നമ്മുടെ ഐശ്വര്യത്തിന്റെ അടിവേര റക്കുന്ന വെറുപ്പിനെ, വെറുപ്പുകൊണ്ട് ഒന്നും നേടാ നില്ല. പലതും നഷ്ടപ്പെടുകയേ ഉള്ളൂ. കർത്താവ്

അവനോടുകൂടി ഉണ്ടായിരുന്നു. അവൻ ചെയ്ത തൊക്കെ കർത്താവ് ശുഭമാക്കുകയും ചെയ്തു എന്ന് പൂർവ്വ യൗസേപ്പിനെക്കുറിച്ച് ഉൽപ. 39 : 23ൽ നാം വായിക്കുമ്പോൾ സഹോദരങ്ങളോട് എല്ലാം മറക്കാനും പൊറുക്കാനും ഒരു പടി കൂടി കടന്ന് അവരെ സംരക്ഷിക്കാനും കൂടിയുള്ള ജോസഫിന്റെ മനോഭാവമാണതിനു കാരണം എന്ന് നാം തിരിച്ചറി യണം. തീർന്നില്ല, കടൽക്കരയിലെ മണലുപോലെ കണക്കറ്റ ധാന്യം അളക്കാനാവാത്തതുകൊണ്ട് അവ നളവുനിർത്തി എന്ന തിരുവചനം കൂടി നാം വായി ക്കണം ഇവിടെ. ഉൽപ. 41 : 49.

## <u>II.</u> <u>4. ക്ഷമ മനുഷ്യന്റെ ആരോഗ്യവും സൗന്ദ ര്യവും പുനഃസ്ഥാപിക്കും.</u>

വെറുപ്പ് ഒരു മനുഷ്യന്റെ ആരോഗ്യത്തെ സാര മായി ബാധിക്കും. വിദ്വേഷം മനുഷ്യന്റെ ആമാശ ത്തിൽ അസിഡിറ്റിയുണ്ടാക്കും. അസിഡിറ്റി അൾസ റായി രൂപപ്പെടും. അൾസർ ഒരുപക്ഷേ ക്യാൻസ റായും പരിണമിക്കും. ഇത് ശരീരശാസ്ത്രം. ഒരിക്ക ലൊരു നവജാത ശിശു രോഗിയായി മാറി. പല മരു ന്നുകളും മാറിമാറിക്കൊടുത്തിട്ടും സുഖപ്പെടാതി രുന്ന കുഞ്ഞിനെ വിദഗ്ദ്ധമായി പരിശോധിച്ചപ്പോൾ

ഡോക്ടർമാർ അത്ഭുതപ്പെട്ടു. കുഞ്ഞിന്റെ രക്തത്തിൽ മാരകമായ വിഷാംശം പരിശോധനയിൽ അവർ കണ്ടെത്തി. ഒടുവിലതിന്റെ ഉറവിടം അവർ തിരിച്ചറിഞ്ഞപ്പോൾ ആ ഭിഷഗ്വരന്മാർ ഒരു നിമിഷം ഞെട്ടി. അമ്മയുടെ മുലപ്പാലിലൂടെയാണ് കുഞ്ഞിലേയ്ക്ക് വിഷം എത്തുന്നത് എന്ന്. ഒടുവിലവർ അമ്മയുടെ ജീവിതം വിശകലന വിധേയമാക്കിയപ്പോൾ തന്റെ ഭർത്താവിനോടുള്ള അടങ്ങാത്ത പകയും വെറുപ്പുമാണ് അവളുടെ നിർമ്മലമായ മുലപ്പാലിന് വിഷമയമാക്കിയതെന്ന് തിരിച്ചറിഞ്ഞ ഡോക്ടർമാർ ആ അമ്മയെ നിരന്തരമായ കൗൺസലിംഗിലൂടെ അമ്മയുടെ മനോനില വീണ്ടെടുത്ത് പരിഹരിച്ചതിലൂടെ അകുഞ്ഞിനെ സൗഖ്യത്തിലേയ്ക്ക് നയിച്ചു. പണ്ടൊക്കെ ഡി.ഡി.റ്റി എന്ന മാരകവിഷമിട്ടായിരുന്നു കാർഷിക വിളകളിൽ പലതും, പ്രത്യേകിച്ച് കപ്പ പോലുള്ളവ ചിതലിൽ നിന്നും കീടങ്ങളിൽ നിന്നും സംരക്ഷണം നൽകിയിരുന്നത്. ഇങ്ങനെ വിളയുന്ന കപ്പക്കിഴങ്ങിൽ ഒടുവിൽ ഡി. ഡി. റ്റി. യുടെ മാരകശേഷിയുള്ള വിഷസാന്നിധ്യം തിരിച്ചറിഞ്ഞതോടെ ലോകം അത് <u>ബാൻ</u> ചെയ്തു. അതെ പ്രിയപ്പെട്ടവരേ ഡി.ഡി.റ്റി പോലെ, അമ്മയുടെ മുലപ്പാലിനെപ്പോലും വിഷമയമാക്കുന്ന വെറുപ്പ് മാരകശേഷിയുള്ള കൊടുംവിഷമാണ്.

ഒരിക്കൽ ശുശ്രൂഷക്കിടയിൽ ഒരു പെൺകുട്ടിയെ കണ്ടുമുട്ടി. അവളെ കണ്ടാൽ ശരിക്കുമൊരു പട്ടിണി ക്കോലം. കയ്യിൽ ഒരു വാനിറ്റി ബാഗുണ്ട്. കവി ളെല്ലാം കുഴിഞ്ഞ് സ്ത്രൈണ ഭാവങ്ങളെല്ലാം നഷ്ട പ്പെട്ട് ഒരസ്ഥിപഞ്ജരം. കൗൺസിലിംഗ് ശുശ്രൂഷ ആരംഭിച്ചപ്പോൾ കൈയ്യിലുള്ള ബാഗിൽ നിന്നൊരു ഡയറി എടുത്തുനീട്ടി അവൾ പറഞ്ഞു. ചേട്ടാ ഇതു വായിച്ചുനോക്കിയാൽ മതി, എല്ലാം ഞാനിതിലെഴു തിയിട്ടുണ്ട്. ഞാൻ പറഞ്ഞു. ഇതു വായിക്കാൻ 2 മണിക്കൂറെങ്കിലും സമയമെടുക്കും. അതുകൊണ്ട് ചുരുക്കിപ്പറഞ്ഞാൽ മതി. അവൾ പറഞ്ഞു. മദ്യ പാനം ഒരു കുടുംബത്തെ എങ്ങനെ നശിപ്പിക്കുന്നു എന്നു കാണാൻ ചേട്ടാൻ എന്റെ വീട്ടിൽ വന്നാൽ മതി. എന്റെ അപ്പന്റെ മദ്യപാനത്തിന്റെ ഭീകരമുഖം ! അത് വാക്കുകൾക്കതീതമാണ്. കോൾഗേറ്റ് പെയ്സ്റ്റ് നുണഞ്ഞിറക്കി മദ്യം കഴിക്കുന്നവരെ ചേട്ടൻ കണ്ടി ട്ടുണ്ടോ ? മദ്യത്തിന് വീര്യം പോരെന്നുതോന്നിയാൽ മുളകരച്ച് കലക്കി അതിൽ മദ്യം ചേർത്ത് കഴിക്കുന്ന വരെക്കുറിച്ച് ചേട്ടൻ കേട്ടിട്ടുണ്ടോ ? ഞാൻ പറഞ്ഞു. ഇല്ല മോളേ, അങ്ങനെയാണെന്റെ അപ്പൻ കുടിക്കു ന്നത് അവൾ പറഞ്ഞു. ഞങ്ങളമ്മയും മക്കളും വീട്ടിൽക്കിടന്നുറങ്ങാറില്ല. വീടിന്റെ പുറകിലുള്ള പുഴ യിൽ ഉയർന്നുനിൽക്കുന്ന പാറപ്പുറത്തും വാഴച്ചുവ ട്ടിലും അയൽവാസിയുടെ തൊഴുത്തിലും ഒക്കെ

യാണ് പലപ്പോഴും കിടപ്പ്. എവിടെയൊളിച്ചാലും കുടികഴിഞ്ഞെത്തുന്ന അപ്പൻ അമ്മയെ കണ്ടുപിടിച്ച് തല്ലി അവശയാക്കും. ഒരു ദിവസം ഞങ്ങൾ പുതിയ സ്ഥലം കണ്ടുപിടിച്ചു. വീട്ടിലെ വാട്ടർ ടാങ്ക്. അന്ന് അപ്പൻ കുടിക്കാൻ പോയപ്പോൾ വെള്ളമെല്ലാം ചോർത്തിക്കളഞ്ഞ് അമ്മ ഞങ്ങളെയും കൊണ്ട് അതിലിറങ്ങിയിരുന്നു. കുടി കഴിഞ്ഞെത്തിയ അപ്പൻ എല്ലായിടത്തും നോക്കി. ഒടുവിൽ വാട്ടർ ടാങ്കിലും. ഞങ്ങളവിടെ ഉണ്ടെന്നു മനസ്സിലാക്കിയ അപ്പൻ ഒരു വലിയ കല്ലെടുത്തുകൊണ്ടുവന്നു. അമ്മയുടെ തലയിലിട്ടുകൊല്ലാൻ. കാറിക്കരഞ്ഞ ഞങ്ങളുടെ അപേക്ഷ ദൈവം കേട്ടു. അപ്പനതിൽ നിന്നും പിൻതിരിഞ്ഞു. മറ്റൊരുദിവസം അമ്മ ഞങ്ങളെയും കൊണ്ടൊളിച്ചത് വീടിന്റെ തട്ടിൻപുറത്താണ്. പതിവുപോലെ അപ്പനെത്തി. അന്വേഷണത്തിനൊടുവിൽ കണ്ടെത്താതെ വന്നപ്പോൾ തെറിയും ശാപവുമായി അപ്പൻ കിടന്നു. പെട്ടന്നെന്ന് എന്റെ കുഞ്ഞനിയത്തി അറിയാതെയൊന്നു ചുമച്ചു. അപ്പനുമനസ്സിലായി അമ്മയും മക്കളും ഇന്ന് തട്ടിൻപുറത്താണെന്ന്. പ്രിയപ്പെട്ടവരെ, ആ കുഞ്ഞ് പറയുകയാണ്, അടുപ്പിലുണ്ടായിരുന്ന തീയിലേയ്ക്ക് അവിടെയുണ്ടായിരുന്ന മുളകുപൊടി വാരിയിട്ട് അപ്പൻ അന്നവരെ പുകച്ചുപുറത്തുചാടിച്ചു എന്ന്. മുൻകൂറെന്നവണ്ണം അവൾ പറഞ്ഞു. ചേട്ടാ, അപ്പനോട്

ക്ഷമിക്കാൻ മാത്രം എന്നോട് പറയരുത്. എനിക്കുവയ്യ, എനിക്കതിനാവില്ല. ഞാൻ പറഞ്ഞു. കുഞ്ഞേ, നിന്റെ മാനസികാവസ്ഥ ഞാൻ മനസ്സിലാക്കുന്നു. എങ്കിലും മോൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കാം. ഞാൻ പ്രാർത്ഥിച്ചു. നിശബ്ദമായി ഞാൻ ഉള്ളുരുകി പ്രാർത്ഥിച്ചു. പീഢനങ്ങളേറ്റ് ഉരുകി ഉറച്ചുപോയ ഈ കുഞ്ഞിന്റെ ഹൃദയത്തെ ഈശോയെ തൊടണമേ എന്ന്. ഏതാനും നിമിഷത്തെ പ്രാർത്ഥനക്കൊടുവിൽ ദൈവിക സ്പർശനത്തിന്റെ പ്രതിഫലനമെന്നോണം അവളുടെ കയ്യിലുണ്ടായിരുന്ന ഡയറി എന്റെ നേരെ നീട്ടി. എന്നിട്ടുപറഞ്ഞു. ഇതു ചേട്ടൻ വച്ചോ. ഇതെന്റെ കയ്യിലിരുന്നാൽ ഓർമ്മകളെന്നെ വേട്ടയാടും. അതുകൊണ്ട് എന്റെ അപ്പനോട് ഞാൻ ക്ഷമിക്കുന്നു എന്നതിന്റെ ഓർമ്മയ്ക്കായി ഈ ഡയറി ഞാൻ ചേട്ടനു തരുന്നു. മാത്രമല്ല, ശുശ്രൂഷക്കിടയിൽ എന്റെ അനുഭവം ആളുകളോട് പങ്കുവയ്ക്കുമ്പോൾ തെളിവിനായി ഇത് കാണിച്ചുകൊടുക്കുകയും ചെയ്യണം. അനേകർക്ക് ക്ഷമിക്കാൻ അതൊരു പ്രേരണയായേക്കും. പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ അദൃശ്യമായ ശക്തമായ ഇടപെടൽ അന്നാ കുഞ്ഞിൽ നടന്നു. അവൾ കണ്ണുകൾ തുടച്ച് എഴുന്നേറ്റ് പോയി. ഒരു വർഷം കഴിഞ്ഞ് ഒരു ദിവസം ഞാൻ കൗൺസലിംഗ് ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുമ്പോൾ സുന്ദരിയായ ഒരു യുവതി

എന്റെ മുമ്പിൽ വന്നിരുന്നു. ഞാൻ, പേര്, വീട്ടുപേര് മുതലായവ തിരക്കിയപ്പോൾ അവൾക്ക് മനസ്സിലായി എനിക്ക് അവളെ മനസിലായില്ല എന്ന്. അവൾ ചോദിച്ചു. ചേട്ടനെന്നെ മറന്നുപോയോ? ഓർമ്മയില്ലേ, അന്ന് ഡയറി തന്നുപോയ കാര്യം. ഓർമ്മിപ്പിക്കാനെന്നവണ്ണം അവൾ പറഞ്ഞു. പ്രിയപ്പെട്ടവരേ, ഒരുവർഷം കൊണ്ട് അവൾ ആകെ മാറിപ്പോയിരുന്നു. മുഖത്താകെ പ്രസന്നഭാവം. കവിളുകളെല്ലാം ചുവന്ന് തുടുത്ത് നഷ്ടപ്പെട്ട സ്ത്രൈണഭാവങ്ങളെല്ലാം ദൈവം പുനഃസൃഷ്ടി നടത്തിയിരിക്കുന്നു. അവളുടെ രൂപവും ജീവിതവും അപ്പനോട് നിരുപാധികം ക്ഷമിച്ചതിലൂടെ ദൈവം മാറ്റിമറിച്ചു. പ്രിയപ്പെട്ടവരേ, നിന്റെ യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെടാനും പാദങ്ങൾക്ക് കലമാനിന്റേതിനേക്കാൾ വേഗത ലഭിക്കാനും ആയുസ്സുനീട്ടിക്കിട്ടി നീ അനുഗ്രഹിക്കപ്പെടാനും, നീ ക്ഷമിക്കുന്നതിലൂടെ നിനക്കിടയാകും. ഇന്ന് ലോകം ഐ. ടി. യുഗത്തിൽ നിന്നും ചെൽനസ്സ് യുഗത്തിലേയ്ക്ക് ചുവട് മാറ്റിക്കഴിഞ്ഞു. സൗന്ദര്യവർദ്ധകവസ്തുക്കളും, സപ്ലിമെന്ററി ഫുഡുകളും വിപണി കീഴടക്കിക്കൊണ്ടിരിക്കുന്നു. ഏതെല്ലാം സൗന്ദര്യവർദ്ധക വസ്തുക്കൾ നീ മാറി മാറി തേച്ചാലും സപ്ലിമെന്ററിഫുഡുകൾ മാറി മാറി പരീക്ഷിച്ചാലും ഉള്ളിൽ വെറുപ്പിരുന്നാൽ ഇല്ല, നിന്റെ മുഖം പ്രകാശിക്കില്ല. സഹോദരൻ ആബേലി

നോടുള്ള, വെറുപ്പുനിമിത്തം കറുത്തിരുണ്ടുപോയ കായേന്റെ മുഖം ഫെയർ ആൻ ലൗലിയോ സൗന്ദര്യ വർദ്ധക വസ്തുക്കളോ തേച്ചിരുന്നെങ്കിൽ പ്രകാശി ക്കുമായിരുന്നില്ലല്ലോ. ഉൽപ. 4 : 6

''എന്നാൽ അപ്പ. 6 : 15 ൽ തന്നെ കല്ലെറിഞ്ഞു കൊല്ലുന്നവർക്കുവേണ്ടി ദൈവമേ, ഈ തെറ്റ് ഇവ രുടെ മേൽ ആരോപിക്കരുതേയെന്ന് പ്രാർത്ഥിച്ച് ക്ഷമിച്ച് സ്തേഫാനോസിന്റെ മുഖം ഒരു ദൈവദൂ തന്റെ മുഖംപോലെ കാണപ്പെട്ടു എന്ന് നാം വായി ക്കുമ്പോൾ തിരിച്ചറിയണം. സൗന്ദര്യവർദ്ധക വസ്തുക്കളല്ല മുഖത്തെ പ്രസന്നമാക്കുന്നത്. മറിച്ച് ഉള്ളിലുള്ള കരുണയും നന്മയുമാണ്. മനസിരു ണ്ടാൽ മുഖം കറുക്കും. മനം തെളിഞ്ഞാൽ മുഖം തെളിയും. വെറുപ്പിന്റെ ഭാരം വഹിക്കുന്നതുവരെ, ഇതാ അവൻ മാടി വിളിക്കുന്നു. നിങ്ങളെന്റെ അടു ക്കൽ വരുവിൻ... 'നമുക്കാ ചുമടുതാങ്ങിയിൽ നമ്മുടെ വെറുപ്പിന്റെ ഭാരമൊന്നിറക്കിവയ്ക്കാം. പ്രിയപ്പെട്ടവരെ, എന്നിട്ട് വഹിക്കാനെളുപ്പമുള്ളതും തുലോം ലഘുവുമായ അവന്റെ സ്നേഹത്തിന്റെ നുകം, കാരുണ്യത്തിന്റെ നുകം നമുക്ക് തോളിലേ റ്റാം. നല്ല ദൈവം എല്ലാവരെയും അതിനായനുഗ്ര ഹിക്കട്ടെ. പ്രാർത്ഥനയോടെ മുന്നോട്ടു നീങ്ങാം...

പ്രിയപ്പെട്ടവരേ, ഇത്രയും നേരം ക്ഷമയുടെ ഭൗതീക ഫലങ്ങളാണ് പരാമർശവിധേയമാക്കിയത്.

എന്നാൽ ഇവയക്കാലൊക്കെ എത്രയോ വിശിഷ്ടമാണ് ക്ഷമകൊണ്ട് നമുക്ക് ലഭിക്കുന്ന ആത്മീയ ഫലങ്ങൾ. വിശദമാക്കാം.

## II. 5. ക്ഷമയുടെ ആത്മീയ ഫലങ്ങൾ

വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. എല്ലാവരുടെയും വിശുദ്ധിയാണ് ദൈവം അഭിലക്ഷിക്കുന്നത്. വിശുദ്ധിയിൽ വളരാനുള്ള ഉപാധിയാണ് ക്ഷമ. വിശുദ്ധി കാത്തുസൂക്ഷിക്കാൻ നിണമണിഞ്ഞ് ജീവത്യാഗം ചെയ്ത പതിനാലു വയസു മാത്രം പ്രായമുണ്ടായിരുന്ന മരിയാഗോരേത്തി എന്ന പിഞ്ചുബാലികയെ, അസൂന്തായുടെ മകളെ അലക്സാണ്ടറെന്ന നാരധമൻ പാപത്തിന് പല തവണ പ്രേരിപ്പിച്ചിട്ടും വഴങ്ങാതെ വന്നപ്പോൾ, പതിനാലുതവണ കത്തികുത്തിയിറക്കി ആ പിഞ്ച് കുരുന്ന് ശരീരത്തിലേയ്ക്ക് അശുദ്ധമായുള്ള ജീവിതത്തേക്കാൾ വിശുദ്ധമായുള്ള മരണത്തിന് മുൻതൂക്കം നൽകിയ അവളോട് മരണക്കിടക്കയിൽ ആത്മീയഗുരു ചോദിച്ചു. മകളേ, നീ അലക്സാണ്ടറിനോട് ക്ഷമിക്കുന്നുവേ എന്ന്. ഊർദ്ധ്വശ്വാസം വലിച്ചുള്ള ആ കുഞ്ഞിന്റെ മറുപടി ‘എന്നോടൊപ്പം ദൈവപിതാവിന്റെ സന്നിധിയിൽ അലക്സാണ്ടറിനെയും

കാണാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് അതിനർത്ഥം അവൾ അലക്സാണ്ടറിനോട് നിരുപാധികം ക്ഷമിച്ചു എന്നുതന്നെ. ആദ്യത്തെ രക്തസാക്ഷിയായ എസ്തഫാനോസ് വിശുദ്ധനായത് തന്നെ കല്ലെറിഞ്ഞവർക്കുവേണ്ടി. ദൈവമേ, ഈ കുറ്റം അവരുടെ മേലാരോപിക്കരുതേ എന്ന് പ്രാർത്ഥിച്ച് നിരുപാധികം ക്ഷമിച്ച് മരണത്തെ പുൽകിയതുകൊണ്ടാണ്. അതെ, ക്ഷമിക്കാത്തവൻ, ക്ഷമിക്കാത്തവൾ വിശുദ്ധി പ്രാപിച്ചിട്ടില്ല. ഒരിക്കൽ അയൽവാസിയായ ചേട്ടന്റെ കൂടെ സ്കൂളിലെ റിസൽട്ടറിയാൻ 15 വയസുള്ള മകളെ അപ്പൻ പറഞ്ഞുവിട്ടു. യാത്രാമദ്ധ്യേ അയാളാകുട്ടിയോട് അപമര്യാദയായി പെരുമാറാനൊരുങ്ങിയപ്പോൾ ആ കുഞ്ഞ് പറയുകയാണ് ഞാനവിടെ മുട്ടുകുത്തി കണ്ണുകളിറുക്കിയടച്ച് ദൈവമേ എന്നുറക്കെ വിളിച്ച് ഈ ചേട്ടനോട് ക്ഷമിക്കണമേ എന്നുറക്കെ പ്രാർത്ഥിച്ചു. ഒന്നും സംഭവിക്കുന്നില്ല എന്നു കണ്ടപ്പോൾ ഞാൻ കണ്ണുതുറന്നു എന്നെ ആക്രമിക്കാനൊരുങ്ങിയ ചേട്ടനതാ മുട്ടുകുത്തി കൈകൾ കൂപ്പി എന്റെ മുന്നിൽ നിന്നു കരയുന്നു. അന്നത്തെയാ കുഞ്ഞ് ഇന്നൊരു കോൺവന്റിൽ വിശുദ്ധയായ സമർപ്പിതജീവിതം നയിക്കുന്ന കന്യാസ്ത്രീയാണ്. ശ്രദ്ധിക്കുക, പ്രിയപ്പെട്ടവരെ, വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാൻ ക്ഷമയുടെ പടവുകൾ ചവിട്ടിയരക്കുന്നു.

പരിശുദ്ധാത്മദാനവരങ്ങളും ഫലങ്ങളും പ്രാപി ക്കാൻ ക്ഷമ അനിവാര്യമാണ്. ഇതിന് വേണ്ട ക്ഷമ പരിശുദ്ധആത്മാവിന്റെ ഫലങ്ങളിലൊന്നാണുതാനും. എത്രയോ നാളുകളായി അനേകം ആത്മീയ ശുശ്രൂ ഷകരെ കണ്ട് നാം ആഗ്രഹിക്കുന്നു. എനിക്കും അതുപോലെയാകണമെന്ന്. കൗൺസിലിംഗും വചന പ്രഘോഷണവും ഒക്കെ നടത്തണമെന്ന്. ഞങ്ങളുടെ ഗുരുവിനെ അന്യായമായി വിധിച്ച് വധിച്ച അധികാ രികളോടും യഹൂദ പ്രമാണിമാരോടും, വരേണ്യ വർഗ്ഗത്തോടും പരി. അമ്മയുടെ മാധ്യസ്ഥതയിൽ കൂടിയിരുന്ന ശിഷ്യന്മാർ നിരുപാധികം ക്ഷമിച്ചു പ്രാർത്ഥിച്ചപ്പോഴാണ് പരി. ആത്മാവ് അവരി ലേയ്ക്ക് കടന്നുവന്ന് ശക്തമായ വരദാനങ്ങളിലൂടെ വെളിപ്പെട്ടത്!!! എസ്താഫാനോസിന് സ്വർഗീയ ദർശനം ലഭിച്ചതും ഹൃദയത്തിൽ ക്ഷമ നിറഞ്ഞപ്പോ ഴാണല്ലോ. ഒരിക്കലൊരു ധ്യാനത്തിൽ മറ്റൊരു സഹോദരനെ കണ്ടുമുട്ടി. കേരളത്തിനുപുറത്ത് ജോലിചെയ്തിരുന്ന ആ മകൻ അവന്റെ പൂർവ്വകാല ദു:ഖങ്ങൾ പങ്കുവച്ചു. 6 വയസു മുതൽ ഏതാണ്ട് 17 വയസുവരെ ദുരുപയോഗം ചെയ്യപ്പെട്ട ആ മകൻ 18 -ാമത്തെ വയസിൽ പട്ടാളത്തിൽ ചേർന്നു. അവിടെ വച്ച് ബേസിക് ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കെ കുഞ്ഞുനാളിലെ നീണ്ട ദുരനുഭവങ്ങൾ, മുറിപ്പാടു കൾ ആ യുവമനസ്സിന്റെ താളം തെറ്റിച്ചു. മനോനില

തകരാറിലായ അവനെ സർവ്വീസിൽ നിന്നും പറഞ്ഞുവിട്ടു. അടുത്തുള്ള റയിൽവേസ്റ്റേഷനിൽ അലഞ്ഞുതിരിഞ്ഞ അവനെ ആരൊക്കെയോ ചേർന്ന് ബലമായി പിടിച്ചുകെട്ടി ഒരു മന്ത്രവാദിയുടെ അടുത്തേൽപ്പിച്ചു. അവിടെ അവനനുഭവിച്ചുതീർത്ത ദുരനുഭവങ്ങൾ കേട്ട് എന്റെ മനസ്സ് മരവിച്ച പോലെയായി. ദിവസവും ചൂരലിനുള്ള അടി. ചട്ടുകം പഴുപ്പിച്ചു വച്ചുള്ള പീഢനം. ഒരു ദിവസം രാവിലെ മന്ത്രവാദി ശൂലം പോലുള്ള മൂന്ന് കമ്പികൾ പഴുപ്പിച്ച് ഇരുകവിളിലൂടെയും കുത്തികോർത്തു കമ്പിയുടെ രണ്ടറ്റത്തും ചെറുനാരങ്ങ പിടിപ്പിച്ചു. ദിവസങ്ങൾ കൊണ്ട് കവിളുകൾ പഴുത്ത് നാവ് വ്രണമായിമാറി. ഭൂതോച്ഛാടനം എന്ന വ്യാജേന പ്രാകൃതരീതിയിലുള്ള പീഢനമുറകൾ. മുഖത്തും കവിളുകളിലുമുള്ള കറുത്ത കുഴികളും വടുക്കളും അവൻ പറയുന്നത് സത്യമാണെന്നതിന്റെ സാക്ഷ്യങ്ങളായിരുന്നു. അവൻ തുടർന്നു. ചേട്ടാ, പറയുമ്പോൾ മറ്റൊന്നും തോന്നരുത്. ചേട്ടനൊന്നും കണ്ടിട്ടുള്ളതിനേക്കാൾ കൂടുതൽ നായയുടെ വിസർജ്ജ്യം ഞാൻ തിന്നിട്ടുണ്ട്. അയാളെന്നെ തീറ്റിച്ചിട്ടുണ്ട്. ഓ, ദൈവമേ, ഞാനറിയാതെ വിളിച്ചുപോയി. എനിക്കു ക്ഷമിക്കാൻ പറ്റുന്നില്ല ചേട്ടാ, അപ്പനോട്, പിടിച്ചുകെട്ടി ഏല്പ്പിച്ചവരോട്, മന്ത്രവാദിയോട് എന്തിന് ദൈവത്തോടു പോലും. മണിക്കൂറുകളെടുത്ത് ദൈവത്തിലാശ്രയിച്ച്

അവനെ മുഴുവനായും ഞാൻ മനസ്സിലാക്കി എന്ന് അവനെ ബോധ്യപ്പെടുത്തി പ്രാർത്ഥിച്ച് പറഞ്ഞയച്ചു. അത്ഭുതമെന്നുപറയട്ടെ. തന്റെ ക്ഷമിക്കുവാനുള്ള തീരുമാനം ദൈവത്തിന് സമർപ്പിച്ചപ്പോൾ ആ ധ്യാന ത്തിന്റെ പരിശുദ്ധാത്മ അഭിഷേക പ്രാർത്ഥനാ മദ്ധ്യേ അരൂപിയുടെ വരങ്ങൾ ആ മകനിലൂടെ ഒഴുകുന്നത് ഞാൻ കണ്ടു. ഭാഷാവരത്തിലുള്ള പ്രവചനങ്ങൾ, ദർശനങ്ങൾ, വചനാധിഷ്ഠിതമായ വ്യാഖ്യാനങ്ങൾ...

ആ ധ്യാനത്തിലേറ്റവും വരദാന സമൃദ്ധിയുമായി തിരിച്ചുപോയത് ആ യുവാവായിരുന്നു. അതെ പ്രിയപ്പെട്ടവരെ, പരിശുദ്ധാത്മ വരങ്ങൾക്കായി ആഗ്ര ഹിച്ച് പ്രാർത്ഥിക്കുന്നവർ ഒരു നിമിഷം പരിശോധിക്ക ണം. ഇപ്പോഴും ആരോടെങ്കിലും ഉള്ളിൽ നീരസം, വിദ്വേഷം, വൈരാഗ്യം ഇവ സൂക്ഷിച്ചിട്ടുണ്ടോ എന്ന്, ഉണ്ടെങ്കിൽ നിരുപാധികം ക്ഷമിക്കാനുള്ള കൃപക്കായി പ്രാർത്ഥിച്ചുകൊണ്ട് അവരെ സ്നേഹിക്കാൻ ആരം ഭിച്ചാൽ അരൂപിയുടെ അഭിഷേകം അണമുറിയാതെ ഒഴുകുന്നത് നിനക്ക് അനുഭവിച്ചറിയാനാകും. പ്രായ ഭേദമെന്യേ, തിരുവചനം പറയുന്നു ''അന്നിങ്ങനെ സംഭവിക്കും. എല്ലാവരുടെമേലും എന്റെ ആത്മാ വിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. യുവാക്കൾക്ക് ദർശനങ്ങളുണ്ടാകും. അതെ ക്ഷമിച്ച് പ്രാർത്ഥിക്കുന്നവരിലാണ് പരിശുദ്ധാത്മ വര

ങ്ങൾ തികവിൽ പ്രകടമാകുന്നത്. വരങ്ങൾ നിറ യാൻ ക്ഷമിച്ച് പ്രാർത്ഥിച്ച് മനസ്സൊരുക്കാം.

## <u>II. 6. മനാസ്സെ (നീ മറക്കണം)</u>

പ്രിയപ്പെട്ടവരെ, ഈ എപ്പിസോഡിനാധാരമായ മനാസ്സെ എന്ന പദം എന്താണെന്നതിനർത്ഥമെന്നും വിശദമാക്കാം. എവിടെനിന്നു വന്നു എന്നും . ഉൽപ. 41 : 50-51 ''എന്റെ കഷ്ടപ്പാടുകളെല്ലാം മറക്കാൻ ദൈവം ഇടയാക്കിയിരിക്കുന്നു'' എന്ന് പറഞ്ഞ് പൂർവ്വ യൗസേപ്പ് തന്റെ കടിഞ്ഞൂൽപുത്രന് പേരിട്ടു മനാസ്സെയെന്ന്. മനാസ്സെ എന്നാൽ മറക്കുക എന്നർത്ഥം. 2-ാമത്തെവനെ ജോസഫ്, എഫ്രായിം എന്ന് വിളിച്ചു. അതിനർത്ഥം ''കഷ്ടതയുടെ നാട്ടിൽ ദൈവം എന്നെ അനുഗ്രഹിച്ചിരിക്കുന്നു എന്നവൻ പറഞ്ഞു'' ഉൽപ. 41 : 53. എഫ്രായിം എന്നാൽ അനുഗ്രഹം എന്നർത്ഥം. ആദ്യത്തെവൻ മനാസ്സെ, രണ്ടാമത്തവൻ എഫ്രായിം, അതിനർത്ഥം ആദ്യം മറക്കുക, പിന്നെ അനുഗ്രഹിക്കപ്പെടുക, ധ്യാനിക്കുക, മനാസെക്കുശേഷമേ എഫ്രായിം ജനിക്കൂ... ക്ഷമിച്ച ശേഷമെ അനുഗ്രഹിക്കപ്പെടൂ.. ഇതാണ് ദൈവിക ശൈലി. പൂർവ്വ യൗസേപ്പ് ക്ഷമിക്കുകയും മറക്കുകയും ചെയ്ത കാര്യങ്ങൾ അത്ര നിസ്സാരങ്ങളായിരുന്നില്ല.

അവൻ നീന്തിക്കടന്ന കണ്ണുനീർ കടലിലൂടെ നമു ക്കൊന്നു വേഗം കടന്നു പോവാം.

ജോസഫിന്റെ സഹോദരന്മാർ അവനെ വെറു ത്തു. അവനോട് സൗമ്യമായി സംസാരിക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല. ഉൽപ. 37 : 4. വീണ്ടും 37 : 18. 'അനിയനെ വധിക്കാനവർ ഗൂഢാലോചന നടത്തി' അവനേറ്റവും ഇഷ്ടപ്പെട്ടതും പിതാവു സമ്മാനിച്ചതുമായ പുറംകുപ്പായം ജേഷ്ഠന്മാർ പിടി ച്ചുപറിച്ചു. ഒരിക്കലും രക്ഷപെടാനാവാത്ത വിധം ഇഞ്ചിഞ്ചായി മരിക്കാൻ അവനെ ജേഷ്ഠന്മാർ ഒരു പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. 37 : 24 വീണ്ടും അവർ അവനെ 20 വെള്ളിക്കാശിന് ഇസ്മായേല്യർക്ക് വിറ്റു കാശാക്കി. തുടർന്നും അവന് ശാരീരികവും മാനസി കവുമായ പീഢനങ്ങളായിരുന്നു. പൊത്തിഫറിന്റെ ഭാര്യ അവനെ പാപത്തിന് പ്രേരിപ്പിച്ചു.39:13. പാപ ത്തിൽ നിന്ന് ഓടിയകലാൻ ഉപേക്ഷിച്ചുപോയ പുറ കുപ്പായം അവനെതിരെ കള്ളത്തെളിവായി ഹാജരാ ക്കപ്പെട്ടു. 39 : 20. പൊത്തിഫർ ഭാര്യയുടെ നുണപ്രച രണത്തിൽ വിശ്വസിച്ചു ജോസഫിനെ കാരാഗ്രഹ ത്തിലടച്ചു പീഢിപ്പിച്ചു. അതെ പ്രിയപ്പെട്ടവരേ, ജോസഫിന് മറക്കാനും പൊറുക്കാനും ഒന്നല്ല, ഒരാ യിരം പേരും ഒരായിരം കാര്യങ്ങളും ഉണ്ടായിരുന്നു. എല്ലാറ്റിന്റെയും അവസാനരംഗത്ത് അത്യന്തം ഉദ്വേഗം നിറഞ്ഞ് സഹോദരന്മാർ തമ്മിലുള്ള

പുന:സമാഗമത്തിൽ കഴിഞ്ഞതെല്ലാം മറന്നാ അനിയൻ പറയുകയാണ്. എന്നെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ട. ക്ഷാമകാലത്ത് ജീവൻ നിലനിർത്താൻ ദൈവമാണെന്നെ നിങ്ങൾക്കുമുമ്പേ ഇങ്ങോട്ടയച്ചത്. അതെ, ക്ഷമയുടെ ഒന്നാമത്തെ തലം തിരിച്ചറിവുണ്ടാവുക. അഥവാ മനസിലാക്കുകയെന്നതാണെന്ന് നാം മുൻപ് കണ്ടതാണല്ലോ. ഉൽപ. 50 : 20 ''നിങ്ങളെനിക്ക് തിന്മചെയ്തു, ദൈവമോ അതു നന്മയാക്കി മാറ്റി''.

# ഭാഗം 3

## ക്ഷമയുടെ മാതൃക യേശു

പ്രിയപ്പെട്ടവരേ, യേശുവാണ് നമുക്ക് എല്ലാ നന്മകളുടെയും ഉത്തമമാതൃക. സ്നേഹത്തിന്റെയും സഹനത്തിന്റെയും മാതൃക യേശുവാണെന്ന് ഒന്നും രണ്ടും എപ്പിസോഡുകളിൽ നാം കണ്ടതാണ്. ഇവിടെ ക്ഷമയുടെ റോൾ മോഡലും ലോകത്തിന് യേശു തന്നെയാണ്. അതുകൊണ്ടാണ് കൊളേ. 3 :

13 ൽ ''കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിക്കണമെന്നും'' എഫേ. 4 : 32 ൽ ''ദൈവം ക്രിസ്തുവഴി നിങ്ങളോട് ക്ഷമിച്ചതു പോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണകാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ'' എന്നും നാം വായിക്കുന്നത് പിതാവിന്റെ കരുണയാണ് യേശുവിലൂടെ ക്ഷമയായി കരകവിഞ്ഞൊഴുകി പ്രകടമായത്. ലോകം യേശുവിനെ കുരിശിൽ തറച്ചപ്പോൾ യേശു ശത്രുതയെ കുരിശിൽ തറച്ച് ശത്രുവിനെ നിഷ്പ്രഭമാക്കി കുരിശിൽ വിജയം ആഘോഷിച്ചു. 1 യോഹ. 2 : 6 ൽ ''അവനിൽ വിശ്വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടി വരും'' എന്ന് വായിക്കുമ്പോൾ അത് നമ്മിലൊരു വെല്ലുവിളി ഉയർത്തുന്നുണ്ട്. അവൻ നടന്നവഴി ക്ഷമയുടെ വഴി കൂടിയാണ്. ആ വഴിയിൽക്കൂടി നടക്കാൻ നാം നിർബന്ധിതരുമാണ്. ആഴത്തിലേയ്ക്ക് നമുക്കിറങ്ങാം. ക്രിസ്തുവിലൂടെ പ്രകടമായ ദൈവീകക്ഷമയ്ക്ക് നാല് പ്രത്യേകതകളുണ്ട്. ഒന്ന് രമ്യതപ്പെടാൻ ദൈവം മുൻകൈയ്യെടുത്തു. 2. തെറ്റു ചെയ്തവരെക്കൊണ്ട് പരിഹാരം ചെയ്യിക്കാതെ ദൈവം സ്വയം പരിഹാരം ചെയ്തു. 3. ക്ഷമിക്കുക, മാത്രമല്ല ദൈവം മറക്കുക കൂടി ചെയ്തു. 4. ദ്രോഹിച്ചവരെ പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. ഇനി ഓരോന്നും ക്രമമായി വിശദമാക്കാം.

## III. 1. ദൈവം മുൻകൈ എടുത്തു...

പ്രിയപ്പെട്ടവരെ, മനുഷ്യനാണ് പാപം ചെയ്തത്. ദൈവത്തിൽ നിന്നകന്ന് പോയത്, എന്നാൽ അനുരഞ്ജനത്തിന് മുൻകൈയ്യെടുത്തത് മനുഷ്യനല്ല, ദൈവമാണ്. ഏശ 1: 18 വരുവിൻ നമുക്ക് രമ്യതപ്പെടാം. ഇതാദ്യം പറഞ്ഞത് ദൈവമാണ്. എന്നാൽ എനിക്ക് തെറ്റിപ്പോയി എന്ന് പറയുന്നതിനുപകരം മറു ചോദ്യം ചോദിച്ചിട്ടും അതിനെ പരിഗണിക്കാതെ ദൈവം പുറകേ നടന്ന് രമ്യപ്പെട്ടു എന്നു പറഞ്ഞാലും അതധികമാകുന്നില്ല അതാണ് ശരിതാനും. പാഠം പഠിപ്പിക്കാമെന്നോ പാഠംപഠിച്ച് തിരിച്ചുവരട്ടെയെന്നോ കരുതാതെ അവനിറങ്ങി വന്നു രമ്യപ്പെട്ടു. അതെ അവൻ മുൻകൈയെടുത്ത് സ്വസ്ഥാനത്തുനിന്നിറങ്ങി, അങ്കി അഴിച്ചുമാറ്റി, അരക്കച്ച ചുറ്റി രമ്യപ്പെട്ടു.

ഒരിക്കൽ റബ്ബറിന് വിലതകർന്ന ഒരു കാലം. ഒരിടവകയിലെ വികാരിയച്ചനും ഇടവക ജനവും ഒന്നടങ്കം തീരുമാനിച്ചു. റബറിന്റെ കമ്പുകൾ മുറിച്ചു നീക്കി ചുവട്ടിൽ കുരുമുളക് കൊടി ഇടാമെന്ന്. തീരുമാനം എല്ലാവർക്കും ഇഷ്ടപ്പെട്ടു. കാരണം ആക്കാലത്ത് റബറിന് 30 രൂപയും കുരുമുളകിന്

250 രൂപയും ശ്രമദാനമായും പൊതുപ്പണിയായും ജനം വികാരിയച്ചന്റെ നേതൃത്വത്തിൽ ജോലികൾ ചെയ്തു. മനോഹരമായി കായ്ക്കുന്ന അത്യുത്പാദ നശേഷിയുള്ള പന്നിയൂർ -1 എല്ലാ മരങ്ങളിലും പടർന്നുകേറുവാൻ ആരംഭിച്ചു. മൂന്നാം കൊല്ലം തന്നെ ഭൂരിപക്ഷം കൊടികളും തിരിയിട്ട് കായ്ഫല മായി. ആരും കണ്ടാൽ കൊതിക്കുന്ന കൊടിത്തോട്ട മായി മാറി. ഒരു ശനിയാഴ്ച പതിവുപോല വികാരി യച്ചൻ 7 മണിക്കുള്ള വി. കുർബാനയർപ്പിച്ച് തന്റെ ബൈക്കെടുത്ത് പുറത്തേക്ക് പോയി. വൈകുന്നേര ത്തോടെ തിരിച്ചുവന്ന അച്ചൻ കണ്ട കാഴ്ച ഒരു പശു മൂന്ന് റബ്ബർ മരങ്ങളിലായി കയർ ചുറ്റിപ്പിണ ഞ്ഞ് കിടക്കുന്നു. കയർ വരിഞ്ഞുമുറുകിയതിനാൽ ആ മരത്തിലെ മുളകുചെടിയുടെ തണ്ടുകൾ അറ്റു പോയിരിക്കുന്നു. അച്ചന് സങ്കടവും ദേഷ്യവും വന്നു. ബൈക്ക് നിർത്തി തിരിച്ചുവന്ന അച്ചൻ പശു വിനെ അഴിച്ച് പള്ളിമുറിയുടെ ജനൽക്കമ്പിയിൽ കെട്ടിനിർത്തി. വൈകുന്നേരമായപ്പോൾ പശുവിനെ അഴിക്കാൻ വന്ന ഇടവകക്കാരനായ ഉടമസ്ഥൻ പശു വിനെ കാണാതെ അന്വേഷിച്ച് കരച്ചിൽ കേട്ട ഭാഗ ത്തേക്ക് ചെന്നുനോക്കി. പശുവിനെ ജനൽക്കമ്പി യിൽ കെട്ടിയിരിക്കുന്നതുകണ്ടു. ചോദിക്കാതെ അഴി ച്ചുകൊണ്ടുപോകുന്നത് മര്യാദയല്ലല്ലോ എന്ന് കരുതി ആ മനുഷ്യൻ കോളിംഗ് ബെല്ലടിച്ചു. ശബ്ദം

കേട്ട് വികാരിയച്ചൻ ഇറങ്ങി വന്നു. ചേട്ടൻ അച്ച നോട് പറഞ്ഞു. അച്ചാ, പശു കയ്യാല ചാടിക്കടക്കു മെന്ന് ഞാൻ കരുതിയില്ല. താഴെ റോഡരികിലാണ് കെട്ടിയത്. ക്ഷമിക്കണം. എന്നാൽ കൃഷിയോടുള്ള സ്നേഹമായിരിക്കണം അച്ചൻ അത് ശ്രദ്ധിച്ചില്ലെന്ന് മാത്രമല്ല, അൽപം പരുഷമായി ചേട്ടനോട് സംസാരി ക്കുകയും ചെയ്തു. ചേട്ടന് സങ്കടമായി. രണ്ടു സങ്ക ടങ്ങൾ. ഒന്ന് താൻ മൂലം മുതൽ നഷ്ടപ്പെട്ടല്ലോ എന്ന സങ്കടം രണ്ട്, അച്ചൻ എന്നെ മനസ്സിലാക്കിയി ല്ലല്ലോ എന്ന സങ്കടം. ഏതായാലും പിറ്റേദിവസം രാവിലെ പതിവുപോലെ 7.30 ന്റെ ബലിക്കായി ചേട്ടൻ ദേവാലയത്തിലെത്തി. എപ്പോഴും പള്ളിയുടെ മധ്യഭാഗത്തായി നിന്ന് വി. ബലിയിൽ പങ്കെടുക്കുന്ന ചേട്ടൻ, അന്ന് കുമ്പസാരക്കൂടിനോട് ചേർന്ന് ഏറ്റവും പുറകിലായി എന്നെയാരും കാണണ്ട എന്ന മട്ടിൽ തലകുനിച്ചുനിന്നു. ദിവ്യബലിക്കുള്ള നടമണയ ടിച്ചു. ഗായകസംഘം ആമുഖഗാനം പാടിയപ്പോൾ അച്ചൻ തിരുവസ്ത്രങ്ങളണിഞ്ഞ് അൾത്താരയിലെ ത്തി. ത്രിത്വതസ്തുതു ചൊല്ലി ബലിയാരംഭിച്ചു. അന്നാപ്പെസഹാതിരുനാളിൽ.... തുടർന്ന് ഗാന സംഘം മറുപടി പാടി. അനുരഞ്ജിതരായ് തീർന്നീ ടാം.... പ്രിയപ്പെട്ടവരെ ഈ വരികൾ അച്ചനിൽ അസ്വസ്ഥത സൃഷ്ടിച്ചു. അച്ചൻ പറയുകയാണ്. പെട്ടെന്നെന്റെ ഹൃദയത്തിലേയ്ക്ക് ഒരു തിരുവചനം

കടന്നുവന്നു എന്ന്. മത്താ 5 : 24 ‘‘നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കാൻ നിൽക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് ഓർത്താൽ കാഴ്ച വസ്തു അവിടെ ബലിപീഠത്തിനുമേൽവച്ച് പോയി സഹോദരനോട് രമ്യതപ്പെട്ട് പിന്നെ വന്ന് ബലിയർപ്പിക്കുക. അച്ചൻ തലയുയർത്തി ദേവാലയത്തിൽ മുഴുവൻ നോക്കി. തലേദിവസത്തെ ചേട്ടൻ വന്നിട്ടുണ്ടോ എന്ന്. ഇല്ല, കാണുന്നില്ല. പതിവായി നിൽക്കുന്ന സ്ഥലം ഒഴിഞ്ഞുകിടക്കുന്നു. ശ്രദ്ധാപൂർവ്വം നോക്കിയപ്പോൾ കുമ്പസാരക്കൂട്ടിനടുത്തായി ചേട്ടൻ നിൽക്കുന്നത് അച്ഛൻ കണ്ടു. മൈക്കിലൂടെ അച്ചൻ വിളിച്ചുപറഞ്ഞു. ഇന്ന വീട്ടിലെ ഇന്ന ചേട്ടൻ ഈ ദേവാലയത്തിലുണ്ട്. അദ്ദേഹം ഈ അൾത്താര വരെ ഒന്നുവരണം. അറിയിപ്പു കേട്ട ചേട്ടൻ ഞെട്ടി. ഈ അച്ചൻ കുർബാനയിൽ പങ്കെടുക്കാനും തന്നെ സമ്മതിക്കില്ലേ. 2 പ്രാവശ്യം ആവർത്തിച്ചുപറഞ്ഞിട്ടും കേൾക്കാതെ വന്നപ്പോൾ അച്ചൻ അൾത്താരയിൽ നിന്നിറങ്ങി. ജനം മനസിലാകാതെ നിർന്നിമേഷരായി നിന്നു. ഇത്രയുമായപ്പോൾ ചേട്ടനും അച്ചനരുകിലേയ്ക്ക് വന്നു. രണ്ടുപേരും ദേവാലയമധ്യത്തിൽ കണ്ടുമുട്ടി., ശ്രദ്ധിക്കണം മനോഭാവത്തിലെ മാറ്റം, ശിഷ്യന്റെ പാദക്ഷാളനം നടത്തിയ ഗുരു പിന്നെ ഭൂമിയോളം താഴ്ന്ന് അവന്റെ പാദങ്ങളിലൊരു ചുംബനവും...

ഓ.. ദൈവമേ, നിനക്കു നന്ദി... നിന്റെ രമ്യപ്പെടലിന്റെ ഒരു രീതി. ഈശോ ശിഷ്യന്മാരെ തന്നേക്കാൾ വലിയ വരായിക്കണ്ടു. മറ്റുള്ളവരേ വലിയവരായിക്കാണുന്ന വർക്കേ ഇറങ്ങിച്ചെല്ലാനാവൂ.. ഇങ്ങോട്ടുവരട്ടെയന്നല്ല അങ്ങോട്ട് ചെല്ലാമെന്ന് അവിടുന്ന് കരുതി. നാമും ഇറങ്ങിച്ചെല്ലണമെന്ന് യേശുവിന്റെ ഈ മാതൃക നമ്മെ നിർബന്ധിക്കുന്നു

.

## III. 2. പരിഹാരം ചെയ്യിക്കാത്ത ക്ഷമ

അവൻ തെറ്റുചെയ്തവരെക്കൊണ്ട് പരിഹാരം ചെയ്യിപ്പിച്ചില്ല. പിന്നെയോ തെറ്റിനുപരിഹാരം സ്വയം ഏറ്റെടുത്ത് ചെയ്തു. ഇവിടെ ക്രിസ്തീയ വിശ്വാസ ത്തിന്റെ ഒരാത്മീയ രഹസ്യം പരി. ആത്മാവ് ചുരുള ഴിക്കുകയാണ്. വലിയ പ്രാർത്ഥനയും ഏറെ ഏകാ ഗ്രതയും ആവശ്യമാണിവിടെ. നമുക്ക് ശ്രദ്ധിക്കാം. മനുഷ്യന്റെ തെറ്റിന് ദൈവം എങ്ങനെയാണ് പരി ഹാരം ചെയ്തത്. നമുക്കറിയാം, ഏതു തെറ്റിനും ഒരു ശിക്ഷയുണ്ട്. ഒരു തെറ്റിന് ഒരു ശിക്ഷ. ഒരു പാട് തെറ്റുണ്ടെങ്കിൽ ശിക്ഷ ഒന്നിച്ചനുഭവിച്ചാൽ മതി. ചില തെറ്റുകൾക്ക് മരണം വരെയാണ് ശിക്ഷ. മറ്റു ചില തെറ്റുകൾക്ക് മരണമാണ് ശിക്ഷ. ഇനി ശിക്ഷ യേൽക്കുന്ന വ്യക്തി എപ്പോൾ മരിക്കുന്നുവോ

അപ്പോൾ ശിക്ഷ അവസാനിക്കും. ഇത് മാനുഷിക നീതിന്യായ വ്യവസ്ഥിതി. ഇനി ദൈവിക നിയമമനുസരിച്ച് പാപത്തിന്റെ മിനിമം ശിക്ഷ മരണം അഥവാ പാപത്തിന്റെ ശമ്പളം മരണം. മാക്സിമം ശിക്ഷ നരകം. ഇനി മാനുഷികമായാലും ദൈവീകമായാലും ഒരു തെറ്റുചെയ്താൽ ഒന്നുകിൽ ശിക്ഷിക്കപ്പെടണം അല്ലെങ്കിൽ ക്ഷമിക്കപ്പെടണം. ശിക്ഷ പാപത്തിന് പരിഹാരമേൽക്കലാണ്. പരിഹാരം ചെയ്യലാണ്. പ്രായ്ശ്ചിത്തം ക്ഷമിച്ചുകിട്ടുന്നവർ അനുഷ്ഠിക്കേണ്ട കർത്തവ്യമാണ്. അതുകൊണ്ടുതന്നെ പരിഹാരവും പ്രായ്ശ്ചിത്തവും രണ്ടും രണ്ടാണ്. ഈ വിഷയം 'മോചനം' എന്ന എപ്പിസോഡിൽ ആഴത്തിൽ വിശകലന വിധേയമാക്കുന്നതാണ്.

ഇനി ദൈവത്തെ നീതിമാനാണെന്നാണ് അഥവാ നീതിമാനായ ദൈവം എന്നാണ് നാം അഭിസംബോധന ചെയ്യുക. അവൻ തികച്ചും നീതിമാനാണ്. തെറ്റിനു ശിക്ഷ നീതിയാണ്. വീട്ടിൽ തെറ്റു ചെയ്താൽ മാതാപിതാക്കളുടെ ശിക്ഷ, സ്കൂളിലായാൽ അധ്യാപകരുടെ ശിക്ഷ. രാജ്യത്തായാൽ രാജ്യനിയമങ്ങൾ അനുസരിച്ചുള്ള ശിക്ഷ. ഒരു തെറ്റിന് ഒരു ശിക്ഷ, അതാണ് നീതി. അതുകൊണ്ട് ശ്രദ്ധിക്കുക, ദൈവം നീതിമാനാകയാൽ തെറ്റിന് ശിക്ഷ നൽകാതെ വയ്യ. കാരണം കൊളോ 3 : 2 ''അവിടുത്തെ സന്നിധിയിൽ മുഖം നോട്ടമില്ല'' ആര്

തെറ്റ് ചെയ്താലും ശിക്ഷിക്കപ്പെടണം. ഇനി ദൈവത്തെ മറ്റൊരു രീതിയിൽ നാം സംബോധന ചെയ്യുന്നത് ദൈവം കാരുണ്യമാണെന്നാണ്, അഥവാ കാരുണ്യവാനായ ദൈവം എന്നാണ്. ദൈവം നീതിമാനായിരിക്കുന്നതുപോലെ കാരുണ്യ വാനുമാണ്. അർഹതയില്ലാത്തിടത്തേക്ക് കരകവി ഞ്ഞൊഴുകുന്ന ദിവ്യസ്നേഹമാണ് കാരുണ്യം എന്ന് നാം അഗാപ്പെ എന്ന എപ്പിസോഡിൽ കണ്ടതാണ്. അതെ അവൻ പരമ കാരുണ്യകനാകയാൽ ക്ഷമി ക്കാതെ വയ്യ!! ശ്രദ്ധിക്കുക! നീതിമാനാകയാൽ ക്ഷമി ക്കാതെയും വയ്യ !!! സങ്കീ 99:8 ''അങ്ങ് അവർക്ക് ക്ഷമിക്കുന്ന ദൈവമായിരുന്നു. തെറ്റുകൾക്ക് ശിക്ഷ നൽകുന്നവരും'' തെറ്റു ചെയ്തവനെ വെറുതെ വിട്ടാൽ ദൈവം നീതിമാനല്ലെന്നുവരും. ക്ഷമിക്കാതി രുന്നാൽ കാരുണ്യവാനല്ലെന്നും വരും. മനുഷ്യബു ദ്ധിക്കതീതമായ ഈ സന്നിദ്രാവസ്ഥയിൽ ദൈവം തന്റെ അനന്ത ജ്ഞ്ഞാനത്തിൽ ഒരേ സമയം താൻ നീതിമാനും അതേസമയം താൻ കാരുണ്യവാനും ആണെന്ന് തെളിയിക്കാൻ പ്രകടിപ്പിക്കാൻ, അവിടു ന്നൊരു പദ്ധതി ആവിഷ്ക്കരിച്ചു. അതാണ് രക്ഷാക രപദ്ധതി.

ദൈവീക രക്ഷാകരപദ്ധതിയുടെ ആത്മീയ രഹ സ്യമെന്ത് ? എങ്ങനെയാണ് ഒരേ സമയം ദൈവം തന്റെ നീതിയും അതേ സമയം ദൈവം തന്റെ

കാരുണ്യവും പ്രകടമാക്കിയത്? ശ്രദ്ധിക്കാം. പിശാചിട്ട പ്രലോഭനത്തിന്റെ ചൂണ്ടയിൽ മനുഷ്യൻ കൊത്തിയപ്പോൾ അവൻ എന്നെന്നേയ്ക്കുമായി പാപത്തിനും തന്മൂലം മരണത്തിനും അടിമയായി. കാരണം തിരുവചനം പറയുന്നു, പാപത്തിന്റെ ശമ്പളം മരണമാണ്. ഒപ്പം പാപം മൂലം മരണം ലോകത്തിൽ പ്രവേശിച്ചു എന്നും, ധ്യാനിക്കണം, ചൂണ്ടയിൽക്കിടക്കുന്ന മത്സ്യത്തിന് തനിയെ രക്ഷപ്പെടാനാവില്ല. മറ്റൊരെങ്കിലും രക്ഷിക്കണം. പാപം മൂലം ദൈവീക പിതൃത്വം ഉപേക്ഷിച്ച മനുഷ്യൻ പിശാചിനെ അനുസരിക്കുക വഴി അവനടിമയാവുകയും തജ്ജന്യമായി ദൈവീക നീതിയും കരുണയും ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. ദൈവം താൻ കരുണാമയനായപ്പോൾ ചൂണ്ടയിൽ കൊത്തിയ മത്സ്യത്തെപ്പോലെ പിശ്ചാചിന്റെ കെണിയിൽ വീണ് പാപത്തിൽ കിടന്ന് പിടയുന്ന മനുഷ്യനെ, അതിൽ നിന്ന് രക്ഷിച്ച് അവന് പകരക്കാരനായി ആ ചൂണ്ടയിൽ കിടന്ന് മനുഷ്യൻ ചെയ്ത തെറ്റിന് ദൈവം പരിഹാരം ചെയ്യാൻ തന്റെ പുത്രനെ ഭൂമിയിലേയ്ക്കയച്ചു. അതാണ് ദൈവപുത്രന്റെ മനുഷ്യാവതാരം.

ഇവിടെ ഒരു ചോദ്യമുയർന്നുവരാം. ഒരാൾ ചെയ്യുന്നതെറ്റിനു മറ്റൊരാൾക്കോ, മനുഷ്യൻ ചെയ്യുന്ന തെറ്റിന് ദൈവത്തിനോ പരിഹാരം ചെയ്യാനാവുമോ ? തികച്ചും ന്യായമായ ചോദ്യം. തീർച്ച

യായും പരിഹാരം ചെയ്യാനാവും, വിശദമാക്കാം, നിങ്ങളുടെ പതിനഞ്ചുവയസ്സുള്ള മകൻ നിങ്ങളറി യാതെ അയൽവാസിയോട് 500 രൂപ കടം വാങ്ങി ച്ചു. ഈ മകൻ ആ പണം ധൂർത്തടിച്ചു നശിപ്പിച്ചു എന് കരുതുക, ഇത് തികച്ചും തെറ്റായ ഒരു പ്രവൃ ത്തിയാണെന്നു നാം സമ്മതിക്കും. ഇനി പണം തിരി ച്ചുകൊടുക്കേണ്ട സമയമായിട്ടും കിട്ടാത്തതുകൊണ്ട് പല പ്രാവശ്യം ചോദിച്ചിട്ടും കൊടുക്കാൻ മകന്റെ കൈയ്യിൽ പണമില്ലെന്ന് കരുതുക) ഒടുവിൽ അയാൾ മകനെ നടുറോഡിൽ പിടിച്ചുനിർത്തിയിട്ട് പറഞ്ഞു. ഇന്ന് നീ പണം തന്നിട്ട് പോയാൽ മതി. മകൻ അവിടെ നിന്ന് കരയാനാരംഭിച്ചു. പണം വാങ്ങിയതു ശരിയാണ്, ചെലവഴിച്ചത് ശരിയാണ്, കൊടുക്കേണ്ടതും ശരിയാണ്. പക്ഷേ, അവന്റെ കയ്യിൽ പണമില്ല ! അവൻ നിസഹായനാണ്. ഈ സമയം മകനെ തടഞ്ഞുവെച്ചിരിക്കുന്ന വിവരം നിങ്ങളറിഞ്ഞാൽ നിങ്ങളെന്തുചെയ്യും? തൊട്ടടുത്ത നിമിഷം അവിടെ ഓടിയെത്തി കാര്യങ്ങളന്വേഷിച്ചു സത്യമാണെന്നുറപ്പുവന്നാൽ നിങ്ങളുടെ കൈ തനിയെ പോക്കറ്റിലേയ്ക്ക് നീങ്ങും. കാരണം അത് നിങ്ങളുടെ മകനാണ്, പേഴ്സെടുത്ത് 500 രൂപാ അയൽവാസിക്ക് കൊടുത്ത് മകനെ സ്വതന്ത്രനാക്കി വീട്ടിലേയ്ക്ക് കൊണ്ടുപോകും. എന്നിട്ടുപറയും, മക നേ, മേലിൽ ഇങ്ങനെ ചെയ്യരുത് എന്ന്, ഇവിടെ ഒര

ചോദ്യം. തെറ്റുചെയ്തതാരാണ് ? മകൻ.. പരിഹാരം ചെയ്തതാര് ? അപ്പൻ... അതെ, പ്രിയപ്പെട്ടവരെ തെറ്റുചെയ്തത് മനുഷ്യനാണ്, പരിഹാരം ചെയ്ത തും സ്വതന്ത്രനാക്കിയതും ദൈവവും !! സൃഷ്ടി യുടെ തെറ്റിന് സൃഷ്ടാവ് പരിഹാരം ചെയ്തു. അതാണിവിടെ സംഭവിച്ചത്. മാത്രമല്ല, മാനുഷിക ശക്തിയാൽ മാത്രം പിശാചിനെ തോൽപിക്കാനാവി ല്ലെന്ന് മനുഷ്യൻ പ്രലോഭനവിധേയനായതോടെ ദൈവം മനസ്സിലാക്കി. അതിനാൽ ദൈവം മനുഷ്യനാ യവതരിച്ച് തന്റെ മക്കളുടെ തെറ്റിന് പരിഹാരമായി സ്വയം ചൂണ്ടയിൽ സമർപ്പിച്ച് തന്റെ മക്കളെ രക്ഷിച്ച തോടൊപ്പം പിശ്ചാചിനെ നിത്യമായി പരാചയപ്പെടു ത്തുകയും ചെയ്തു.

മനുഷ്യന്റെ അശുദ്ധിയുടെ ഫലം അവൻ ശിക്ഷ യായി ശരീരത്തിലേറ്റെടുത്ത് പകരം അവന്റെ വിശു ദ്ധിയിൽ നിരുപാധികം മനുഷ്യനെ പങ്കുചേർക്കുക വഴി മനുഷ്യന്റെ നഷ്ടപ്പെട്ട വിശുദ്ധി തിരിച്ചുനൽകി അങ്ങനെ പിശ്ചാചിന്റെ അടിമത്വത്തിൽ നിന്നും മനു ഷ്യമക്കളെ വീണ്ടെടുത്ത് സ്വതന്ത്രമാക്കി, മാത്രമല്ല വീണ്ടും പിശ്ചാചിനടിമയാകാതിരിക്കാൻ ലോകാവ സാനം വരെ അവന്റെ കൂടെ നിന്ന് സഹായിക്കാൻ മറ്റൊരു സഹായകനെയും ഏർപ്പെടുത്തി. ആ സഹായകൻ പരി. ആത്മാവാണെന്ന് പറയേണ്ടതില്ല ല്ലോ. ഈ രക്ഷാകര സംഭവത്തിൽ പിതാവ് പാപിക്കു

വേണ്ടി പകരക്കാരനായി മരിച്ച രക്ഷകനായ പ്രിയ പുത്രനെ മരണത്തിൽ നിന്നും ഉയർപ്പിച്ച് രക്ഷാകര സംഭവം ശുഭപര്യവസായിയാക്കി. ഒപ്പം പാപം മൂലം നിത്യനാശത്തിൽ നിപതിച്ച മനുഷ്യനെയും രക്ഷാകര കർമ്മം നിർവ്വഹിച്ച പുത്രനായ യേശുവിനെയും നിത്യമരണത്തിൽ നിന്നും എന്നേക്കുമായുയർപ്പിച്ച് പിശാചിനെയും അവന്റെ അവസാന ആയുധമായ മരണത്തെയും പരാജയപ്പെടുത്തുകയും ചെയ്തു. പിശാചിന്റെ മരണമെന്ന അവസാന ആയുധത്തെ ദൈവം ഉയിർപ്പെന്ന തന്റെ വജ്രായുധം കൊണ്ട് തകർത്ത് സാത്താന്റെ മേൽ എന്നേക്കുമായി ആത്യന്തിക വിജയം നേടി. മരണമെ നിന്റെ ദംശനമെവിടെ എന്ന് ഓരോ വിശ്വാസിക്കും ആത്മധൈര്യത്തോടെ സാത്താനോട് ചോദ്യമുന്നയിക്കാൻ തക്കവിധം ഉയിർപ്പ് മരണത്തിന്മേൽ സർവ്വാധിപത്യം നേടി... ! ആദ്യം ആദം മരണകാരണമായെങ്കിൽ രണ്ടാം ആദം മിശിഹ ജീവകാരണമായി... !!!

‘‘മിശിഹാരണ്ടാമതമിതാ.

മരണം മൂലം മരണത്തെ

വിജയിച്ചോടുവിലുയർത്തപ്പോൾ

മർത്യനു ശരണം കൈവന്നു.

ഇതാണ് രക്ഷാകര സംഭവത്തിന്റെ രത്നചുരുക്കം.

## III. 3. പരിഹാരബലിയുടെ ഫലങ്ങൾ

ഇനി രക്ഷാകര സംഭവത്തിലൂടെ മാനവ രാശിക്കു ലഭിച്ച ഫലങ്ങളെന്തെല്ലാം? പൊതുവായിപ്പ റഞ്ഞാൽ പാപം മൂലം മനുഷ്യന് എന്തെല്ലാം നഷ്ട പ്പെട്ടോ? അതെല്ലാം രക്ഷാകര സംഭവം വഴി തിരിച്ചു കിട്ടി. അതിൽ വിഷയാധിഷ്ഠിതമായ രണ്ട് കാര്യ ങ്ങൾ മാത്രം ഇവിടെ വിശദമാക്കാം.

1. മനുഷ്യന്റെ തെറ്റിന് ദൈവസ്ഥാനത്തുനിന്ന് ദൈവം തന്നെയായ ദൈവപുത്രൻ യേശുക്രിസ്തു പാപത്തിന് ശിക്ഷ സ്വയം ഏറ്റെടുത്തുകൊണ്ട് തെറ്റിന് ശിക്ഷയേൽക്കുക എന്ന ദൈവീക നീതി പൂർത്തിയാക്കി ! ദൈവം മനുഷ്യനെ ശിക്ഷിക്കുകയ ല്ല, മനുഷ്യന്റെ തെറ്റിന് യേശുവിലൂടെ ശിക്ഷ ദൈവവും സ്വയം ഏറ്റെടുക്കുകയാണ് ചെയ്തത്. മകൻ വാങ്ങിയ പണത്തിന് അപ്പൻ പരിഹാരം ചെയ്തതുപോലെ !! അപ്പൻ നിരപരാധിയായിരു ന്നു. തിരുവചനം പറയുന്നു. 2 കോറി 5 : 21. ''അവ നിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ട തിന് പാപമെന്തെന്നറിയാത്തവനെ അവിടുന്ന് പാപ മാക്കി!! ഏശ. 53 : 4 'അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. പരിഹാരം ചെയ്യുക വഴി പാപ

ത്തിന്റെ ശിക്ഷ അവനേറ്റെടുത്ത് ദൈവിക നീതി അവൻ പൂർത്തിയാക്കി. യേശു പാപിയുടെ പകര ക്കാരനായി മാറി. ഹെബ്ര 10 : 10 യേശുക്രിസ്തു വിന്റെ രക്തം ഒരിക്കലെന്നേക്കുമായി സമർപ്പിക്കപ്പെട്ട തുവഴി നാമെന്നേക്കുമായി വിശുദ്ധീകരിക്കപ്പെട്ടിരി ക്കുന്നു. അവന്റെ ശിക്ഷ നമുക്ക് നീതിയായി പരിണ മിക്കപ്പെട്ടു. തന്മൂലം നാം വിശുദ്ധീകരിക്കപ്പെട്ടു. പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ.... ഏറ്റെടുത്ത തിലൂടെ ദൈവീക നീതി പൂർത്തിയായി. തന്മൂലം ശിക്ഷയേൽക്കേണ്ട നാം സ്വതന്ത്രരായി. ഇതാണ് കുരിശുമരണത്തിന്റെ ഒന്നാമത്തെ ഫലം ഇനി രക്ഷാ കര സംഭവത്തിലെ രണ്ടാമത്തെ ഫലം എഫേ 1 : 7 ''അവിടുത്തെ കൃപാസമൃദ്ധിക്കൊത്ത് നമുക്ക് ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തം വഴി രക്ഷയും കൈവന്നിരിക്കുന്നു. ഒപ്പം 1 യോഹ. 1 : 7 'അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകല പാപങ്ങളും പോക്കി നമ്മെ ശുദ്ധീകരി ക്കുന്നു'' രക്തം ചിന്താതെ പാപമോചനമില്ല എന്ന തിരുവചനവും നാമിവിടെ കൂട്ടിവായിക്കണം. പുത്രന്റെ രക്തം ചിന്തിയുള്ള കുരിശുമരണത്തി ലൂടെ പാപക്ഷമ, തന്റെ കരുണ ദൈവം പ്രകടമാക്കി. അതെ, ശിക്ഷ സ്വയമേറ്റെടുത്ത് പാപിയെ നീതീക രിച്ച ദൈവം, രക്തം ചിന്തി പാപങ്ങൾ ക്ഷമിച്ച് ദൈവ കാരുണ്യവും പ്രകടമാക്കി. ഹലേലുയ്യ.. ദൈവമേ

നിനക്കു നന്ദി, സ്തുതി. അതെ, അവിടുത്തെ നീതിയും കാരുണ്യവും കുരിശുമരണത്തിൽ ഒരുമിച്ച് വെളിപ്പെട്ടു. ദൈവത്തിന്റെ അനന്തജ്ഞാനത്തിനുമുമ്പിൽ നമുക്ക് ശിരസ്സ് നമിച്ച് കൃതജ്ഞരാകാം. തെറ്റുചെയ്ത് മനുഷ്യൻ, പരിഹാരം ചെയ്തത് ദൈവവും. ഇവിടെ ക്രിസ്തീയ ക്ഷമയെക്കുറിച്ചാണ് നാം പറഞ്ഞുവന്നത്. പരിഹാരം ചെയ്താലെ നമ്മൾ ക്ഷമിക്കൂ. നാം പരിഹാരം ചെയ്യിപ്പിക്കാനാണ് ശ്രമിക്കുന്നത്. ദൈവം അങ്ങനെയല്ല, സ്വയം പരിഹാരം ചെയ്തു. പരിഹാരം ചെയ്താൽ എല്ലാവരും ക്ഷമിക്കും. അതിലതിശയമില്ല. നൂറുരൂപാ കടം വാങ്ങി അവധി തെറ്റുമ്പോൾ 150 രൂപാ തിരിച്ചുതന്ന് പരിഹാരം ചെയ്താൽ ആരാണ് ക്ഷമിക്കാത്തത് എന്നാൽ ലൂക്കാ 6 : 35 തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മ ചെയ്യുകയും വായ്പ കൊടുക്കുകയും ചെയ്യുവിൻ... പാപിനിയെക്കൊണ്ട വനൊരു പരിഹാരവും ചെയ്യിപ്പിച്ചില്ല. ധ്യാനിക്കണം ധൂർത്തപുത്രൻ തിരിച്ചുവന്നപ്പോഴും അവനൊരു പരിഹാരവും ചെയ്പ്പിച്ചില്ല. വീണ്ടും ധ്യാനിക്കണം. താൻ ക്ഷമിച്ചതുപോലെ തെറ്റ് ചെയ്തവരെക്കൊണ്ട് പരിഹാരം ചെയ്യിപ്പിക്കാതെ മനുഷ്യൻ പരസ്പരം നിരുപാധികം ക്ഷമിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നമുക്കുവേണ്ടി പകരക്കാരനായി പരിഹാരം ചെയ്ത് അവൻ നമുക്ക് മാതൃക

യായത്. മത്താ. 10 : 8 ദാനമായി നിങ്ങൾക്ക് കിട്ടി, ദാനമായി നിങ്ങൾ കൊടുക്കുവിൻ, ക്ഷമ ദാനമായി അളന്നുകിട്ടിയ നാം ദാനമായിത്തന്നെ ക്ഷ അളന്നു കൊടുക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മത്താ. 24, 40. ''ഈ ചെറിയവരിലൊരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതനനെയാണ് ചെയ്തു തന്നതെന്ന് സത്യമായും ഞാൻ നിങ്ങളോട് പറയുന്നു'' ധ്യാനിക്കണം.ആരാണ് ചെറിയവരിലൊരുവൻ ? തിരിച്ചുതരാൻ കഴിവില്ലാത്തവനാണ് ചെറിയവരിലൊരുവൻ. നീ ക്ഷമിച്ചുകൊടുക്കുമ്പോൾ ക്ഷമ തിരിച്ചെത്തുന്നു. തരാൻ കഴിവില്ലാത്തവനോടും നീ ക്ഷമിക്കണമെന്ന് സാരം. നിനക്കിളച്ചു തന്നില്ലെങ്കിലും നീ അപരനിളച്ചുകൊടുക്കണം. നിനക്ക് 10,000 താലന്ത് ഇളവു ലഭിച്ചപ്പോൾ നീ 100 ദനാറയെങ്കിലും ഇളച്ചുകൊടുത്തേ മതിയാവൂ... ദൈവരാജ്യത്തിന്റെ പടി കടക്കാൻ... !!

## III. 4. മറക്കുന്ന ക്ഷമ, പ്രാർത്ഥിക്കുന്ന ക്ഷമ

ഇനി ദൈവത്തിന്റെ ക്ഷമയുടെ മൂന്നാമത്തെ പ്രത്യേകത ഇത് സകലതും മറക്കുന്ന ക്ഷമയാണ്. ഏശ 43 : 25 ''നിന്റെ പാപങ്ങൾ ഞാൻ ഓർക്കുക

യില്ല'' മനുഷ്യൻ ക്ഷമിക്കും, മറക്കില്ല!! വിശദമാക്കാം. ഒരാൾ മറ്റൊരാളെ അകാരണമായി ഉപദ്രവിച്ചു എന്ന് കരുതുക. അൽപം കഴിഞ്ഞപ്പോൾ ഉപദ്ര വിച്ചയാൽക്ക് പശ്ചാത്താപമുണ്ടായി. തല്ലിയ ആൾ തല്ലുകൊണ്ടവനോട് ക്ഷമചോദിക്കുകയും രമ്യതയി ലാവുകയും ചെയ്തു. കുറേ നാൾ കഴിഞ്ഞപ്പോൾ തല്ലിയവനും തല്ലുകൊണ്ടവനും മറ്റൊരിടത്ത് വച്ച് കണ്ടുമുട്ടി. അപ്പോൾ തല്ലുകൊണ്ടവന്റെ മനസ്സിൽ ആദ്യം ഓടിയെത്തിയത് ഇയാളാണ് അന്നെന്നെ തല്ലിയത് എന്നാണ്. അതെ, മനുഷ്യൻ ക്ഷമിക്കും, പക്ഷേ മറക്കില്ല. എന്നാൽ ദൈവത്തിന് ക്ഷമിക്കാനും പൊറുക്കാനും മറക്കാനും കഴിയും. വെള്ളത്തിൽ വരച്ചാൽ വിരലിനൊപ്പം വരമായുന്നതുപോലെ ദൈവം ക്ഷമിക്കുമ്പോൾ പാപം മറന്ന് മാഞ്ഞുപോ വുന്നു. അതുകൊണ്ടാണ് ഒരുനാളും നിൻ വീഴ്ചക ളിനി ഞാൻ ഓർക്കുകയില്ല, ഞാൻ ക്ഷമിച്ചതല്ലേ എന്ന് ദൈവം ചോദിക്കുന്നത്. അതെ മനാസ്സെ എന്ന വാക്കിനർത്ഥം നീ മറക്കുന്നു എന്നതാണെന്ന് നാം കണ്ടുവല്ലോ. ചില തിരുവചനങ്ങൾക്കൂടി നമുക്ക് ശ്രദ്ധിക്കാം. ഹെബ്ര. 10 : 17 ''അവരുടെ ദുഷ്ക്കർമ്മങ്ങളും പാപങ്ങളും ഒരുനാളും ഞാൻ ഓർക്കുകയില്ല'' അതിനർത്ഥം അവ ദൈവം മറന്നു എന്നുതന്നെ !! ഏശ 44 : 21 ൽ ഞാൻ നിന്നെ വിസ്മരിക്കുകയില്ല എന്നരുൾ ചെയ്തവൻ ഏശ 43 :

18ൽ പറയുന്നു. ‘‘പൂർവ്വകാര്യങ്ങൾ അനുസ്മരിക്കു കയോ അവ മനസിൽ വരിക്കയോ ഇല്ല എന്ന്. അതേ, നമ്മെ വിസ്മരിക്കാത്തവൻ നമ്മുടെ പാപ ങ്ങൾ വിസ്മരിച്ച് കളയുന്നു. അഥവാ നമ്മെ മറക്കാ ത്തവൻ നമ്മുടെ പാപങ്ങൾ മറന്നുകളയുന്നു. ദൈവ മേ, നിനക്കു നന്ദി. കർത്താവേ നീ പാപങ്ങളെല്ലാം ഓർത്തിരുന്നാൽ ആർക്കു രക്ഷയുണ്ടാകും’’ അതി നാൽ അനുതാപിയുടെ അകൃത്യങ്ങൾ അവിടുന്ന് ക്ഷമിക്കുന്നതോടൊപ്പം മറന്നുകളയുന്നു!!! ഒരിക്കൽ അവിവാഹിതയായൊരു യുവതി ഗർഭം ധരിച്ച പ്പോൾ പിഴച്ചവളെന്ന് മുദ്രകുത്തി വീട്ടുകാരും നാട്ടു കാരും അവൾക്ക് ഭ്രഷ്ട് കൽപിച്ചു.

നിരാലംബയായ ആ മകളേ സിസ്റ്റേഴ്സ് ഒരു ധ്യാനകേന്ദ്രത്തിലെത്തിച്ചു. കുറ്റബോധം കൊണ്ട് തളർന്ന അവളിലൊരു ദൈവവചനം പകർന്നു. ഏശ: 43 : 18 ‘‘കഴിഞ്ഞ കാര്യങ്ങൾ നിങ്ങൾ ഓർക്കു കയോ പരിഗണിക്കുകയോ വേണ്ട, ഇതാ ഞാനൊരു പുതിയ കാര്യ ചെയ്യുന്നു. അതു മുള യെടുക്കുന്നത് നിങ്ങൾ അറിയുന്നില്ലേ’’ ... ധ്യാനിക്ക ണം. ഓർത്തിരിക്കേണ്ടവൻ മറന്നുകഴിഞ്ഞാൽ പിന്നെ നാമെന്തിനുവെറുതെ ഓർത്തിരുന്ന് വേദനി ക്കണം !! മിക്ക 7 : 8 ‘‘തന്റെ അവകാശത്തിൽ അവ ശേഷിക്കുന്ന ഭാഗത്തോട് അവരുടെ അപരാധങ്ങൾ പൊറുക്കുകയും അതിക്രമങ്ങൾ ക്ഷമിക്കുകയും

ചെയ്യുന്ന അങ്ങയെപ്പോലൊരു ദൈവം വേറാരുണ്ട്. കുമ്പസാരക്കൂട്ടിൽ അനുതാപത്തോടെ ഏറ്റുപറഞ്ഞ് മേലിൽ ചെയ്യില്ലെന്നു തീരുമാനിച്ചുറച്ചപേക്ഷിച്ച പാപങ്ങളോർത്ത്, 'ദൈവമേ, പണ്ടു ഞാനങ്ങനെയൊക്കെ ചെയ്തവനാണല്ലോ എന്ന് പറയുമ്പോൾ ദൈവം പറയുന്ന മറുപടി. ഇല്ലല്ലോ മോനേ... ഇല്ലല്ലോ മോളേ... ഞാനതെല്ലാം അന്നേമറന്നു കളഞ്ഞതല്ലേ... ഓർക്കുന്നില്ലല്ലോ... എന്നായിരിക്കും. ഓ.. ദൈവമേ, നിനക്കുനന്ദി. പാപിയെ കുറ്റം വിധിക്കാത്ത, വിചാരണ ചെയ്ത് വീർപ്പ് മുട്ടിക്കാത്ത, എല്ലാം ഏറ്റുപറഞ്ഞുകഴിഞ്ഞാലും ഇനിയും എന്തെങ്കിലുമുണ്ടെങ്കിൽ അതുകൂടി കേട്ട് മറന്നുകളയുന്ന നിന്റെ കാരുണ്യം. ആ കാരുണ്യം ആവോളം നുകർന്ന് അപരനോട് ക്ഷമിച്ചനുഗ്രഹിക്കാനുള്ള കൃപക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പ്രിയപ്പെട്ടവരെ.. യഥാർത്ഥ ക്ഷമ ദ്രോഹം വിസ്മരിക്കലാണ്. മനാസെ നീ മറക്കണം. ദൈവിക ക്ഷമയുടെ നാലാമത്തെ പ്രത്യേകത അതു ദ്രോഹിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ക്ഷമയാണ്. ലൂക്ക. 23 : 34 ''പിതാവേ, അവർ ചെയ്തതെന്തെനന്ന് അവരറിയായ്കാൽ അവരോട് ക്ഷമിക്കണമെ'' എന്ന്. കാൽവരിയുടെ നിറുകയിൽ സുപ്രസിദ്ധങ്ങളായ രണ്ട് മാനസാന്തരങ്ങൾ നാം കാണുന്നുണ്ട്. 1. നല്ല കള്ളന്റെ- 2. വധശിക്ഷ നടപ്പിലാക്കിയ ശതാധിപന്റെ, അവസാനം വരെ മാനസാ

ന്തരപ്പെടാത്ത കള്ളനോടൊപ്പം അന്ത്യശ്വാസത്തിനു മുമ്പ് മാനസാന്തരപ്പെട്ട നല്ല കള്ളനും യേശുവിനെ പരിഹസിച്ചിരുന്നു എന്ന് തിരുവചന സാക്ഷ്യം. മത്താ. 27 : 44 ''നാവുള്ള ഏവനും ശപിക്കുന്ന ദുർനിമിഷങ്ങളാണ് ക്രൂശീകരണ സമയങ്ങൾ. എന്നാലിവിടെയിതാ ഒരുവൻ ശപിക്കുകയല്ല, അനുഗ്രഹിക്കുകയാണ്, ഭർത്സിക്കുകയില്ല, പ്രാർത്ഥിക്കുകയാണ്. അതെ പ്രിയപ്പെട്ടവരേ, യേശുവിന്റെ മരണനേരത്ത് ഭൂമി ഇളകിയതുകൊണ്ടോ പാറകൾ പിളർന്നതുകൊണ്ടോ പ്രേതാലയങ്ങൾ തുറക്കപ്പെട്ടതുകൊണ്ടോ മാത്രമല്ല ഇവൻ സത്യമായും ദൈവപുത്രനായിരുന്നു എന്ന് ശതാധിപൻ വിളിച്ചുപറഞ്ഞത്. നീ പറുദീസായിലിരിക്കുമ്പോൾ എന്നെയും ഓർക്കണമെ എന്ന് കള്ളൻ വിളിച്ചുപറഞ്ഞത്. പിന്നെയോ? കുരിശിൽകിടന്ന് സഹിച്ചുകൊണ്ടുള്ള മരണവുമായിരിക്കണം അവരിരുവരെയും മാനസാന്തരത്തിലേയ്ക്ക് നയിച്ചത്... കണ്ടുനിന്നിരുന്നവർ മാറത്തടിച്ചുകൊണ്ട് മടങ്ങിപ്പോയി എന്ന് വായിക്കുമ്പോൾ, എന്ന് ധ്യാനിക്കുമ്പോൾ അവിടുത്തെ ക്ഷമിച്ചുകൊണ്ടുള്ള പ്രാർത്ഥനയാൽ ജനവും മാനസാന്തരപ്പെട്ടു എന്ന് ധ്യാനിക്കുന്നതിൽ തെറ്റില്ല... ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിന്റെ ക്ഷമിച്ചുകൊണ്ടുള്ള പ്രാർത്ഥനയായിരുന്നു. കല്ലെറിഞ്ഞുകൊല്ലുന്നവരുടെ വസ്ത്രം സൂക്ഷിപ്പുകാരനായി സകലത്തിനും

ദൃക്സാക്ഷിയായി നിലകൊണ്ട സാവൂൾ എന്ന പൗലോസിനെ പുനർജ്ജനിയിലേക്ക് നയിച്ചത്. വീണ്ടും ജനിപ്പിച്ചത്. ധ്യാനിക്കുക. ഇവിടെയൊരാത്മീയ സത്യം മറനീക്കിപ്പുറത്തുവരികയാണ്. പീഢനമേൽക്കുന്നവരുടെ പ്രാർത്ഥനയാൽ പീഢിപ്പിക്കുന്നവരുടെ മാനസാന്തരം നടക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ആരാണോ നമ്മെ പീഢിപ്പിക്കുന്നത്. അവരുടെ മാനസാന്തരം നമ്മുടെ സഹിച്ചുകൊണ്ടുള്ള മധ്യസ്ഥപ്രാർത്ഥനയിലൂടെ സംഭവിക്കണമെന്ന്. ദൈവമേ, നിനക്ക് നന്ദി. കുഞ്ഞാടിന്റെ പ്രാർത്ഥനയോടുള്ള നിലവിളയാകാം ചെന്നായ്ക്കളുടെ മാനസാന്തരകാരണമെന്ന്... ഇതാ ചെന്നായ്ക്കളുടെ ഇടയിലേയ്ക്ക് കുഞ്ഞാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയക്കുന്നു. ചെന്നായ കുഞ്ഞാടിനെ മാന്തിക്കീറും ദൈവം അതിനനുവദിക്കുന്നത് ഈ കുഞ്ഞാടിന്റെ പീഢനമേറ്റുകൊണ്ടുള്ള പ്രാർത്ഥന കൊണ്ട് വേണം പീഢിപ്പിച്ച ചെന്നായയുടെ മാനസാന്തരം നടക്കാൻ ദൈവവചനത്തിന്റെ ചുരുളഴിയുമ്പോൾ നമ്മുടെ വഴികളിതാ പ്രകാശം പരക്കുകയായി. ധ്യാനിക്കണം നമ്മൾ ഇത്രനാളും നമ്മെ പീഢിപ്പിച്ച ചെന്നായകൾക്കുവേണ്ടി അവരുടെ മാനസാന്തരത്തിനുവേണ്ടി ഒരുനിമിഷമെങ്കിലും നാം പ്രാർത്ഥിച്ചിട്ടുണ്ടോ? അതോ അവരെ ശപിച്ചു തള്ളിയോ, ശപിച്ചെങ്കിൽ, പഴിച്ചെങ്കിൽ നമുക്ക് തെറ്റുപറ്റി പ്രിയ

പ്പെട്ടവരേ, ഇന്നുമുതൽ നമുക്കവർക്കുവേണ്ടി പ്രാർത്ഥിക്കാം. മദ്ധ്യസ്ഥരാകാം.

അതുകൊണ്ട് ക്ഷമിക്കുന്ന വ്യക്തി ഒരേസമയം രക്ഷപ്പെടുകയും അയാൾക്കുവേണ്ടി പ്രാർത്ഥിക്കുക വഴി പീഢിപ്പിക്കുന്ന വ്യക്തി രക്ഷപ്പെടാൻ പീഢന മേൽക്കുന്ന വ്യക്തി മധ്യസ്ഥനാവുകയും ചെയ്യുന്നു. ഇതും ക്രിസ്തീയ ക്ഷമയുടെ ഉൾപ്പൊരുളാണ്. അനുഗ്രഹത്തിന്റെ അലകും പിടിയും സവിശേഷ മായ ഈ അർത്ഥത്തിൽ ക്രിസ്തീയ ക്ഷമ രക്ഷപെ ടലും രക്ഷപ്പെടുത്തലുമാണ്. 1995 ഫെബ്രുവരി 25ന് മധ്യപ്രദേശിലെ ഇൻഡോറിലെ ഉദയ നഗറിൽ ദൈവ വേലയും സാമൂഹ്യനന്മയും ചെയ്ത് ഒരു മാലാഖ യെപ്പോലെ ഓടിനടന്ന സി. റാണി മരിയയെ യാത്രാമദ്ധ്യേ പിടിച്ചിറക്കി 20ലധികം കുത്തുകുത്തി ഒടുവിൽ ശ്വാസനാളിയും മുറിച്ചൊരു നരാധമൻ കാട്ടിലേക്കോടി മറഞ്ഞു. ഏതാനും ദിവസങ്ങൾക്കു ള്ളിൽ കൊലയാളി പിടിക്കപ്പെട്ടു. അയാളുടെ പേര് 'സാമന്ദർ സിങ്ങ്' എന്നായിരുന്നു. നീതിന്യായ കോടതി അയാളെ വിചാരണ ചെയ്ത് ജീവപര്യന്തം തടവിലിട്ടു. എന്നാൽ എല്ലാം ക്ഷമിച്ച് സർവ്വം മറ ന്നാലെ ഘാതകനെന്ന പ്രേഷിതനാക്കാനാകൂ എന്ന റിയാമായിരുന്നു 'പുല്ലുവഴി വട്ടാലിൽ വീട്ടിൽ പൈലി, ഏലിക്കുട്ടി ദമ്പതികളും, കുഞ്ഞനിയത്തി സി. സൽമയും, സ്വാമിയച്ചൻ എന്ന ബഹു.

മൈക്കിൾ പുറാട്ടുകരയിലൂടെ മനസ്സിലാക്കി. ഇത്തര ത്തിലൊരതിദാരുണ സംഭവം അരങ്ങേറിയാൽ നൊന്തുപ്രസവിച്ച അമ്മയും, ഉദരം പങ്കിട്ട സഹോദ രങ്ങളും മനംനൊന്തു ശപിക്കുന്ന ഈ ലോകത്തിൽ ഇതാ ഈ വൃദ്ധമാതാപിതാക്കൾ മധ്യപ്രദേശ് ഗവർണർക്ക് കത്തയച്ചിരിക്കുന്നു. എന്തിനെന്നോ? ഒരിക്കലും മോചിപ്പിക്കാതിരിക്കാനല്ല ! മറിച്ച് പൊന്നു മോളെ കുത്തിയമലർത്തിയവനെ നിരുപാധികം സ്വതന്ത്രമാക്കാൻ... തീർന്നില്ല. തന്റെ പൊന്നുചേ ച്ചിയെ നിഷ്ക്കരുണം കുത്തിമലർത്തിയവന്റെ തടവറ യിൽ തേടിയെത്തി കൈയ്യിൽ രാഗികെട്ടി സ്വന്തം കുഞ്ഞാങ്ങളയാക്കിയെന്ന്... സ്വയം പെങ്ങളായെ ന്ന്... ക്ഷണിച്ചുവരുത്തി അതിഥിയാക്കി വീട്ടിൽ വിരു ന്നൊരുക്കി സൽക്കരിച്ചെന്ന്.. മകനായി സ്വീകരിച്ചെ ന്ന്... സർവ്വം ക്ഷമിച്ച് എല്ലാം മറന്ന് പ്രാർത്ഥിച്ച് അനുഗ്രഹിച്ചെന്ന്... പിന്നീട് സംഭവിച്ചതെല്ലാം നമ്മുടെ കണ്ണുതുറപ്പിക്കണം പ്രിയപ്പെട്ടവരെ, അനു താപക്കണ്ണീരിൽ മുങ്ങിയ 'സാമന്തർ' മാനസാന്തരപ്പെ ട്ടെന്ന്. ഇന്നവൻ യേശുവിന്റെ പ്രേഷിതനാണെന്ന്. അതെ, പ്രിയപ്പെട്ടവരെ, പീഢനമേൽക്കുന്നവരുടെ ക്ഷമിച്ചുള്ള പ്രാർത്ഥനയാൽ പീഢിപ്പിച്ചവരുടെ മാന സാന്തരം നടക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ക്ഷണിക്കാനായി ക്ഷതമേറ്റതിന്റെ മുറിപ്പാടുകൾ യേശുവിനെയും സ്റ്റീഫന്റെ ശരീരത്തിലെന്നതു

പോലെ ആരുടെ ശരീരത്തിലുണ്ടോ, ആ വടുക്കൾ നിത്യജീവിതത്തിലേയ്ക്കുള്ള അംഗീകാരമുദ്രകളായി ദൈവം പരിഗണിക്കുമെന്ന്... അതെ, പിതാവിന്റെ വലതുഭാഗത്തുപവിഷ്ടനായി ഇരിക്കുന്ന മനുഷ്യപുത്രൻ എഴുന്നേറ്റ് നിന്ന് സ്തേഫാനോസിനെ ആദരിച്ചനുഗ്രഹിച്ച് സ്വർഗ്ഗീയ നിമിഷങ്ങളായിരുന്നു. സ്തേഫാനോസ് മുറിവേറ്റുകൊണ്ട് ക്ഷമിച്ച പുണ്യ നിമിഷങ്ങൾ. ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു. അപ്പ. 7 : 56

ഇനിയും നിരപരാധി നിശബ്ദതയിലേൽക്കുന്ന മുറിവിനാൽ നിരപരാധിയെ പീഢിപ്പിക്കുന്ന ശത്രുക്കളുടെ കുടിപ്പകപോലും അവസാനിക്കുമെന്ന് തിരുവചനം ആഴത്തിൽ ധ്യാനിച്ചാൽ നമുക്ക് മനസിലാകും. ലൂക്കാ 23 : 22. ശത്രുതയിൽ കഴിഞ്ഞിരുന്ന പീലാത്തോസും ഹേറോദേസും അന്നുമുതൽ മിത്രങ്ങളായി. ദൈവവചനത്തിന്റെ മാധുര്യം ആഴത്തിൽ നാം ധ്യാനിച്ച് ആസ്വദിച്ച് സ്വന്തമാക്കണം.

പ്രിയപ്പെട്ടവരെ, ദൈവം നമുക്ക് യേശുക്രിസ്തു വഴി ക്ഷമയുടെ മാതൃക നൽകിയത് നാമും ഇപ്രകാരം ക്ഷമിക്കേണ്ടതിനാണ്. മുൻകൈയെടുത്ത്, പരിഹാരം ചെയ്യിപ്പിക്കാതെ, സർവ്വം മറന്ന് പ്രാർത്ഥിച്ചനുഗ്രഹിച്ച് രക്ഷപ്പെടുത്തണം. രക്ഷപ്പെടുന്നു ക്ഷമ !! ഇതാണ് സമ്പൂർണ്ണമായ ക്രിസ്തീയ ക്ഷമ.

## III. 4. ക്ഷമ ചോദിക്കണം

തെറ്റു ചെയ്യാത്തവൻ ക്ഷമചോദിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് നമുക്കൽപം കടന്നുചെല്ലാം. ജീവിതം മുഴുവൻ പൗരോഹിത്യ ശുശ്രൂഷ ചെയ്ത് മൺമറഞ്ഞുപോയ ഒരു പുണ്യപുരോഹിതൻ പങ്കു വച്ച സംഭവം ഓർക്കുന്നു. ഇടവകയിലെ വാർഷിക ത്തിരട്ട് (കണക്ക്) വായിച്ച് ജനത്തെ ബോധ്യപ്പെടു ത്തുന്ന പൊതുയോഗം. സെക്രട്ടറി വായന അവസാ നിപ്പിച്ചപ്പോൾ പാസാക്കാൻ ചർച്ചയാരംഭിച്ചു. ഒരു വ്യക്തി മുൻവൈരാഗ്യം തീർക്കാൻ തദവസരം ദുരു പയോഗപ്പെടുത്തി അച്ചനെ ആക്ഷേപിച്ച് സംസാരി ച്ചു. അച്ചന് വല്ലാതെ വേദനിച്ചു. യോഗം കഴിഞ്ഞ് അച്ചൻ സങ്കടത്തോടെ പള്ളിമുറിയിലേക്കും അയാൾ എന്തോ നേടിയ മട്ടിൽ വീട്ടിലേയ്ക്കും പോയി. അച്ചൻ പിറ്റേവർഷം അവിടെ നിന്നും സ്ഥലം മാറി പ്പോയി. പ്രിയപ്പെട്ടവരെ, വർഷങ്ങൾ കഴിഞ്ഞു. ഇയാളുടെ ഇളയ മകളുടെ കല്യാണം നടക്കുന്നില്ല. മകളുടെ വിവാഹത്തിനായി അവളുടെ പേരിൽ 8 ലക്ഷത്തോളും രൂപ ബാങ്കിൽ ഡിപ്പോസിറ്റുണ്ട്. പെൺകുട്ടി സുന്ദരിയാണ്. സർക്കാർ ജോലിയുമു ണ്ട്. ചെറുക്കന്മാർ മാറി മാറി വന്നു. പക്ഷേ,

കല്യാണം മാത്രം നടക്കുന്നില്ല. ഒടുവിലീ മാതാപിതാക്കൾ ഒരു ധ്യാനത്തിനുപോകാൻ തീരുമാനിച്ചു. ധ്യാനാവസരത്തിൽ കൗൺസിലിംഗ് മദ്ധ്യേ മകളുടെ വിവാഹക്കാര്യം പ്രാർത്ഥനാവിഷയമായി, ലഭിച്ച ബോധ്യമനുസരിച്ച് കൗൺസിലർ പറഞ്ഞു. ചേട്ടാ, എന്താണെന്നൊന്നും അറിയില്ല. ഏതോ ഒരച്ചൻ ചേട്ടൻ മുഖാന്തിരം വേദനിക്കാനിടയായിട്ടുണ്ടെന്നു തോന്നുന്നു. ക്ഷമ ചോദിച്ചൊരു നല്ല വാക്ക് പറയുന്നത് നന്നായിരിക്കും. കൗൺസിലിംഗിനെ ഗൗരവമായി കണ്ട ആ മാതാപിതാക്കൾ നേരെ അച്ചനെ അന്വേഷിച്ച് ചെന്ന് താമസിക്കുന്ന മുറിയുടെ വാതിൽ മുട്ടി. വാതിൽ തുറന്ന അച്ചന് ചേട്ടനെ മനസ്സിലായി എന്നവണ്ണം പുഞ്ചിരിച്ചു. പെട്ടെന്ന് മുഖവുരയൊന്നും കൂടാതെ ചേട്ടൻ മുട്ടുകുത്തി പറഞ്ഞു. അച്ചാ, എന്നോട് ക്ഷമിക്കണം. അറിവില്ലാതെ... ബാക്കി അച്ചൻ പറഞ്ഞു. സാരമില്ല മോനേ, ഞാനൊരു പുരോഹിതനല്ലേ... പിറ്റേദിവസം കുർബാനയർപ്പിക്കാൻ തിരുവസ്ത്രങ്ങളണിഞ്ഞപ്പോൾ തന്നെ ഞാനതെല്ലാം ക്ഷമിച്ചതാണ്. മക്കൾ സമാധാനമായി പൊയ്ക്കോ എന്ന്. സ്തുതി ചൊല്ലി മന:സമാധാനത്തോടെ ചേട്ടനും ചേച്ചിയും തിരിച്ച് വീട്ടിലെത്തിയപ്പോൾ പതിവില്ലാതെ ഒരു ജീപ്പ് മുറ്റത്ത് കിടക്കുന്നു. കാര്യം തിരക്കിയപ്പോൾ മനസ്സിലായി. മുൻകൂട്ടി അറിയിക്കാതെ ഒരിടക്കാരൻ ഒരു

ചെറുക്കനെയും കൂട്ടി വന്നതാണ്. 74-ാമത്തെ ചെറുക്കൻ. ഒരു ദൈവീക പദ്ധതിയുടെ പൂർത്തീകരണം എന്നവണ്ണം ആ വിവാഹം സമംഗളം നടന്നു. ധ്യാനിക്കണം പ്രിയപ്പെട്ടവരെ, ധ്യാനിക്കണം. ക്ഷമ ചോദിക്കേണ്ടവരോട് ചോദിക്കാത്തതിന്റെ പേരിൽ ദൈവത്തിൽ നിന്നും സൗജന്യമായി ലഭിക്കേണ്ട ദൈവകൃപയും അനുഗ്രഹവും തടസ്സപ്പെട്ടുകിടപ്പുണ്ടോ എന്ന്, ഉണ്ടെങ്കിൽ 2 കോറി. 6 : 2 ''ഇതാ, ഇപ്പോൾ സ്വീകാര്യമായ സമയം, ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം. നാളെ നാളെയെന്ന് നീട്ടിവയ്ക്കരുത്. ഒരു ദിവസം കൊണ്ടെന്തുസംഭവിക്കുമെന്ന് ആർക്കറിയാം'. നാം വേദനിപ്പിച്ചവരോടും നമ്മെ വേദനിപ്പിച്ചവരോടും മാത്രം രമ്യതപ്പെട്ടാൽ പോരാ, നമ്മോട് നീരസമുണ്ടെന്നുതോന്നുന്ന വ്യക്തിയോടുപോലും അങ്ങോട്ടുചെന്ന് രമ്യപ്പെടണമെന്ന് യേശു പഠിപ്പിച്ചു. മത്താ. 5 : 23 ലൂടെ ദു:ഖവെള്ളിയാഴ്ച കുരിശെന്ന ബലിപീഠത്തിലേക്ക് കയറുന്നതിനുമുമ്പ് തലേന്ന് പെസഹാദിനത്തിൽ ഈ തിരുവചനം അവൻ നിവർത്തിയാക്കി. യൂദാസിന്റെ കാലുകൾ അവൻ കഴുകി മുത്തി. കവിളിൽ മുത്തി ഒറ്റാനിരുന്നവന്റെ കാലിൽ മുത്തി അവൻ സ്വന്തമാക്കി. ഓ.. ദൈവമേ... എനിക്കാവുന്നില്ല... നാഥാ... കൃപതരണെ എന്നു പ്രാർത്ഥിക്കുന്നു. എളിമപ്പെടാൻ... !! യഥാസമയം ബലിനടത്താൻ തത്രപ്പെട്ടോടിയ പുരോഹിതന്റെ

കൃത്യനിഷ്ഠയെന്നല്ല. മുറിവേറ്റുകിടന്ന യഹൂദൻ, സമറായന്റെ ശത്രുവായിരുന്നിട്ടും വച്ചുകെട്ടി സത്രത്തിലെത്തിച്ച നല്ല സമറായന്റെ കാരുണ്യത്തെയാണ് നീയും പോയതുപോലെ ചെയ്യുക എന്നരുൾചെയ്ത് അവൻ ഉയർത്തിക്കാട്ടിയത്. സ്നേഹമുള്ളവരേ, ക്ഷമിച്ചും, ക്ഷമചോദിച്ചും, മറന്നും, പൊറുത്തും, അനുഗ്രഹിച്ചും, അനുഗ്രഹിക്കപ്പെട്ടും, ജീവിതം അഭിഷേകപൂർണ്ണമാക്കാൻ പ്രാർത്ഥിച്ചുകൊണ്ട് അനുഗ്രഹീതമായ നാലാം ഭാഗത്തേക്ക് പ്രാർത്ഥനാപൂർവ്വം പ്രവേശിക്കാം...

# ഭാഗം 4

## IV.1. പ്രതികാരത്തിന്റെ ദുരന്തമുഖം

മനുഷ്യന്റെയുള്ളിൽ ഇത്തിൾക്കണ്ണിപോലെ വളർന്ന് സർവ്വനാശകാരണമാകുന്ന പ്രതികാരത്തെക്കുറിച്ച് അനുഗ്രഹീതമായ ഈ നാലാം ഭാഗത്ത് നമുക്ക് ചിന്തിക്കാം... ഗുരുവിനെ രക്ഷിക്കാൻ വാളെടുത്തുവെട്ടിയ പത്രോസിനോടുള്ള ഗുരുമൊഴി ''വാളതിന്റെ ഉറയിലിടുക..!വാളെടുക്കുന്നവൻ വാളാൽ നശിക്കും'' യോഹ. 18 : 11. തിരുവചന

ത്തിന്റെ ഉൾപ്പൊരുൾ, പ്രതികാരം ക്ഷമയുടെ ഉറയി ലിടണമെന്നാണ്. ''പ്രതികാരം ചെയ്യുന്നവനോട് കർത്താവ് പ്രതികാരം ചെയ്യും'' പ്രഭാ. 28 : 1. കാർക്കോടകൻ കുടിക്കുന്നത് ഇറച്ചിതിന്ന് വിശപ്പക റ്റാനല്ല, വിഷം കുത്തിവെച്ച് കൊല്ലാനാണ്. പട്ടി കടി ക്കുന്നത് വയറുനിറക്കാനാല്ല, ദേഷ്യം തീർക്കാനാണ് ! ഇരയുടെ രക്തം കാണുന്ന വേട്ടമൃഗം പിൻമാറുകയി ല്ല, മനുഷ്യൻ പ്രതികാരം ചെയ്യുന്നത് ലാഭക്കൊതി കൊണ്ടല്ല, പകവീട്ടി മൃഗീയമായി സംതൃപ്തി ആസ്വദി ക്കാനാണ്. അതിന്റെ അന്ത്യമോ, സർവ്വനാശവും, ധ്യാനിക്കണം പ്രിയപ്പെട്ടവരെ,

ഒരിക്കൽ കിണറ്റിൻകരയിൽ അയൽവാസികൾ ഒരുമിച്ചുപയോഗിച്ചുകൊണ്ടിരുന്ന ഒരു ബക്കറ്റിനു വേണ്ടി നിസാരമായൊരു തർക്കമുണ്ടായി. സ്ത്രീകൾ തമ്മിലാരംഭിച്ച് പുരുഷന്മാരിലേയ്ക്ക് നീണ്ടു. ഏറ്റുമുട്ടലായി, ദേഷ്യവും കോപവും പ്രതി കാരാഗ്നിയായി ആളിക്കത്തിയപ്പോൾ സംഘം ചേർന്ന് പതിയിരുന്ന്, കൊന്നതോ ആളുമാറി നിരപ രാധിയായ അനുജനെ... ധ്യാനിക്കണം ! പറക്കമു റ്റാത്ത കുഞ്ഞുങ്ങളും കുടുംബവും അനാഥം. പിന്നീട് ജീവിതം മുഴുവനും കുറ്റബോധത്തിന്റെ നിഴലിൽ... (ജ്ഞാനം 2 : 2) ഹൃദയസ്പന്ദം കൊണ്ട് ജ്വലിക്കുന്ന തീപ്പൊരികളാണ് ചിന്തകൾ. പ്രതികാരം തീപ്പൊരിപോലെയാണ്. ആളിപ്പടരാനനുവദിച്ചാൽ

അഗ്നികുണ്ഡമാക്കും, വ്യക്തികളെ, കുടുംബങ്ങളേ, ദേശങ്ങളെ.

ധൂർത്തപുത്രനെല്ലാം നഷ്ടപ്പെട്ടപ്പോൾ സർവ്വം നഷ്ടപ്പെടുത്താൻ കൂട്ടുനിന്ന ആരോടും അവൻ പ്രതികാരത്തിനുപോയില്ല. മറിച്ച് എനിക്കന്നു തെറ്റു പറ്റിയതെന്ന തിരിച്ചറിവിൽ അവൻ നടന്നുനീങ്ങി യത് പിതൃഭവനത്തിലേയ്ക്കാണ്. അതുകൊണ്ടാണ വന് രക്ഷയുടെ വാതിൽ പിതാവ് മലർക്കെ തുറന്നു കൊടുത്തതും. ഗുരുവരന് സ്വീകരണം നിഷേധിച്ച പ്പോൾ സ്വർഗ്ഗത്തിൽ നിന്നഗ്നിയിറക്കി ഇവരെ നശിപ്പി ക്കട്ടെയെന്നാരാഞ്ഞ ശിഷ്യനെ ഗുരു തിരിഞ്ഞുനിന്ന് ശാസിച്ചതിലുള്ള ഉൾപ്പൊരുളും മറ്റൊന്നല്ല, പകരം വീട്ടരുത് എന്നുതന്നെയാണ്. ലൂക്കാ. 9 : 54. വെറു പ്പെന്ന ആഴിയിൽ നിന്നും വിദ്വേഷത്തിന്റെ ആവി പൊങ്ങാനനുവദിച്ചാൽ പ്രതികാരത്തിന്റെ പേമാരി യായി അതു പെയ്തിറങ്ങും, പ്രളയമാകും. നാശമാ യിരിക്കും അതിന്റെ അന്ത്യം ! സർവ്വനാശം. അതു കൊണ്ട് വിദ്വേഷത്തിന്റെ വേരു വളർന്ന് ദൂഷ്യം ചെയ്യാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. റോമ 12 : 19 ''പ്രിയപ്പെട്ടവരെ, പ്രതികാരം നിങ്ങൾതന്നെ ചെയ്യാതെ അത് ദൈവത്തിന്റെ ക്രോധത്തിന് വിട്ടേ ക്കുക'' എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കു ന്നു. ''പ്രതികാരം എന്റേതാണ്. ഞാൻ പകരം വീട്ടു മെന്ന്'' കർത്താവ് അരുൾ ചെയ്യുന്നു. അതളക്കുന്ന

അളവ് കൊണ്ട് തിരിച്ചളക്കുമെന്നാണ് തിരുവചനം. തീർന്നില്ല. അമർത്തിക്കുലുക്കിത്തരും പോലും ! പ്രതികാരം അളന്നു നൽകിയാൽ തലമുറകൾക്കുവേണ്ടി കലവറയിൽ പ്രതികാരം കരുതിവയ്ക്കുകയാണ് നീ ചെയ്യുന്നത്. നിന്റെ പ്രതികാരം ഏഴിരട്ടിയെങ്കിൽ നിന്റെ തലമുറകളുടെ പ്രതികാരദാഹം 70 ഇരട്ടിയായിരിക്കും. കായേന്റേത് 7 ഇരട്ടിയെങ്കിൽ ലാമെക്കിന്റേത് 70 ഇരട്ടി. ഉൽപ. 4 : 24 ധ്യാനിക്കണം. പ്രിയപ്പെട്ടവരെ, ഏകനായിരുന്ന് നിശബ്ദതയിൽ ധ്യാനിക്കണം. എന്നാൽ ക്ഷമയുള്ളവന്റെ തലമുറക്ക് ദീർഘക്ഷമ അളന്നു ലഭിക്കും. പ്രഭാ. 28 : 3 ചോദിക്കുന്നു. അയൽക്കാരനോട് പകവച്ചുപുലർത്തുന്നവന് കർത്താവിൽനിന്നും കരുണ പ്രതീക്ഷിക്കാമോ എന്ന്,

പ്രതികാരം പേസ്റ്റുപോലെയാണ്. ഒരു ചെറിയ സമ്മർദ്ദം മതി ഉള്ളിലുള്ളതപ്പാടെ പുറത്തുചാടൻ. ആജീവനാന്തം ശ്രമിച്ചാലും പിന്നീടുള്ളിലാക്കാനാവില്ല. തിരുവചനം ചോദിക്കുന്നു. മനുഷ്യൻ വിദ്വേഷം വച്ചുകൊണ്ടിരുന്നാൽ അവന്റെ പാപങ്ങൾക്ക് ആര് പരിഹാരം ചെയ്യുമെന്ന് ? പ്രതികാരം വച്ചുവുലർത്തുന്നവന് കർത്താവ് കുരിശുമരണത്തിലൂടെ നേടിത്തന്ന പാപപരിഹാരബലിയുടെ സദ്ഫലങ്ങൾനഷ്ടപ്പെടുത്തുകയാണ്!! പ്രതികാരചിന്തമൂലം പിശാച് ഒരുവന്റെ ബുദ്ധിയിലന്ധകാരം നിറച്ച് മനസ്സ് മരവിപ്പിച്ച് ഹൃദയം കഠിനമാക്കുമ്പോൾ താൻ

ചെയ്യുന്നതെന്തെന്ന് പ്രതികാര ദാഹി അറിയുന്നില്ല. നിരപരാധികളുടെ രക്തം എത്രയോ തവണ ആളു മാറി ഈ മണ്ണിൽ വീണിരിക്കുന്നു. നിസാരമായ രാഷ്ട്രീയ വൈരത്തിന്റെ പേരിൽ പകരം വീട്ടി ജയി ലിൽ കഴിയുന്ന ഒരു മകനെ കണ്ടപ്പോൾ ഞാനി ങ്ങനെ ഓർത്തു. ഈ മകന്റെ പ്രതികാരപ്രവൃത്തി യുടെ ഗുണഫലമനുഭവിക്കുന്നവർ, അതിന്റെ അന ന്തരഫലത്തിന്റെ ചെറുമണികൊറിക്കാൻ ഇവന്റെ കൂടെയില്ലല്ലോ... എന്ന് !!! .. ധ്യാനിക്കണം. ഒടുവിൽ എല്ലാം അവസാനിച്ച്, സുബോധം വന്ന് അവരുടെ മുമ്പിൽ നീ സഹായഹസ്തം നീട്ടുമ്പോൾ അവർ ചോദിക്കും. യൂദാസിനോട് അവർ അളന്നു ചോദിച്ച അതേ ചോദ്യം. 'അതിന് ഞങ്ങളെന്തുവേണം ? നീ പോയി നിന്റെ കാര്യം നോക്കിക്കൊള്ളുക എന്ന് !!! പ്രിയപ്പെട്ടവരെ ധ്യാനിക്കണം. നീ... പ്രതികാരം കൊണ്ടെന്തുനേടി എന്ന്. പ്രിയപ്പെട്ടവരെ പ്രതികാരം ചെയ്യുന്നവൻ അന്ധനാണ്. അവന്റെ പോക്ക് അന്ധ കാരത്തിലേക്കാണ്. അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തേക്കുപോയി

പിന്നെയോ വെറുപ്പൊടെയുള്ള മരണമാണത്. വിശുദ്ധരായ അനേകം മനുഷ്യരുടെ മരണസമ യത്ത് അവരുടെ ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് സംവഹിക്കാൻ വിശുന്ധരും മാലാഖമാരും ഞങ്ങൾക്കു ചുറ്റും നിൽക്കുന്നതായി അനുഭവപ്പെട്ടി

ട്ടുള്ളത് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ‘മങ്ങി ഒരന്തിവെളി ച്ചത്തിൽ ചെന്തീ പോലൊരു മാലാഖ വിണ്ണിൽ നിന്നെൻ മരണത്തിൻ സന്ദേശവുമായ് വന്നരികിൽ’’ എന്ന വരികളുടെ ഉൾപ്പൊരുളാണത്. എന്നാൽ വെറുപ്പിൽ മരിക്കുന്നവരുടെ ചുറ്റും പിശാച് വട്ടമിട്ടു നടക്കും കാരണം ആത്മാവ് അവനുള്ളതാണ്. നാം കേട്ടിട്ടില്ലേ... ‘‘ഭീകരമരണത്തിൻ കാലടി കേൾക്കു ന്നു...പാപമെനിക്കുള്ളിൽ പേടി വളർത്തുന്നുസാത്താൻ നിറയും പകയോടെ സദത മലട്ടുന്നു...’’

ആഴത്തിൽ ധ്യാനിക്കണം പ്രിയപ്പെട്ടവരെ , മരണം മാത്രമല്ല വിധിയും ശോചനീയമായിരിക്കും. യാക്കോ: 2:13 ‘‘കാരുണ്യം കാണിക്കാത്തവരുടെ മേൽ കാരുണ്യ രഹിതമായ വിധിയുണ്ടാ വും,എന്നാൽ കരുണയുള്ളർ ഭാഗ്യവാന്മാർ അവർക്ക് കരുണ ലഭിക്കും ’’ മത്താ 5:7 ശത്രുവിന്റെ മരണവാർത്ത കേട്ട് ശയ്യാവലംബനായ ഒരാൾ പരി തപിച്ചു. അയാൾ എന്റെ കൈ കൊണ്ട് മരിച്ചില്ലല്ലോ, ഞാൻ മരിക്കുന്നതിനു മുമ്പ് അവളിവിടെ വന്നാൽ ഞാൻ ചെരുപ്പൂരിയടിക്കും മറ്റൊരുവളുടെ പരിവേദ നം. മരണകിടക്കയിൽ പോലും ശത്രുത പൊതിച്ചോ റായി സൂക്ഷിക്കുന്നവർ ഒരു കുട്ടമണ്ണിനൊ, ഒരു പണമിട പൊന്നിനൊ നിനക്കൊന്നും നേടിത്തരാനാ വില്ലെന്ന് നീ തിരിച്ചറിയണം.ആകുമായിരുന്നെങ്കിൽ

പിടിച്ചുപറിച്ചവന്റെയും അന്യായമായി കൂട്ടിവച്ചവ ന്റെയും തലമുറ അന്യം നിന്നു പോവില്ലായിരുന്നു. അതുകൊണ്ടിതാ ഇന്നു നിന്റെ മുമ്പിൽ തിന്മയും നന്മയും വെക്കുന്നു. ഒരു തിരഞ്ഞെടുപ്പാണാവശ്യം. ഏശയ്യ 1:19‘‘ അനുസരിക്കാൻ സന്നദ്ധമെങ്കിൽ ഐശ്വര്യം ധിക്കരിക്കാനാണ് ഭാവമെങ്കിൽ വാൾ’’ രണ്ടിലൊന്ന് തിരഞ്ഞെടുക്കേണ്ടത് നമ്മളാണ്.

അന്ന് ആബേലിന്റെ രക്തം ഈ മണ്ണിൽ വീണ് കായേനെതിരായ് നിലവിളിച്ചെങ്കിൽ ഇന്ന് യേശുക്രി സ്തുവിന്റെ രക്തം അതേമണ്ണിൽ വീണ് നമുക്കു വേണ്ടി കരുണക്കായി നിലവിളിക്കുന്നു. അവർക്കറി യില്ല പിതാവെ, അതുകൊണ്ട് നീ അവരോട് ക്ഷമി ക്കണമെ എന്ന്. ഒപ്പം നീ ക്ഷമിക്കുന്നതും, ക്ഷമചോദി ക്കുന്നതും; തന്മൂലം നീ നിത്യരക്ഷ പ്രാപിക്കുന്നതു കാണാനും അവൻ കുരിശിൽ കിടന്നു ദാഹിച്ചു. വേഴാമ്പൽ വെള്ളത്തിനെന്നപോലെ അവൻ ദാഹി ച്ചു. ജലത്തിനൊ വിനാഗിരിക്കോ ശമിപ്പിക്കാനാ വാത്ത അവന്റെ ആത്മദാഹം. നമുക്ക് രമ്യപ്പെടാം. പ്രിയപ്പെട്ടവരെ, ഓടിച്ചെന്ന് രമ്യതപ്പെടാം... കാൽവ വരിയിൽ നമ്മുടെ കടച്ചീട്ടവൻ കീറിക്കളഞ്ഞു. നാം ക്ഷമിച്ചപരന്റെ കടച്ചീട് കീറി ആ കുരിശിൻചുവട്ടിൽ മനസുകൊണ്ട് നിൽക്കുമ്പോഴാണ് അവന്റെ ആത്മ ദാഹം ശമിക്കുക. അതിനൊന്നുമാത്രം നാം തിരിച്ചറി യുകയാണ്. അവർക്കറിയില്ല പിതാവേ എന്ന് !! അറി

യാതെയാണവരിത് ചെയ്തതെന്ന് നാം തിരിച്ചറിയുമ്പോൾ നമ്മുടെ പ്രതികാരത്താൽ ശിലാതുല്യമായ ഹൃദയങ്ങൾ ക്ഷമയാൽ മാംസളമാകും.

## IV. 2. പ്രകാശഗോപുരങ്ങൾ

ഇന്ന് നീ നിന്റെ ഹൃദയകവാടത്തിനുമുമ്പിൽ അടച്ചുവച്ചിരിക്കുന്ന വെറുപ്പിന്റെ കല്ലെടുത്തുമാറ്റുമ്പോൾ എസക്കി. 37 : 12 നിന്നിൽ നിറവേറാൻ ദൈവം ഇടവരുത്തും. 'എന്റെ ജനമെ കല്ലറകൾ തുറന്ന് നിങ്ങളെ ഞാൻ പുറത്തുകൊണ്ടുവരും'' വീണ്ടും ജനനം മാത്രമല്ല, അതിലൂടെ വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാനും നമുക്കാകും. അതിനുള്ള ഉദാത്ത മാതൃകകളോ, ഭാരതത്തിൽ, ഒറീസായുടെ തീരങ്ങളിൽ - നിരാലംബരായ കുഷ്ഠരോഗികൾക്കിടയിൽ അവരിലൊരുവനെപ്പോലെ-മറ്റൊരു ഡാമിയനായി പതിറ്റാണ്ടുകൾ ശുശ്രൂഷചെയ്ത വന്ദ്യനായ സ്റ്റെയിൻസിന്റെയും, ഫിലിപ്പ്, ത്മോത്തി എന്നീ രണ്ടരുമ കുഞ്ഞുങ്ങളെയും ജീപ്പിലിട്ട് ചുട്ടുകൊന്ന കൊലയാളികളോട് - യേശുക്രിസ്തുവിനെപ്രതി എല്ലാം മറന്ന് സർവ്വം ക്ഷമിച്ച് പ്രാർത്ഥിച്ചനുഗ്രഹിച്ച വന്ദ്യവനിത ശ്രീമതി ഗ്ലാഡിസ് സ്റ്റെയിൻസ് - നമുക്കു മുൻപിൽ ജീവിക്കുന്ന, ജീവനുള്ള സാക്ഷ്യമാണ്!!

ഒരു വെള്ളരിപ്രാവിനെപ്പോലെ ലോകം മുഴുവൻ പറന്നുനടന്ന-ലോകത്തിന്റെ മന:സാക്ഷിയായി -ദൈവത്തിന്റെ പ്രതിനിധിയായി സഭയെ നയിച്ച - പുണ്യശ്ലോകനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ - തന്റെയുദരത്തിലേയ്ക്ക് വെടിയുണ്ടയുതിർത്ത 'മുഹമ്മദലി അഖ'യെ തടവറയിൽ ചെന്നുകണ്ട് ആലിംഗനം ചെയ്ത് സർവ്വം ക്ഷമിച്ച് സഹോദരനാക്കി അദ്ദേഹം ക്രിസ്തീയക്ഷമയുടെ ഒളിമങ്ങാത്ത പ്രകാശഗോപുരമായി. പ്രിയപ്പെട്ടവരെ, ഈ സുകൃത ജന്മങ്ങളെ ഉദാത്ത മാതൃകകളാക്കി ക്രിസ്തീയ ക്ഷമയുടെ പാതപിൻചെല്ലാൻ ഈ തിരുവചനം നമ്മെ ബലപ്പെടുത്തട്ടെ. ലൂക്കാ. 23 : 24

'പിതാവെ, അവരോട് ക്ഷമിക്കണമെ, അവർ ചെയ്യുന്നതെന്തെന്ന് അവരറിയുന്നില്ല'.. ലൂക്കാ. 23 : 34. മരിയാഗൊരെത്തിയുടെ ഘാതകൻ അലക്സാണ്ടറിനെപ്പോലെയോ, റാണിമരിയയുടെ ഘാതകൻ സാമന്ദർ സിംഗിനെപ്പോലെയോ മാനസാന്തരപ്പെട്ടാരു വിശുദ്ധജീവിതം നയിക്കാൻ നീ ആഗ്രഹിക്കുന്നുവോ?... പ്രതികാരത്തിന്റെ കല്ല് ഹൃദയകവാടത്തിൽ നിന്ന് മാറ്റുക തന്നെ വേണം. എന്നാലും, എന്നോട്, ഇങ്ങനെ, എന്നീ വാക്കുകളെ വിഷയാധിഷ്ഠിതമായി വ്യാഖ്യാനിച്ചാൽ അവ പിശാചിന്റേതാണ് എന്ന് മനസ്സിലാക്കാനാവും. ക്ഷമിക്കാനായി മനുഷ്യർ മനസൊരുക്കുമ്പോൾ അവന്റെയുള്ളിലെ

ആന്തരിക മുറിവുകളിൽ നിറഞ്ഞ സാന്നിധ്യമായി നിലകൊള്ളുന്ന പിശാച് ആവർത്തിച്ചാവർത്തിച്ച് അവനെ അവസ്ഥനാക്കി പീഢിപ്പിക്കും. എന്നാലും, എന്നോട് ഇങ്ങനെ ചെയ്തല്ലോ എന്ന്. ഈ വാക്കു കളുടെ പിന്നിൽ മറഞ്ഞിരിക്കുന്ന പിശാചിന്റെ കെണി തിരിച്ചറിഞ്ഞ് അതിൽചവിട്ടാതെ മുറിച്ച് കടന്ന് മുന്നോട്ട് പോകുമ്പോഴാണ് ദൈവത്തിന്റെ അനുഗ്രഹം ഷെക്കിന കണക്കെ മേഘത്തൂണായി നമ്മുടെ നിറുകയിൽ നിലകൊള്ളുക. പ്രിയപ്പെട്ട വരെ മനാസെ എന്ന ഈ മൂന്നാമത്തെ എപ്പിസോ ഡിൽ ക്രിസ്തീയ ക്ഷമയെന്ന വിഷയത്തെക്കുറിച്ച് നാം പ്രാർത്ഥനാപൂർവ്വം ധ്യാനിക്കുകയായിരുന്നു. എന്താണ് ക്ഷമയെന്ന് ഒന്നാം ഭാഗത്തും എന്തിനു വേണ്ടിയാണ് ക്ഷമിക്കുന്നത് എന്ന് രണ്ടാംഭാഗത്തും നാം കണ്ടു. ക്ഷമയുടെ ഫലങ്ങൾ രോഗശാന്തിയും, മനസമാധനാവും ആരോഗ്യവും വിശുദ്ധിയും എല്ലാ ത്തിലുമുപരി ആത്മരക്ഷയുമാണെന്ന് നാം തിരിച്ചറി യണം. മനാസെ എന്നാൽ സർവ്വം മറക്കലാണെന്ന് മനസിലാക്കിയ നാം മൂന്നാം ഭാഗത്ത് ദൈവിക ക്ഷമ യുടെ മാതൃക വിശകലനം വിധേയമാക്കി. രമ്യതപ്പെ ടാൻ മുൻ കൈയെടുത്ത് ദൈവമാണെന്നും മനുഷ്യ നെക്കൊണ്ട് പരിഹാരം ചെയ്യിക്കാതെ പാപത്തിന്റെ ശിക്ഷ സ്വയമേറ്റെടുത്ത് കൊണ്ട് ദൈവീകനീതിയും രക്തം ചിന്തി മരിച്ചതിലൂടെ പാപങ്ങൾ ക്ഷമിച്ചു

കൊണ്ട് ദൈവീക കാരുണ്യവും കുരിശുമരണത്തി ലൂടെ ഒരേ സമയം ദൈവം പ്രകടമാക്കി എന്ന് നാം മനസിലാക്കി. ഇനിയും പൂർണ്ണമായും അനുഗ്രഹിക്ക പ്പെടണമെങ്കിൽ നാം വേദനിപ്പച്ചവരോട് ക്ഷമചോദി ക്കണമെന്നും നാം കണ്ടതാണ്. എല്ലാറ്റിനുമൊടു വിൽ നാലാംഭാഗത്ത് പ്രതികാരം പൈശാചിക ഭാവ മാണെന്നും ജീവിതാന്ത്യമോർത്തെങ്കിലും ശത്രുത അവസാനിപ്പിക്കണമെന്നും നാം തിരിച്ചറിഞ്ഞു. പ്രിയപ്പെട്ടവരെ, നീരസം, കോപം, വെറുപ്പ്, വിദ്വേ ഷം, വൈരാഗ്യം, പ്രതികാരചിന്ത ഇവ എന്നേക്കു മായി അവസാനിപ്പിച്ച് ദൈവം പരിശുദ്ധാത്മാവി ലൂടെ യേശുക്രിസ്തുവഴി നമുക്ക് വച്ചുനീട്ടുന്ന രമ്യ തയുടെ അനുഗ്രഹിക്കപ്പെട്ട ഒരു വിശുദ്ധജീവിതം നയിക്കാനുള്ള കൃപയ്ക്കായി ഒരു നിമിഷം ഒന്നു ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം.

## <u>പ്രാർത്ഥന</u>

കാരുണ്യവാനായ സ്വർഗ്ഗീയ പിതാവേ, ഞങ്ങള ങ്ങയെ സ്തുതിക്കുന്നു. പിതാവിന്റെ കാരുണ്യം കുരിശിൽക്കിടന്ന് ഞങ്ങൾക്ക് പകർന്നുനൽകിയ പുത്രനായ ദൈവമേ, ഞങ്ങളങ്ങയെ ആരാധിക്കു ന്നു. ദൈവകാരുണ്യം അതിന്റെ പൂർണ്ണമായ

അർത്ഥത്തിൽ തിരിച്ചറിയുവാൻ ഞങ്ങളെ സഹായിച്ച പരി. ആത്മാവേ.. ഞങ്ങളങ്ങേയ്ക്ക് നന്ദിപറയുന്നു. അങ്ങയുടെ കണക്കുവയ്ക്കൽ അനുപതിക്കുന്നതുവരെയാണെന്നും, അങ്ങയുടെ പ്രതികാരം കരുണകാട്ടലാണെന്നും അങ്ങ് ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നു. ത്രീത്വൈക ദൈവമേ നന്ദി. വെറുമൊരു കപ്പ് പായസത്തിനുവേണ്ടി ജ്യേഷ്ഠസ്ഥാനം നഷ്ടപ്പെടുത്തിയ യേസാവിനെപ്പോലെ കേവലമൊരു ദൂതായിപ്പഴത്തിനുവേണ്ടി ഭർത്താവിനെ കൈവിട്ട റാഹേലിനെപ്പോലെ, നിസ്സാരമായൊരു നീരസത്തിനുവേണ്ടി ദൈവത്തെയും ദൈവരാജ്യത്തെയും കൈവിട്ടതോർത്ത് ഞങ്ങൾ മാപ്പുചോദിക്കുന്നു. ആർക്കൊക്കെയോ വേണ്ടി എന്തൊക്കെയോ നേടാനും ഉള്ളിൽ പതഞ്ഞുപൊങ്ങിയ പ്രതികാരത്തെ ശമിപ്പിക്കാനും മാത്രമായി ഞങ്ങൾചെയ്ത ദുഷ്പ്രവൃത്തികൾ ഓർക്കുമ്പോൾ ഞങ്ങൾ വേദനിക്കുന്നു നാഥാ.. കരുണയാകണെ ! ശത്രുവിനോട് ക്ഷമിക്കണമെന്നും അവനെ അനുഗ്രഹിക്കണമെന്നും ആവശ്യമെങ്കിൽ അവനു ഭക്ഷണവും ദാഹജലവും കൊടുക്കണമെന്നും അങ്ങയുടെ വാക്കുകൾ ഞങ്ങളറിഞ്ഞിട്ടും അവഗണിച്ചു... കരുണയാകണമെ... അങ്ങയുടെ മരണത്തിനുശേഷവും ചങ്കുപിളർന്ന് ലൊങ്കിനോസിന് കാഴ്ച കൊടുത്തുകൊണ്ട് കുരിശിൽകിടന്ന് അങ്ങ് മൗനമായി ഞങ്ങളോട് പറ

ഞ്ഞത് ശവത്തിൽ കുത്തുന്നവർക്കുപോലും നന്മ യൊഴുക്കണമെന്നാണല്ലോ... ഞങ്ങളുടെ ഉള്ളിലെ കരുണയും സ്നേഹവും ഉരച്ചുനോക്കാനുള്ള ഉരക ല്ലുകളാണ് ഞങ്ങളെ ദ്രോഹിച്ചവർ എന്ന് ഞങ്ങളറി യാതെ പോയി... ഒപ്പം, സഹജീവികളോട് ക്ഷമി ക്കായി മുറിയുമ്പോഴാണ്, മുറിയപ്പെടുമ്പോഴാണ്, രക്ഷയുടെ വാതിൽ ഞങ്ങൾക്കായ് തുറക്കപ്പെടുക എന്ന് ഇപ്പോൾ ഞങ്ങളറിയുന്നു. നിന്റെ സഹോദ രൻ ആബേലെവിടെ? എന്ന ചോദ്യം ഞങ്ങളെ ഉല ക്കുന്നു. ഞാനെന്റെ സഹോദരന്റെ കാവൽക്കാ രനൊ എന്ന മറുചോദ്യം ചോദിച്ച് രക്ഷപ്പെടാനാവി ല്ലെന്ന് ഞാൻ മനസിലാക്കുന്നു. വെറുപ്പിന്റെ ചുടു കാറ്റടിച്ച് വാടിപ്പോയ ജീവിതങ്ങളായിരിക്കുന്നു ഞങ്ങളുടെത്.കോപത്തെ സൂര്യാസ്തമയം വരെ നീട്ടികൊണ്ടുപോയി നീതിസൂര്യനായ അങ്ങ് ഞങ്ങ ളിൽ അസ്തമിക്കുവോളം ഞങ്ങളതിനെ വളർത്തി വലുതാക്കി: മുറിക്കരുതേ... തീയിലിട്ട് ചുട്ടെരിക്കരു തേ... ഒരവസരം കൂടി നീട്ടിത്തന്ന് ചുവട് കിളച്ച് വള മിട്ട് ഞങ്ങളെ വളരാൻ അനുവദിക്കണമെ... ബലപ്ര യോഗത്തിന് വിധേയമായ ദൈവരാജ്യം ക്ഷമിച്ച് സ്വന്തമാക്കാൻ ബലപ്പെടുത്തണമെ എന്ന് പ്രാർത്ഥി ക്കുന്നു!!.... അങ്ങയെ കൂടാതെ ഞങ്ങൾക്കൊന്നും ചെയ്യുവാൻ ശക്തിയില്ല. ദയയുള്ളതും, അസൂയപ്പെ ടാത്തതും, അഹങ്കരിക്കാത്തതും, കോപിക്കാത്തതും,

വിദ്വോഷം വച്ചു പുലർത്താത്തതും സകലതും സഹി ക്കുന്നതും, സകലത്തെയും അതിജീവിക്കുന്നതും, ഒരിക്കലും അവസാനിക്കാത്തതും, സർവ്വോത്ക്യഷ്ട വുമായ സ്നേഹത്തിൽ വേരുപാകി അടിയുറച്ചു വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സെഹിയോൻ മാളികയിൽ പ്രിയപുത്രന്റെ ശിഷ്യ ന്മാരെ ‘‘പിടക്കോഴി കുഞ്ഞുങ്ങളെയെന്നപോലെ ചിറകിൻ കീഴെ ചേർത്തു നിർത്തി’’ ക്ഷമയുടെ പാഠ ങ്ങൾ പഠിപ്പിച്ച പരി: അമ്മേ... ശത്രുവിനോട് ക്ഷമി ക്കാനും എല്ലാം മറക്കാനും സർവ്വം പൊറുക്കാനും ശക്തി ലഭിക്കുവാൻ അമ്മ തിരുക്കുമാരനോട് പ്രാർത്ഥിക്കണമെ. വി. യൗസേപ്പിതാവെ... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. അവഗണിച്ചവ രോടും അരുതാത്തത് പ്രവൃത്തിച്ചവരോടും, സർവ്വം സഹിച്ച് ക്ഷമിച്ച് വിശുദ്ധയായ അത്ഫോസാമ്മേ... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ... ഇക്കഴിഞ്ഞ തിരുമണിക്കൂറിൽ ഞങ്ങൽക്കുവേണ്ടി മാധ്യസ്ഥം വഹിച്ച മാലാഖമാരേ... സകല വിശുന്ധരെ...ഞങ്ങൾ നന്ദി പറയുന്നു. സ്വർഗവാസികളോട് മുഴുവനും ചേർന്ന് ശിരസു നമിച്ച് നമുക്കൊന്നു ചേർന്ന് ആരാ ധിക്കാം... പരി: പരമ...

## സമർപ്പണം

പ്രിയ സഹോദരങ്ങളെ വചനപ്രവചനപ്രഘോഷണ പരമ്പരയിലെ മൂന്നാമത്തെ എപ്പിസോഡ് മനസ്സെ/ക്രിസ്തീയ ക്ഷമ ഇവിടെ പൂർണ്ണമാകുമ്പോൾ ഈ തിരുവചന സന്ദേശം നിങ്ങൾക്കോരോരുത്തർക്കും വേണ്ടി ദൈവതിരുമുമ്പിൽ ഞാൻ സമർപ്പിക്കുകയാണ്. ഇനിയും തികച്ചും വ്യത്യസ്തങ്ങളായ 17 തിരുവചന പ്രഘോഷണങ്ങളാണ് നിങ്ങളെ കാത്തിരിക്കുന്നത്. അവ അഭിഷേകത്തോടെ അവതരിപ്പിക്കുവാൻ നിങ്ങളെനിക്കുവേണ്ടി പ്രാർത്ഥിക്കണം.ഇതുവരെയുള്ള ഓരോരുത്തരുടെയും സഹകരണത്തിനും വിലയേറിയ പ്രാർത്ഥനക്കും ഞാൻ നന്ദി പറയുകയും തുടർന്നും അവ പ്രതീക്ഷിക്കുകയും ചെയ്യുന്നു. വചന പ്രഭയുടെ പ്രകാശിതമായ മൂന്ന് വചന പ്രഘോഷണങ്ങൾളും, ‘നൊമ്പരം’, ‘അഗാപ്പെ’, ‘മനാസ്സെ’ ഇവ ശ്രവിച്ച നിങ്ങൾക്ക് അവ നന്മക്ക് കാരണമായെങ്കിൽ നിങ്ങളുടെ പ്രിയപ്പെട്ടവരുമായി ഇത് പങ്കുവക്കണമെന്നും ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. പുതുക്കിയ WWW.Vachana prabha.org വെബ്സൈറ്റ് ലോകമെമ്പാടുമുള്ള അനേകർ അനുഗ്രഹവും ആശ്വാസവും കണ്ടെത്തുന്നു എന്നറിയുന്നതിൽ

എനിക്കേറെ സന്തോഷമുണ്ട്. അനേകരുടെ സമാധാനത്തിനും ആത്മരക്ഷക്കും ദൈവമഹത്വത്തിനും ഇതിടയാക്കട്ടെ. എല്ലാത്തിനും ഹൃദയത്തിൽനിന്നുയിൽ കൊള്ളുന്ന നന്ദി സവിനയം പ്രകാശിപ്പിച്ചുകൊണ്ട് പ്രിയപ്പെട്ട എല്ലാ മേലധികാരികളെയും നന്ദി പൂർവ്വം സ്മരിച്ചുകൊണ്ട്, ദൈവസമക്ഷം സകലരെയും സമർപ്പിച്ചുകൊണ്ട്, നല്ല ദൈവം ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, ഈശോയിൽ നിങ്ങളുടെ സഹോദരൻ ജോസ് നടയ്ക്കൽ...

അനുഗ്രഹിക്കപ്പെട്ട മൂന്ന് വചനപ്രഘോഷണങ്ങൾക്ക് ശേഷം നാലാമതായി നിങ്ങളെ കാത്തിരിക്കുന്നത്, പറുദീസ/ ക്രിസ്തീയ കുടുംബജീവിതം എന്ന എപ്പിസോഡാണ്.

## മനാസ്സെ

കരകവിഞ്ഞൊഴുകുന്ന കാണ്ണ്യത്തിന്റെ, ക്ഷമയുടെ കാണാപ്പുറങ്ങളെ, വിശുദ്ധ ഗ്രന്ഥത്തെ വലംവച്ചൊരു വിശകലനം... വെറുപ്പിന്റെ മരുഭൂമിയിൽ ചുട്ടുപൊള്ളിയ ജീവിതങ്ങൾ... ഒപ്പം ക്രിസ്തീയക്ഷമയുടെ മഴയിൽ കുതിർന്ന മിഴിനിറക്കുന്ന അനുഭവങ്ങളും... ഇവയുടെ മേൽ ഈശ്വര ചൈതന്യത്തിന്റെ കൈയ്യൊപ്പുകൂടിയാ

കുമ്പോൾ 'മനാസ്സെ' (ക്രിസ്തീയക്ഷമ) അനുഗ്രഹ ത്തിന്റെ അനുഭവമാകുന്നു അനുവാചകർക്ക്. വേറിട്ട അവതരണശൈലി... ഒരു പുത്തൻ ജീവിതദർശനം... തിരുവചനത്തിന്റെ തൂവൽസ്പർശ്ശം!! രോഗികൾക്ക് സൗഖ്യാനുഭവം...!!! 'മനാസ്സെ'. ''ക്രിസ്തീയ ക്ഷമയുടെ മൂല്യം എത്രയുണ്ടെന്ന് ഈ എപ്പിസോഡ് വായിക്കുന്ന വർക്കു മനസ്സിലാകുമെന്നും, സ്വന്തം ജീവിതത്തിലും, കണ്ട് മുട്ടിയവരുടെ ജീവിതത്തിലും ക്ഷമ വരുത്തിയ മാറ്റത്തെക്കുറിച്ച് ശ്രീ. ജോസ് നടയ്ക്കൽ മനോഹര മായി ഇതിൽ പങ്കുവയ്ക്കുന്നുണ്ട്.'' എന്ന അഭി. റെമീ ജിനോസ് ഇഞ്ചനാനിയിൽ പിതാവിന്റെ വാക്കുകൾ ഈ എപ്പിസോഡിന്റെ തിളക്കം വർദ്ധിപ്പിച്ച് 'മനാസ്സെ'യുടെ ഉള്ളടക്കത്തെ വ്യക്തമാക്കുന്നു. ജാതിമതഭേദമെന്നിയെ എല്ലാവർക്കും ഒരമൂല്ല്യ നിധിയാണീ ഗ്രന്ഥം... ഓരോ കുടുംബത്തിനും അനുഗ്രഹത്തിലേക്കുള്ള വചനവഴി യും...!!! ഉള്ളടക്കമാകട്ടെ- നിത്യ ജീവിതത്തിലേക്കുള്ള സ്ഥിരനിക്ഷേപവും... ഫിക്സഡ് ഡിപ്പോസിറ്റ്...!!!

## About Jose Nadackal (Last Cover page)

കേരളത്തിലെ കോഴിക്കോട് ജില്ലയിൽ പുല്ലൂരാംപാ റയിൽ താമസിക്കുന്ന ശ്രീ. ജോസ് നടയ്ക്കൽ കഴിഞ്ഞ ഇരുപത് വർഷങ്ങളായി നവീകരണസംഗത്തു പ്രവർത്തിക്കുന്ന ഒരു മുഴുവൻ സമയ സുവിശേഷ

പ്രവർത്തകനാണ്. താമരശ്ശേരി രൂപതയുടെ നവീകരണകേന്ദ്രമായ പുല്ലൂരാംപാറ ബെഥാനിയ റിന്യുവൽ സെന്ററിലും, കേരളത്തിലെ വിവിധ കരിസ്മാറ്റിക്ക് നവീകരണ കേന്ദ്രങ്ങളിലും വചന പ്രഘോഷകനായും സ്പിരിച്ച്വൽ കൗൺസിലറായും അദ്ദേഹം ശിശ്രൂഷ ചെയ്യുന്നു. കൂടാതെ www.vachanaprabha.org എന്ന Website വഴിയും CD-കൾ, E-book-കൾതുടങ്ങിയവയിലൂടെ അനുദിനം അനേകരോട് സുവിശേഷം പങ്കുവയ്ക്കുന്നു. വചനപ്രഭയിലൂടെ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ 3 എപ്പിസോഡുകളാണ്

1. നൊമ്പരം (സഹിക്കുന്നവർക്കൊരു സദ്വാർത്ത)
2. അഗാപ്പെ (ദൈവസ്നേഹപാരമ്യം...!!!)
3. മനാസ്സെ (ക്രിസ്ത്രീയക്ഷമ) എന്നിവ.

മാതാപിതാക്കൾ- പരേതനായ നടയ്ക്കൽ ജോസഫ്, മേരി ദമ്പതികൾ.

ഭാര്യ- സോളി, മക്കൾ- ജോമോൻ, ഷാരോൺ, ഷാർളറ്റ്-സ്നേഹ, ദിവ്യ.

## My Address

Joseph .N.J.

Nadackal House,  Pulloorampara
(p.o)
Thiruvambady,  Kozhikode (dt.)
Kerala. South India.  pin.673603.

phone: Resi:04952276800.
Mob  :  0091 9745919328

E-mail:  vachanaprabha@gmail.com
website: www. vachanaprabha.org.